ജീവദീപ്തി

jeevadeepthi@gmail.com

April 2024 Book 04 Volume 14



വീണ്ടും ഒരു അവധിക്കാലം
പീലി വിടർത്തുമ്പോൾ...

കർത്തേടം സെന്റ് ജോർജ് ദേവാലയത്തിൽ
ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ ഗീവർഗീസിന്റെ

175-ാ മത്

ദർശന തിരുനാളും

ശതോത്തര പ്ലാറ്റിനം ജൂബിലി സമാപനവും

2024 ഏപ്രിൽ 22 മുതൽ 28 വരെ

ഏപ്രിൽ 14 ഞായർ 3.pm തിരുസ്വരൂപ പ്രയാണം
കർമലീത്ത സന്യാസ വൈദീകർ നയിക്കുന്ന
പരമ്പരാഗത മിഷൻ ധ്യാനം
ഏപ്രിൽ 14 മുതൽ 20 വരെ 5 pm to 9 pm



തിരുനാൾ തിരുക്കർമങ്ങൾ

ഏപ്രിൽ 22 തിങ്കൾ 5.30 pm
കൊടികയറ്റം, ദിവ്യബലി
മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)
7.00 pm കലാസന്ധ്യ - 1, 2, 3 ബ്ലോക്കുകൾ

ഏപ്രിൽ 23 ചൊവ്വ ഇടവക ദിനം
സമർപ്പിത സംഗമം
5.30 pm : ദിവ്യബലി,
മുഖ്യകാർമ്മികൻ: റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി
(ബിഷപ്പ് എമരിത്തൂസ്, കോട്ടപ്പുറം രൂപത)
7.00 pm പൊതുസമ്മേളനം , മ്യൂസിക് നൈറ്റ്

ഏപ്രിൽ 24 ബുധൻ 5.30 pm
ദിവ്യബലി - മുൻ സഹവികാരിമാർ
7.00 pm കലാസന്ധ്യ - 4, 5, 6 ബ്ലോക്കുകൾ

ഏപ്രിൽ 25 വ്യാഴം രാവിലെ 6.30 ന്
ഇലക്കോർ വാഴ്ച, ദിവ്യബലി
5.30 pm ദിവ്യബലി - മുൻ വികാരിമാർ
7.00 pm കലാസന്ധ്യ - 7, 8, 9 ബ്ലോക്കുകൾ

ഏപ്രിൽ 26 വെള്ളി 05.15 pm ന്
പ്രസുദേന്തി വാഴ്ച, ദിവ്യബലി (ലത്തീൻ ഭാഷയിൽ)
മുഖ്യ കാർമ്മികൻ:
റവ. ഫാ. ക്ലോഡിൻ ബിവേര
7.00 pm കലാസന്ധ്യ - 10, 11 ബ്ലോക്കുകൾ

ഏപ്രിൽ 27 ശനി 5.15 pm
രൂപം എഴുന്നള്ളിപ്പ്, ദിവ്യബലി, പ്രദക്ഷിണം
മുഖ്യകാർമ്മികൻ: റവ. ഫാ.ആന്റണി ബിബു കാടംപറമ്പിൽ
7.30 pm മെഗാ ഷോ (വോയ്സ് ഓഫ് കൊച്ചിൻ)

ഏപ്രിൽ 28 ഞായർ രാവിലെ 6.30 ന് ദിവ്യബലി
വൈകീട്ട് 5.00 ന് തിരുനാൾ ദിവ്യബലി, പ്രദക്ഷിണം
മുഖ്യകാർമ്മികൻ:
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
(കോട്ടപ്പുറം രൂപത മെത്രാൻ)





ഫാ. ജെൻസൻ ലിവേര

അവധിക്കാലം വന്നേയ്.....

അവധിക്കാലം വന്നെത്തി. നാടിന്റെ കോലവും ശീലവും മെല്ലാം പാടേ മാറിമറിഞ്ഞ ഈ കാലത്ത് അവധിക്കാലം മാങ്ങയ്ക്ക് കല്ലെറിഞ്ഞും കുട്ടിയും കോലും കളിച്ചും വിനോദവും! വികൃതിയുമായി നാളുകൾ ആഘോഷിക്കുന്ന പഴയ ശീലങ്ങളുടെ കാലമല്ല ഇന്ന്. ഇന്ന് അവധിക്കാലം ടിവിയുടെ മുമ്പിലിരുന്നും, വീഡിയോ ഗെയിം കളിച്ചും, സോഷ്യൽ മീഡിയകളായ ഫെയ്സ് ബുക്കിലും വാട്ട്സ് അപ്പിലും ചാറ്റ് ചെയ്തും ഇൻസ്റ്റഗ്രാമിൽ റീൽസ് ചെയ്തും കണ്ടും തീർക്കുകയാണ്. കൂട്ടുകാരേ ഈ അവധിക്കാലത്ത് നമുക്കൊന്ന് മാറി ചിന്തിച്ചാലോ? വെർച്വൽ വേൾഡിൽ കുടുങ്ങിക്കിടക്കാതെ, ശാരീരികവും മാനസികവും വൈകാരികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് ഉതകുന്ന റിയൽ ഗെയിമുകൾ ഗ്രൗണ്ടിൽ കളിച്ചും, സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിലും ഉല്ലാസകേന്ദ്രങ്ങളിലും പോയും തകർത്ത് ആഘോഷിച്ചാലോ.....

എന്റെ കുട്ടിക്കാലത്ത് ഞങ്ങൾ വീടുകളിൽ പോയി കളിക്കുമായിരുന്നു. കൂട്ടുകാരുമായെല്ലാം വീടുകളിൽ ചെല്ലുക വഴിയായി ആ നാട്ടിലെ വിവിധ കുടുംബങ്ങൾ തമ്മിലുള്ള ബന്ധവും, സ്നേഹവും, സഹകരണവുമൊക്കെ വർദ്ധിപ്പിക്കുന്നു. കളികളിലൂടെ ജീവിതപാഠങ്ങളുടെ പരിശീലനം നമുക്ക് ലഭിക്കുന്നു. ഒരു കളിയിൽ തോൽക്കുമ്പോൾ പരാജയങ്ങളെ നേരിടുവാനുള്ള പാഠമാണ് അവിടെ ലഭിക്കുന്നത്. പിന്നിട്ട ജീവിതത്തിലും വിദ്യാഭ്യാസ രംഗത്തും ജോലിയിലുമൊക്കെ തിരിച്ചടികളും പരാജയങ്ങളുമാകുമ്പോൾ അത് ജീവിതത്തിൽ സ്വാഭാവികമാണെന്ന ബോധ്യം മനസ്സിൽ നിറയാൻ കളികൾ ഏറെ സഹായകമാണ്. ടിംബിൾഡിംഗ്, മറ്റുള്ളവരുമായി ഇടപഴകുവാനുള്ള കഴിവ്, ആശയവിനിമയ ശേഷി, ശാരീരിക മാനസിക ക്ഷമത എന്നിവയെല്ലാം കളികളിലൂടെ ലഭിക്കും.

അവധിക്കാലം സന്ദർശനങ്ങളുടെ കാലം കൂടിയാക്കണം. ബന്ധുക്കളുടെയും സുഹൃത്തുക്കളുമായും വീടുകൾ സന്ദർശിച്ച് സ്നേഹബന്ധങ്ങൾ വളർത്താൻ നമുക്ക് കൂടുതൽ അവസരം നൽകാം. അനാഥാലയങ്ങൾ, ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ സന്ദർശിച്ച് കാരുണ്യത്തിന്റെ പാഠം പഠിപ്പിക്കാം. സുഖത്തിനുമപ്പുറം വേദനകളുടെ കാഴ്ചകൾകൂടി കാട്ടാം. സാധിക്കുന്ന ദിവസങ്ങളിലെല്ലാം പള്ളിയിൽ കുർബാനയ്ക്കു വിടാം. രണ്ടുമാസം ഏതെങ്കിലും കോഴ്സിന് വിട്ട് അവരുടെ അവധിക്കാലത്തെ മുഴുവനായി നശിപ്പിക്കാതെയിരിക്കാം. അതേസമയം ചെറിയ കോഴ്സുകൾ ഉദാഹരണത്തിന് ചിത്രരചന, സ്പോക്കൺ ഇംഗ്ലീഷ്, നൃത്തം, സംഗീതം എന്നിവയ്ക്കായി ദിവസത്തിൽ ഒരു മണിക്കൂറോ, ആഴ്ചയിൽ ഒരു ദിവസമോ മാത്രം സമയം ചെലവാക്കുന്നതിൽ തെറ്റില്ല.

മികച്ച ഹിൽസ്റ്റേഷനിലേക്ക് ഈ ചൂടുകാലത്ത് കുട്ടികളുമായി ടൂർ പോകുന്നത് മാനസികോല്ലാസത്തിന് ഏറെ സഹായകമാണ്. ഒപ്പം ഒന്നോ രണ്ടോ ദിവസത്തെ മോട്ടിവേഷൻ ക്യാമ്പുകൾക്കായി കുട്ടികളെ അയക്കുന്നത് അവരുടെ വ്യക്തിത്വ വികസനത്തിനും കഴിവുകൾ വികസിപ്പിക്കുന്നതിനും സഹായിക്കും.

വായിക്കാനായി മികച്ച പുസ്തകങ്ങൾ കുട്ടികൾക്ക് വാങ്ങിക്കൊടുക്കാം. മഹാന്മാരുടെയും വിശുദ്ധരുടെയും ജീവിതകഥകൾ, പ്രചോദനാത്മകമായ പുസ്തകങ്ങൾ എന്നിവ വായിക്കുന്നതു മൂല്യബോധം ഉറപ്പിച്ചുകൊണ്ട് ജീവിതത്തിലെ ഏതു പ്രതികൂല സാഹചര്യങ്ങളെയും നേരിട്ട് ശരിയായ വഴിയിലൂടെ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ സഹായിക്കുന്നു. ഒപ്പം നല്ല രീതിയിൽ മറ്റുള്ളവരോട് പെരുമാറാനും മികച്ച വ്യക്തിത്വം ആർജ്ജിക്കാനും ഇതു വഴി കഴിയുന്നു.

അതിനാൽ ശാരീരിക, മാനസിക, ബൗദ്ധിക, ആത്മീയ വളർച്ചയിലൂടെ ഈ അവധിക്കാലം ഉല്ലാസകരമാക്കാൻ കുട്ടികളെ സഹായിക്കാം. അത് അവരുടെ ഓർമ്മയിൽ എന്നും നിലനിൽക്കും.

ജീവദീപ്തി
JEEVADEEPTHI

April 2024 Vol 14 Book 04

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
സി. ജെ ആന്റണി

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers


ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജൂലിയറ്റ് ഡാനിയേൽ
ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്
മാനിഷാദ് മട്ടയ്ക്കൽ
സിബി ജോയ്
ബിജോയ് ജോസഫ്

ഓഫീസ്

90720 26577
jeevadeepthi@gmail.com

04





01

അവധിക്കാലം വന്നേയ്.....

അവധിക്കാലം വന്നെത്തി. നാടിന്റെ കോലവും ശീലവുമെല്ലാം പാടേ മാറിമറിഞ്ഞ ഈ കാലത്ത് അവധിക്കാലം മാങ്ങയ്ക്ക് കല്ലെറിഞ്ഞും



വീണ്ടും ഒരു അവധിക്കാലം

നമ്മുടെ ബാല്യകാലസ്മൃതികളിൽ മയിൽപ്പീലിപോലെ തിളങ്ങി നിൽക്കുന്ന ഒന്നാണ് മധ്യവേനൽ



07

മുറ്റത്തെ മാവിൻ ചുവട്ടിൽ

പ്രിൻസിപ്പലിനെ കാണാനാണ് സ്കൂളിലേക്ക് കയറിയത്. സ്കൂൾ വരാന്തയിൽ വച്ച് ഒരു പരിചിതന്റെ കുട്ടിയെ കണ്ടു.





ദൈവകരുണയുടെ ലാവണ്യം

2005 ഏപ്രിൽ മാസം രണ്ടാം തീയതി ശനിയാഴ്ച ദൈവകരുണയുടെ തിരുനാളിന്റെ തലേദിവസം രാത്രി ഒമ്പതരയ്ക്കാ

09

വി. ഗീവർഗ്ഗീസ് 12
ഇന്ത്യയെ ആരു നയിക്കണം?..... 17
അനുഗൃഹീത മിഷണറിമാർ..... 20
ആരോഗ്യം ജീവിതരീതിയാക്കാം..... 21
ഗുരുതരമായ മലിനീകരണം..... 27
സംക്ഷേപ വേദാർത്ഥം..... 30
അപ്രകാരം ഒരു വിവാഹം..... 33
ശതാബ്ദി നിറവിൽ..... 34
ന്യൂസ്..... 35
ബൈബിൾ വിചിന്തനം..... 39

വീണ്ടും ഒരു അവധിക്കാലം പീലി വിടർത്തുമ്പോൾ



സിപ്പി പള്ളിപ്പുറം

നമ്മുടെ ബാല്യകാലസ്മൃതികളിൽ മയിൽപ്പീലിപോലെ തിളങ്ങി നിൽക്കുന്ന ഒന്നാണ് മധ്യവേനൽ അവധിക്കാലം. വിദ്യാലയങ്ങൾ പൂട്ടുന്ന രണ്ടുമാസക്കാലം അന്നത്തെ കുട്ടികൾക്ക് ഒരു



സർഗ്ഗോത്സവക്കാലമായിരുന്നു. ചിലർ അമ്മവീടുകളിൽ വിരുന്നുപോകും. മറ്റുചിലർ വിനോദയാത്രാ കേന്ദ്രങ്ങളിൽ ചുറ്റിക്കറങ്ങും. കുറേപ്പേർ തിരഞ്ഞെടുത്ത പുസ്തകങ്ങൾ ഒന്നൊന്നായി വായിച്ചു തീർക്കും. മറ്റു ചിലർ കഥാരചനയിലും കവിതാരചനയിലും ചിത്രരചനയിലും ഏർപ്പെട്ട് തങ്ങളുടെ പ്രതിഭാവിലാസത്തിന് തിളക്കം കൂട്ടും. വേറെ ചിലർ കൂട്ടുകാരുടെ കഥകളും കവിതകളും കുറിപ്പുകളും ചിത്രരചനകളുമെല്ലാം ശേഖരിച്ച് ആകർഷകമായ കയ്യെഴുത്തുമാസികകൾക്ക് രൂപം നൽകും. ഇതിലൊന്നും പെടാത്ത ചിലർ രസകരങ്ങളായ നാടൻകളികളിൽ ഏർപ്പെട്ട് അവരുടെ സമയം രസപ്രദമാക്കും.

അവധിക്കാലത്ത് നാം വായിക്കേണ്ടതെന്ത്?

വായിച്ചുവളരാനുള്ള ഏറ്റവും നല്ല സന്ദർഭമാണ് അവധിക്കാലം.

'വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചുവളർന്നാൽ
വിളയും വായിക്കാതെ
വളർന്നാൽ വളയും' –

എന്നുള്ള കുഞ്ഞുണ്ണി മാസ്റ്ററുടെ ചൊല്ല് വായനയുടെ പ്രധാന്യം വിളിച്ചറിയിക്കുന്നു. അടിസ്ഥാനപരമായി കുട്ടികൾ വായിച്ചിരിക്കേണ്ട ഏതാനും അമൂല്യ കഥാഗ്രന്ഥങ്ങളുണ്ട്. അവയൊന്നും വായിക്കാതെ നമുക്ക് നേരേ ചൊവ്വേ വളരാൻ കഴിയില്ല.

പഞ്ചതന്ത്രകഥകൾ, ഈസോപ്പുകഥകൾ, കഥാ സരിത് സാഗരം, ജാതകക്കഥകൾ, ആയിരത്തൊന്നു രാവുകൾ, ആൻഡേഴ്സൺ കഥകൾ, ഗ്രിമ്മിന്റെ കഥകൾ, മുല്ലാ നസ്സറുദ്ദീന്റെ കഥകൾ, എന്നിങ്ങനെയുള്ള കൃതികൾ അടിസ്ഥാനപരമായി ഏതൊരു കുട്ടിയും വായിച്ചിരിക്കേണ്ടതാണ്. നല്ല ജീവിതം കെട്ടിപ്പടുക്കാനും ഭാവിയിൽ നല്ല എഴുത്തുകാരാകാനും, നല്ല പ്രസംഗകരാകാനും, നല്ല നേതാക്കളാകാനും, നല്ല മാതൃകാധ്യാപകരാകാനുമൊക്കെ നമ്മെ സഹായിക്കുന്നത് ഇത്തരം വിലപ്പെട്ട ഗ്രന്ഥങ്ങളാണ്.

നാടൻകളികളുടെ പ്രാധാന്യം

കുട്ടികൾ നാടൻ കളികളിലേർപ്പെടണമെന്നും, അത്തരം കളികളെ സ്നേഹിക്കണമെന്നും പറയുമ്പോൾ ഇതൊക്കെ ഇക്കാലത്ത് ആവശ്യമില്ലാത്ത പഴഞ്ചൻ ഏർപ്പാടാണെന്ന് വിമർശിക്കുന്ന പലരും ഇന്ന് സമൂഹത്തിലുണ്ട്. ക്രിക്കറ്റും ടെന്നീസും ഫുട്ബോളും ബാറ്റ്മിന്റനുമൊക്കെ നിലനിൽക്കുന്നതുപോലെതന്നെ പരമ്പരാഗതമായി നമ്മുടെ നാട്ടിൻപുറങ്ങളിൽ നിലനിൽക്കുന്ന കുട്ടിയും കോലും കിളിത്തട്ടുകളി, തലപ്പന്തുകളി, കള്ളനും പോലീസും കളി, ചെകുത്താനും മാലാഖയും, കുളംകര, അട്ടകോട്ടകളി, ഗോട്ടികളി, വട്ടുകളി, ചെമ്പഴുക്കാക്കളി, കശുവണ്ടി കളി, വലയും പുലിയുംകളി, ഒറ്റയും ഇരട്ടയുംകളി, ഒളിച്ചുകളി എന്നിങ്ങനെ എണ്ണമറ്റ നാടൻ വിനോദങ്ങളുണ്ട്. അത്തരം കളികൾ നാമാവശേഷമാകാതിരിക്കണമെങ്കിൽ അവധിക്കാലത്ത് നാം ഇവ താല്പര്യപൂർവ്വം കളിക്കണം.

മറ്റ് അവധിക്കാല ഹോബികൾ

നാടൻകളികൾക്കൊക്കെ പ്രധാന്യം നൽകണമെന്ന് പറയുമ്പോൾ അവധിക്കാലം കളിച്ചു തീർക്കാൻ മാത്രമുള്ളതാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചേക്കും.

പുസ്തകവായനയ്ക്കും നാടൻ കളികൾക്കും പുറമേ സ്റ്റാമ്പുശേഖരണം, പൂന്തോട്ട നിർമ്മാണം, തേനീച്ചവളർത്തൽ, കൗതുക വസ്തുനിർമ്മാണം തുടങ്ങിയ ഹോബികളിലും കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്.

അവധിക്കാലത്ത് കേരളത്തിന്റെ മുക്കിലും

ചിന്താകവിത; കവിതാ ചിന്ത

അന്ത്യചുംബനം

ഒരു പടിഞ്ഞാറൻ നാട്ടിലായിരുന്നു സംഭവം. ബാങ്കർ ജീം കോർബി മരണക്കിടക്കയിലാണ്. അയാൾ അന്ത്യശ്വാസം വലിക്കുകയാണ്. ഭാര്യ മാഗി ചെവിട്ടോർമ്മ ചൊല്ലുന്നു: 'ഈശോ മറിയം യൗസേപ്പേ! ഇടയ്ക്കൊന്നു നിർത്തിയിട്ട് മാഗി ചോദിച്ചു: അവസാനമായി നിങ്ങൾക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ ഡിയർ? എന്തു തന്നെയാണെങ്കിലും പറയൂ; ഞാനതു സാധിച്ചു തരാം.

ജിം മെല്ലെ കണ്ണ് അല്പം തുറന്നു. പെടാപ്പാട് പെട്ട് പറഞ്ഞൊപ്പിച്ചു:

കിച്ചണിൽനിന്ന് നല്ല പ്ലം കേക്കിന്റെ മണം വരുന്നു; ഒരു കൊച്ചു കഷണം–

നോ, നോ ഡിയർ. മാഗി വ്യക്തമായി പറഞ്ഞു: അതു മാത്രം ചോദിക്കരുത്. പിന്നെ, നിങ്ങളുടെ സംസ്കാരം കഴിഞ്ഞ് കൺഡോളൻസ് പറയാൻ ഇവിടെ വരുന്നവർക്ക് ഞാൻ എന്തെടുത്തു കൊടുക്കും?

എന്നാറേ, ജിമ്മിന്റെ ശ്വാസംവലി ദ്രുതതാളത്തിലാവുകയും, വൈകാതെ അത് നിലയ്ക്കുകയുമുണ്ടായി. തദനന്തരം മാഗി, കോർബി ഡിയർ എന്നു വിലപിച്ചുകൊണ്ട് മൃതദേഹത്തിൽ അന്ത്യചുംബനം ഉപചാര പൂർവ്വം അർപ്പിക്കുകയും ചെയ്തു.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

മൂലയിലുമെല്ലാം കുട്ടികൾക്കായി നിരവധി വിലപ്പെട്ട ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പ്രസംഗ പരിശീലനക്കളരികൾ, സാഹിത്യ ശില്പശാലകൾ, കായിക പരിശീലന കാമ്പെയിനുകൾ, തിയേറ്റർ വർക്ക്ഷോപ്പുകൾ, സഹവാസക്യാമ്പുകൾ, നേതൃത്വ പരിശീലന കളരികൾ ഇവയെല്ലാം അക്കൂട്ടത്തിൽപ്പെടും. ഇത്തരം പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നത് കുട്ടികളുടെ സർഗ്ഗവാസനകളെ ഉണർത്താനും നേതൃത്വപാടവം വളർത്താനും നന്നായി സഹായിക്കും. പ്രകൃതി നിരീക്ഷണം, പക്ഷി നിരീക്ഷണം, വാനനിരീക്ഷണം തുടങ്ങിയവ പരിശീലിക്കാൻ എറ്റവും പറ്റിയ അവസരം അവധിക്കാലമാണ്. കുട്ടികളുടെ ശാസ്ത്രീയമായ കാഴ്ചപ്പാടുകളെ കൂടുതലായി പരിപോഷിപ്പിക്കാനും വളർത്തിയെടുക്കാനും ഇതുവഴി സാധിക്കും.

ഓൺലൈൻ കളികളുടെ വസന്തകാലം

പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ ഇതിലൊന്നുമല്ല നമ്മുടെ പുതുതലമുറയിലെ കുട്ടികൾക്ക് താൽപര്യം. പുസ്തകങ്ങളിൽ നിന്നും വായനയിൽനിന്നുമൊക്കെ അവർ ബഹുദൂരം അകന്നുകഴിഞ്ഞു. അനുസരണക്കേടും അച്ചടക്കമില്ലായ്മയും അവരുടെ മുഖമുദ്രയാണ്.

ടി.വി.യിലെ കോപ്രായങ്ങൾക്കു മുന്നിലും മൊബൈൽ കളികൾക്കുള്ളിലും കുടുങ്ങിക്കിടന്ന് നമ്മുടെ കുട്ടികൾ ഇന്ന് ചക്രശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളെ ചതിക്കുഴികളിൽ ചാടിക്കുന്ന ഓൺലൈൻ കളികൾ ഇന്ന് സജീവമാണ്. പബ്ജി, ബ്ലൂ വെയിൽ, ഫ്രീ ഫയർ, സ്നിപ്പർ ഷൂട്ടിങ്ങ് തുടങ്ങിയ ഓൺലൈൻ കളികളിൽ നമ്മുടെ കുട്ടികൾ സദാ സമയവും വ്യാപൃതരാണ്. അതി സാഹസ പ്രവൃത്തികളിലേക്കും ആത്മഹത്യാ മുനമ്പുകളിലേക്കുമാണ് ഈ കളികൾ പാവം കുഞ്ഞുങ്ങളെ വലിച്ചിഴച്ചുകൊണ്ടു പോകുന്നത്. സ്വന്തം ഭാവി നശിപ്പിക്കുക എന്നല്ലാതെ നമ്മുടെ കുട്ടികൾക്ക് ഇത്തരം കളികളിൽനിന്ന് മറ്റൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. അവധിക്കാലമാണ് ഇത്തരം കളികളുടെ വസന്തകാലം.

ലഹരിമരുന്നുകളുടെ പടയോട്ടക്കാലം

ഓൺലൈൻ കളികൾക്കു സമാന്തരമായി കുട്ടികളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന മറ്റൊരു ദുരന്തമാണ് മയക്കുമരുന്നുകളുടെ വ്യാപനം. ആദ്യമാദ്യം ലഹരി മിഠായികളിൽനിന്നും പാൻപരാഗ് പോലുള്ള പാൻമസലാകളിൽനിന്നും ആരംഭിക്കുന്ന ഈ തമാശ മാരകങ്ങളായ ലഹരിമരുന്നുകളുടെ നീരാളിപ്പിടിത്തത്തിലേക്കാണ് അവരെ കൊണ്ടുചെന്നെത്തിക്കുന്നത്. ഹാഷിഷ്, ബ്രൗൺഷുഗർ, ഹെറോയിൻ, കഞ്ചാവ്, എൽഎസ്ഡി, എംഡിഎംഎ തുടങ്ങിയ സകല മയക്കുമരുന്നുകളും ഇന്ന് വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാണ്. അവധിക്കാലത്ത് പലരും സംഘം ചേർന്ന് വിനോദയാത്രകൾ സംഘടിപ്പിച്ച് കാട്ടിലും മേട്ടിലും കടൽത്തീരത്തും തമ്പടിച്ച് ഇത്തരം ലഹരിമരുന്നുകളുടെ ഉത്സവങ്ങൾതന്നെ കൊണ്ടാടാറുണ്ട്. ഇങ്ങനെ വിദ്യാർത്ഥികൾക്കിടയിലുണ്ടാകുന്ന അപകടമരണങ്ങൾക്ക് കയ്യും കണക്കുമില്ല.



മുറ്റത്തെ മാവിൻ ചുവട്ടിൽ





ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

പ്രിൻസിപ്പലിനെ കാണാനാണ് സ്കൂളിലേക്ക് കയറിയത്. സ്കൂൾ വരാന്തയിൽ വച്ച് ഒരു പരിചിതന്റെ കുട്ടിയെ കണ്ടു. പരീക്ഷയുടെ അവസാന ദിനങ്ങളിൽ ഒന്നായിരുന്നു അത്. കുട്ടിയുടെ കൂടെ അവന്റെ പിതാവും ഉണ്ടായിരുന്നു. പരീക്ഷയെല്ലാം കഴിഞ്ഞല്ലോ? സുഖമായല്ലോ? ഇനി അടിച്ചു പൊളിക്കാമല്ലോ? കുട്ടിയുടെ മറുപടി പെട്ടെന്നായിരുന്നു. ഓ എന്തുസുഖം. മമ്മി വീട്ടിൽ വെക്കേഷൻ ക്ലാസ്സിന്റെ ലിസ്റ്റുമായി കാത്തിരിക്കുകയാണ്. ഒരാഴ്ച കഴിയുമ്പോൾ മമ്മി ബുക്ക് ചെയ്തിരിക്കുന്ന ക്ലാസ്സിൽ പോകണം. അവധിയുടെ ഒരു രസംപോലും ഞങ്ങൾക്കില്ല.

കുട്ടി നടന്നകന്നു. ഞാൻ സ്കൂൾ പ്രിൻസിപ്പലിനെ കാണണമെന്ന് പ്യൂണിനെ അറിയിച്ചു.

പ്യൂൺ പറഞ്ഞു: പ്രിൻസിപ്പൽ അർജന്റ് മീറ്റിംഗിലാണ്. കാരണം വെക്കേഷൻ ക്ലാസ്സിന്റെ ടൈംടേബിൾ ശരിയാക്കുകയാണ്. കുറച്ചുനേരം പുറത്ത് കാത്തിരിക്കുക.

ഞാൻ ഓർത്തു. ആ കുട്ടി എന്നോട് പറഞ്ഞതത്രയും ശരിയാണ്. പണ്ട് വലിയ വേനലവധിക്ക് പരീക്ഷ കഴിഞ്ഞാൽ രണ്ടരമാസം അവധിക്കാലം. എന്തൊരു ആനന്ദമായിരുന്നു കുട്ടികൾക്ക്. ബന്ധുക്കളുടെ വീട്ടിൽ പോകുന്നു, കൂട്ടുകാരുമൊത്ത് കളിക്കുന്നു. ഉല്ലാസം..... ഇതെല്ലാം നമ്മുടെ പുതിയ തലമുറയ്ക്ക് അന്യമാവുന്നു. പഴയ തലമുറയ്ക്ക് നല്ല ഓർമ്മകളും.

മധ്യവേനലവധിക്കാലം തുടങ്ങിയാൽ ഇന്റർനെറ്റിലൂടെ അവധിക്കാല ക്യാമ്പുകൾ അന്വേഷിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. കളിച്ചുനടക്കേണ്ട പ്രായത്തിൽ അവധിക്കാലത്ത് കുത്തിയിരുന്ന് പഠിക്കാൻ അല്ലെങ്കിൽ പഠിപ്പിക്കുവാൻ ആവശ്യപ്പെടുന്ന ഒരു സംസ്കാരം രൂപപ്പെട്ടിരിക്കുന്നു.

നമ്മുടെ പഴയകാല കളികളൊക്കെ ഇന്ന് അപ്രത്യക്ഷമായി. മരംകയറാൻ പഠിക്കലും, നീന്തലുമൊക്കെ കുട്ടികൾ ഇന്ന് ആഗ്രഹിക്കുന്നുണ്ട്. കുട്ടിയും കോലും, പമ്പരം കൊത്തൽ, തലപ്പന്ത്, ഗോലി കളി, കള്ളനും പോലീസും, കബടി ഇതൊക്കെ പഴയ തലമുറയുടെ ഭാഗങ്ങളായിരുന്നു. കൂടാതെ



പട്ടംപറപ്പിക്കൽ, ഒളിച്ചുകളി (ആസ്പ കളി) കുത്തിയും കോലും (സാദേമ്പ), കച്ചികളി (രാശികളി), എ.ബി.സി. സേവി കളി അങ്ങനെയങ്ങനെ.... ഈ കളികളൊക്കെ ഇന്ന് കുട്ടികളോട് പറഞ്ഞാൽ മനസ്സിലാകില്ല. കളിക ളുടെ കാര്യം മാത്രമല്ല, മറിച്ച് ജീവിതത്തിന്റെ അനുബന്ധമായ പല ഘടകങ്ങളും ഇന്ന് അന്യമാ യിരിക്കുന്നു. ഉദാഹരണത്തിന് കൊതുമ്പ്, കൊലഞ്ഞി, വെള്ളക്ക, ചൂട്ട്, പൊതുമടൽ, ചിരട്ട ഇവ യെല്ലാം ഒരു കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങളുടെ അവി ഭാജ്യ ഘടകങ്ങളായിരുന്നു. പക്ഷേ ഇന്ന് ഇവയെല്ലാം നമ്മുടെ നാവിൻതുമ്പത്തുനിന്ന് അന്യമായി രിക്കുന്നു.

കുളങ്ങൾ ഇന്ന് അപ്രത്യ ക്ഷം. പകരം ലക്ഷങ്ങൾ ചെലവഴി ക്കുന്ന സിമ്മിംഗ് പൂളുകൾ. അവിടെ പ്രവേശനം സമ്പന്നർക്കു മാത്രം. സൈക്കിൾ ചവിട്ടൽ പഠനം അവധിക്കാലത്തെ മറ്റൊരു പ്രധാന പരിപാടിയായിരുന്നു. നാട്ടിൻപുറങ്ങളിലെ കുട്ടികളുടെ കൂട്ടായ്മ ഇന്ന് തീരെ കാണു ന്നില്ല.

എന്റെ ഓർമ്മയിൽ ദീപ്തമായ ഒരനുഭവമുണ്ട്. എന്റെ കൂട്ടുകാരിൽ ചിലർ ഹൈന്ദവ സഹോദരങ്ങളായിരുന്നു. ഓണം വരുമ്പോൾ ഓണസദ്യ അവരുടെ വീട്ടിൽചെന്ന് ഉണ്ണണമായിരുന്നു. അതിന് സ്നേഹത്തിന്റെയും കരു തലിന്റെയും തലമുണ്ടായിരുന്നു. അതുപോലെ ക്രിസ്മസ്സിന് അവർ എന്റെ വീട്ടിലും വരുമായിരുന്നു. ആ ഒരു കൂട്ടായ്മയും സൗഹൃദവു മൊക്കെ നിറംപിടിച്ച ഓർമ്മക ളാണ് മനസ്സിലെന്നും. അതൊക്കെ ജീവിതത്തിന്റെ വളർച്ചയിലും സ്വഭാവരൂപീകരണത്തിലും വളരെ യധികം പങ്കുവഹിച്ചിട്ടുമുണ്ട്. ഇന്ന് ഓണത്തിന് പൂക്കൊട്ടയുമായി പൂക്കൾ തേടുന്ന കാഴ്ചകൾ വിസ്മൃതമായി. ഊഞ്ഞാൽ ആടാൻ മരങ്ങൾ കാണുന്നില്ല. ഏതെങ്കിലും വീടുകളുടെ വരാന്ത യിലോ, മുറ്റത്തോ കൂട്ടംകൂടി നാടകം കളിച്ചിരുന്ന കാലവും മാഞ്ഞുപോയി. അതൊക്കെ ജീവി തത്തിന്റെ വളർച്ചയിൽ ഇളംതലമു റയ്ക്ക് നല്കുന്ന സാംസ്കാരിക അറിവുകളായിരുന്നു. കുട്ടികൾ സ്വാതന്ത്ര്യത്തോടെ കളിച്ചും കൂട്ടു കൂടിയും, തല്ലുകൂടിയും പിണങ്ങി യുമൊക്കെ വളരണമെങ്കിൽ അവ ധിക്കാലത്ത് അവർക്ക് അന്യമായ തൊക്കെ തിരിച്ചുവരുവാനുള്ള സാഹചര്യം ഒരുക്കപ്പെടണം. കളിച്ചു വളരട്ടെ ഈ തലമുറ. അവ രാണ് നമ്മുടെ സമൂഹത്തിന്റെ വഴി കാട്ടികൾ.

പക്ഷേ, ഇന്ന് നമ്മുടെ കുട്ടികൾ ഇഷ്ടപ്പെടുന്നത് ഡിജി റ്റൽ ഗെയിമുകളാണ്. 2 വയസ്സ് പ്രായമുള്ള കുട്ടിയുടെ കൈയിൽപോലും മൊബൈലിൽ വിവിധ ഗെയിമുകൾ ഭദ്രമാണ്. പല മാതാപിതാക്കളും ഇന്ന് ഓർത്ത് അഭിമാനിക്കുന്നുമുണ്ട്. ചെറുപ്രായ ത്തിലേതന്നെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് വിള്ളൽ വീഴ്ത്തുന്ന, അവരിൽ അക്രമവാ സന ഉയർത്തുന്ന ഇത്തരം ഗെയിമു കളിൽനിന്ന് കുട്ടികളെ അകറ്റി നിർത്തുവാൻ നാം എന്ത് മുൻകരു തലാണ് എടുക്കുന്നത്. പ്രശ്നം ഇവിടംകൊണ്ടും തീരുന്നില്ല. നിസ്സംഗരായ ഉൾവലിയുന്ന, ഉന്മേ ഷമില്ലാത്ത കുട്ടികളായി നമ്മുടെ തലമുറ വളർന്നു വരുന്നത് നാം കാണുന്നു. ചെറുപ്രായത്തിലേ തന്നെ മറ്റുള്ളവരിൽനിന്നും ഒഴി ഞ്ഞുമാറി സ്വന്തം ലോകം സൃഷ്ടിച്ച് ചില ആസ്വാദനങ്ങളി ലേക്ക് മണിക്കൂറുകൾ ചെലവഴി ക്കുന്ന കുട്ടികൾ മാതാപിതാ ക്കൾക്ക് ഭീഷണിയായി മാറുന്നു. നാളെ മുതിർന്ന് ഒരു ജോലി കിട്ടി ക്കഴിയുമ്പോൾ കൂടെയുള്ളവരെ ഉൾക്കൊള്ളുവാൻ, അവരോട് സഹ കരിക്കുവാൻ സാധിച്ചില്ല എങ്കിൽ അവർക്ക് നല്കുന്ന വിദ്യാഭ്യാസ ത്തിന് എന്തർത്ഥം? ആയതിനാൽ ജാഗ്രതയോടും നമ്മുടെ പഴയകാല സാംസ്കാരിക തനിമയോടും കൂടെ മുന്നേറുവാൻ കുഞ്ഞു ങ്ങൾക്ക് മാർഗ്ഗദീപമാകുവാൻ ശ്രമി ക്കാം.

ഇത് എഴുതിക്കൊണ്ടിരി ക്കുമ്പോൾ റേഡിയോയിൽ നാം ഒരുപാട് ഇഷ്ടപ്പെടുന്ന ഒരു ഗാനം ഞാൻ കേൾക്കുന്നു. സുന്ദരമായ ഗാനം ഇതാണ്:

"ഓർമ്മകൾ ഓടിക്കളിക്കു വാൻ എത്തുന്ന
മുറ്റത്തെ ചക്കര മാവിൻ ചുവട്ടിൽ
മുറ്റത്തെ ചക്കര മാവിൻ ചുവട്ടിൽ...."


ഒരു മുറ്റവും മാവും, മാങ്ങയും കൂട്ടുകാരും വിവിധ കളി കളും എത്രയോ സുന്ദരം! അവയി ലേക്കുള്ള നമ്മുടെ കുഞ്ഞുങ്ങ ളുടെ ദൂരം കുറയാനിടവരട്ടെ....

ഈയിടെ വായിച്ചൊരു കവിതയുടെ ഏതാനും വരികൾ കുറിച്ച്, കുറിപ്പ് അവസാനിപ്പി ക്കുന്നു.

"പുലർക്കാലം, നട്ടുച്ച, വൈകുന്നേരം, സന്ധ്യ... രാത്രി. ഏതാണ് നിനക്കിഷ്ടം?
പുലർക്കാലം. അവൾ ഉത്തരം നല്കി."

പുതിയൊരു വെളിച്ചത്തി ലേക്കും ശക്തിയിലേക്കും നമ്മുടെ കുട്ടികൾ വളരട്ടെ.

ദൈവകരുണയുടെ ലാവണ്യം





ഡോ. മാർട്ടിൻ എൻ. ആന്റണി O.de M

2005 ഏപ്രിൽ മാസം രണ്ടാം തീയതി ശനിയാഴ്ച ദൈവകരുണയുടെ തിരുനാളിന്റെ തലേദിവസം രാത്രി ഒമ്പതരയ്ക്കാണ് ജോൺപോൾ രണ്ടാമൻ പാപ്പ മരിക്കുന്നത്. ദൈവകരുണയോടും ആ ഭക്തിയുടെ പ്രചാരകയായ തന്റെ നാട്ടുകാരി വിശുദ്ധ ഫൗസ്റ്റീന കൊവാൽസ്കയോടും അഗാധമായ ഭക്തിയുള്ള ആളായിരുന്നു പാപ്പ. ആ ഭക്തിയിൽ നിന്നാണ് ദൈവകരുണയെക്കുറിച്ച് 1980-ൽ Dives in Misericordia എന്ന ചാക്രിക ലേഖനം അദ്ദേഹം പുറപ്പെടുവിച്ചത്. മാത്രമല്ല

ആ കരുണയുടെ കരങ്ങളിലേക്കാണ് പാപ്പ കത്തോലിക്കാ സഭയെ അന്ന് സമർപ്പിച്ചതും. ദൈവകരുണയും ജോൺ പോൾ പാപ്പയുടെ ജീവിതവും തമ്മിൽ ഇഴചേർന്ന് കിടക്കുകയാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ വിശകലനം ചെയ്താൽ ആ കരുണയുടെ ഇടപെടൽ വ്യക്തമായി കാണാൻ സാധിക്കും.

കരുണ എന്ന പുണ്യം

ഒത്തിരിയേറെ അർത്ഥങ്ങളും അർത്ഥതലങ്ങളും സമ്മാനിച്ചിട്ടുള്ള ഒരു സങ്കല്പമാണ് കരുണ. പുരാതന ഗ്രീക്ക് ചിന്തകളിൽ കരുണ ഒരു അടിസ്ഥാന പുണ്യം അല്ല. ഒരു വികാരം മാത്രമാണ്. ആത്മാവിനെ ബാധിക്കുന്ന ഒരു രോഗം എന്നാണ് സ്റ്റോയിക് ചിന്തകർ അതിനെ വിശേഷിപ്പിച്ചിരുന്നത്. അസമത്വങ്ങൾ തമ്മിലുള്ള ബന്ധമായിട്ടാണ് കരുണ എന്ന ആശയത്തെ പലരും മനസ്സിലാക്കിയിട്ടുള്ളത്. നൽകുന്നവനും സ്വീകരിക്കുന്നവനും തമ്മിലുള്ള അസമത്വ തലമാണത്. കരുണ സ്വീകരിക്കു ന്നവൻ നിന്ദിക്കപ്പെടുകയാണ് എന്ന ധ്വനിയാണ് ഇവിടെ വിവക്ഷിതമാകുന്നത്. ഈ കാഴ്ചപ്പാടിൽ കരുണ സഹതാപമാണ്. സഹതാപം കരുണയല്ല, അതിന്റെ മുന്നോടി മാത്രമാണ്. സഹതാപം മനുഷ്യാന്തസ്സിനെ ഉയർത്തില്ല. ഹനിക്കുക മാത്രമേ ചെയ്യൂ. ഫെഡറിക് നീഷേയുടെ ചിന്തയിൽ സഹതാപവും കരുണയും ഒരേ തലത്തിലാണ് നിൽക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹം ക്രിസ്തുമതത്തെ സഹതാപത്തിന്റെ മതമെന്ന് വിളിച്ച് ആക്ഷേപിക്കുന്നത്.

വേറെ ചിലർ കരുണ എന്ന പുണ്യത്തെ നീതിയെ അവഗണിക്കാനും മറച്ചു നിർത്താനുമുള്ള ഒരു മതിൽ ആയിട്ടാണ് മനസ്സിലാക്കുന്നത്. സോക്രട്ടീസ് മുതലുള്ള പല ചിന്തകരും അതുകൊണ്ടാണ് കരുണയെ എതിർക്കുന്നത്. സ്വച്ഛമായിട്ടുള്ള കരുണയേക്കാൾ വ്യവസ്ഥാപിതമായ നീതി

സ്വർഗ്ഗസ്ഥനായ പിതാവ് കരുണാമയനായിരിക്കുന്നതു പോലെ കരുണയുള്ളവരാകാനാണ് യേശുവും നമ്മളോട് പറയുന്നത്. ഇനി വേണ്ടത് മാറ്റമാണ്. അവശരോടും ആർത്തരോടുമുള്ള നമ്മുടെ മനോഭാവത്തിലെ മാറ്റം. അവർ ഇനി ഒരിക്കലും ഒറ്റപ്പെട്ടവരാകരുത്. നമ്മുടെ കരുണയും സ്പർശനവും അവർക്കും ലഭിക്കണം.

നിഷ്ഠയ്ക്കാണ് അവർ പ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ടു തന്നെ ബന്ധങ്ങളുടെ അടിസ്ഥാനം അവർക്ക് നീതിയാണ്, കരുണയല്ല. ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും അതിപ്രസരണം കൊണ്ടായിരിക്കാം ഇന്നു പലരും കരുണയെ ദൗർബല്യത്തോടാണ് ചേർത്തുവയ്ക്കാൻ ശ്രമിക്കുന്നത്. ശക്തിയുടെയും അധികാരത്തിന്റെയും മാഹാത്മ്യത്തെ നമ്മൾ ഒത്തിരി ഉയർത്തി കാണിക്കുന്നുണ്ട്. പക്ഷേ മറന്നുപോകുന്നത് വീണുപോയവരെയും ഇരയാക്കപ്പെട്ടവരെയും പാർശ്വവൽകരിക്കപ്പെട്ട വരെയുമാണ്. ഒപ്പം കരുണ എന്ന പുണ്യത്തെയും.

കരുണ, അന്തസ്സ്, ധൂർത്തപുത്രൻ

ബൈബിളിലെ ഓരോ താളും ദൈവത്തെ കരുണാർദ്രനായ പിതാവായിട്ടാണ് ചിത്രീകരിക്കുന്നത് എന്ന് നമുക്ക് പറയാൻ സാധിക്കില്ല. പക്ഷേ പുതിയ നിയമത്തിൽ അവൻ കരുണയുടെ മൂർത്തീഭാവമാണ്. അതിൽ ഏറ്റവും സുന്ദരമായ ചിത്രം വരച്ചിരിക്കുന്നത് ലൂക്കാ സുവിശേഷകനാണ്. ധൂർത്ത പുത്രന്റെ ഉപമയിലെ പിതാവിന്റെ ചിത്രമാണത്. നൈമിഷികമായ സുഖങ്ങൾക്കു വേണ്ടി വീടുവിട്ടിറങ്ങിയ മകനോട് സ്നേഹം ചൊരിയുന്നതിൽ ഒരു സങ്കോചവും കാണിക്കാത്ത ധൂർത്തനായ പിതാവ്. മകന്റെ തിരിച്ചുവരവിൽ ആ പിതാവ് സന്തോഷിക്കുന്നുണ്ടെങ്കിൽ അത് നഷ്ടപ്പെട്ടതു കണ്ടെത്തിയത് കൊണ്ടല്ല, മകന്റെ മനുഷ്യത്വം വീണ്ടെടുത്തിരിക്കുന്നു എന്ന തിരിച്ചറിവിലാണ്. മകൻ താന്തോന്നിയായി തന്നിൽ നിന്ന് അകന്നുപോയെങ്കിലും പിതാവിന് അവൻ തന്റെ മകൻ തന്നെയാണ്. അതുകൊണ്ടാണ് വഴിക്കണ്ണുമായി അവനുവേണ്ടി കാത്തിരുന്നതും ദൂരെ നിന്നും വരുന്നത് തന്റെ മകനാണെന്ന് അറിയുമ്പോൾ അവനെ പുണരാൻ ഓടുകയും എല്ലാം ചെയ്യുന്നത്. ദൈവം തന്റെ പിതൃത്വത്തിന് പുതിയ മാനം നൽകുന്നു. ഒപ്പം പുത്രന്റെ അന്തസ്സിനെ ആകാശത്തോളം ഉയർത്തുകയും ചെയ്യുന്നു.

പിതൃസ്നേഹം കരുണയുടെ രൂപം ധരിക്കുന്ന നേർചിത്രമാണ് ധൂർത്തപുത്രന്റെ ഉപമ. ആ സ്നേഹം പുത്രനെ ഇകഴ്ത്തുന്നില്ല, സർവ്വം ക്ഷമിക്കുന്നു. പിതാവിന് പുത്രനോടുള്ള ഈ മനോഭാവത്തിൽ സഹതാപത്തിന് ഒരു സ്ഥാനവുമില്ല. അവിടെ നിറഞ്ഞുനിൽക്കുന്നത് കരുണാർദ്രമായ സ്നേഹം മാത്രമാണ്. ഇപ്പോൾ പിതൃ-പുത്ര ബന്ധം അന്തർഭവിക്കുന്നത് പുത്രന്റെ വീണ്ടെടുക്കപ്പെട്ട അന്തസ്സിലാണ്. പന്നികൾക്കൊപ്പം കഴിഞ്ഞിരുന്ന ആ പുത്രൻ, ഇതാ, തന്നെക്കുറിച്ചുള്ള സത്യത്തിലേക്ക് മടങ്ങിവന്നിരിക്കുന്നു. ആ സത്യമാണ് അവന്റെ അന്തസ്സിന്റെ സൗന്ദര്യം. ആ സത്യം തന്നെയാണ് അവനെ പിതാവിലേക്ക് തിരിയുവാൻ പ്രാപ്തനാക്കിയതും.

ദൈവകരുണ നമ്മുടെ അന്തസ്സിനെ ഇല്ലാതാക്കുമോ? ഇല്ല, ഒരിക്കലുമില്ല. അത് നമ്മുടെ അന്തസ്സിന്റെ പൂർണ്ണതയെ വീണ്ടെടുക്കും. ആ സത്യമാണ് ധൂർത്തപുത്രന്റെ ഉപമയിലൂടെ യേശു വെളിപ്പെടുത്തുന്നത്. നമ്മുടെ അന്തസ്സും മഹത്വവും

നിലനിൽക്കുന്നത് ദൈവത്തിനു നമ്മോടുള്ള വിശ്വസ്തതയിലും കരുണാർദ്രമായ ആ സ്നേഹത്തിലുമാണ്.

കരുണാർദ്ര ഹൃദയമുള്ളവൻ

യേശുവാണ് ദൈവ കരുണയുടെ മൂർത്തഭാവം. അവന്റെ ഒരോ വാക്കിലും പ്രവൃത്തിയിലും ചിന്തയിലും നിറഞ്ഞുനിൽക്കുന്നത് അൻപും അലിവും ആനന്ദവുമാണ്. സ്വയം ശൂന്യമായ അലിവാണ് അവൻ. ആ അലിവിന്റെ ചെറുപ്രതിഫല നങ്ങൾ മാത്രമാണ് അവന്റെ അത്ഭുതങ്ങൾ എല്ലാം. അതുകൊ ണ്ടാണ് സുവിശേഷങ്ങൾ അവന്റെ കരുണയുടെ വ്യത്യസ്ത ഭാഷ്യങ്ങളാണെന്ന് പറയുന്നത്.

കുഷ്ഠരോഗിക്ക് ശുദ്ധി നൽകുന്ന കരുണാദ്രനായ ക്രിസ്തുവിന്റെ ചിത്രം മർക്കോസ് 1:40-45 ൽ ഉണ്ട്. അവന്റെ ഹൃദയത്തിൽ നിന്നും കവിഞ്ഞൊ ഴുകുന്ന കരുണയുടെ അതിരില്ലാ യ്മയാണ് ആ ചിത്രം. മരണത്തി ന്റെ ആദ്യജാതനാണ് കുഷ്ഠ രോഗം. മരണത്തിലേക്ക് നടന്നു നീങ്ങുന്നവനാണ് കുഷ്ഠരോഗി. ഒരു ചരിക്കുന്ന ജഡം. ജഡം അശുദ്ധമാണ്. അതുപോലെയുള്ള അശുദ്ധിയാണ് ഒരു കുഷ്ഠരോ ഗിയിലും ഉള്ളത്. നിയമങ്ങൾ കുഷ്ഠരോഗിയോട് കരുണ കാണിക്കുന്നില്ല. സമൂഹവും നിഷ്കരുണമാണ് അവരോട്. ഇങ്ങനെയുള്ള പശ്ചാത്തല ത്തിലാണ് അവന്റെ കരുണ വിപ്ലവാത്മകമാകുന്നത്. ആ വിപ്ലവാത്മകതയെയാണ് സുവിശേഷകൻ 'അവനു കരുണ തോന്നി' എന്ന കൊച്ചു വാചകത്തിലൂടെ വ്യക്തമാക്കുന്നത്.

യേശുവിന്റെ കരുണയാണ് സുവിശേഷങ്ങളുടെ കേന്ദ്ര സന്ദേശം. അവൻ ആരെ കാണുന്നുവോ ആ കാഴ്ച കരുണയിലേക്കും കരുണ സ്പർശനത്തിലേക്കും സ്പർശനം സൗഖ്യത്തിലേക്കും നയിക്കുന്ന ഒരു പരിണാമക്രമം സുവിശേഷങ്ങളിലുണ്ട്. ഹീബ്രു ഭാഷയിൽ കരുണ, അനുകമ്പ, ആർദ്രത തുടങ്ങിയ പദങ്ങളുടെ മൂലപദം ഗർഭപാത്രം എന്ന പദ മാണ്. കരുണ യഹൂദ പാരമ്പര്യ ത്തിലെ ഏറ്റവും ശക്തമായ വികാരമാണ്. അതിൽ മാതൃഭാവമു ണ്ട്. അതുകൊണ്ടുതന്നെ ബൈ ബിൾ ഭാഷ്യത്തിൽ കരുണ എന്നാൽ ഭരണകർത്താക്കൾ വച്ചു നീട്ടുന്ന ഒരു ഔദാര്യമല്ല, ഉപാധിയില്ലാതെ സ്വാംശീകരിച്ച മാതൃസ്നേഹത്തിന്റെ പ്രതിഫലനമാണ്.

യേശുവിനെ കണ്ടുമുട്ടിയവരുടെ ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയിലും നിസ്സഹാ യവസ്ഥയിലും അവന്റെ കരുണ അവരുടെ പകലുകൾക്ക് ചാലക ശക്തി പകർന്നു നൽകുന്നത് സുവിശേഷങ്ങൾ തുറന്നു കാണിക്കുന്നുണ്ട്. അവന്റെ കരുണ കുഷ്ഠരോഗിയെ പോലെ സമൂഹത്തിന്റെ മുമ്പിൽ മൃതരാ യിരുന്നവർക്ക് ഉത്ഥാനം നൽ കുന്നു. അവൻ മരിച്ചവരെ ഉയിർപ്പിച്ചതുപോലെ അവന്റെ ഉത്ഥാനവും അവന്റെ കരുണയാണ്. അതിനാൽ ഇനി നിയമത്തിന്റെ നീതീകരണമില്ല. സ്വർഗ്ഗസ്ഥനായ പിതാവ് കരുണാമയനായിരിക്കുന്നതു പോലെ കരുണയുള്ളവരാകാ നാണ് യേശുവും നമ്മളോട് പറയുന്നത്. ഇനി വേണ്ടത് മാറ്റമാണ്. അവശരോടും ആർത്ത രോടുമുള്ള നമ്മുടെ മനോഭാവ ത്തിലെ മാറ്റം. അവർ ഇനി ഒരിക്കലും ഒറ്റപ്പെട്ടവരാകരുത്. നമ്മുടെ കരുണയും സ്പർശനവും അവർക്കും ലഭിക്കണം. നമ്മിലൂടെ അവർ ദൈവസാന്നിധ്യം അനുഭവിച്ചറിയണം.

കാൽവരിയും കരുണയും

കുരിശിൽ കിടന്നവന്റെ പാർശ്വവും കുത്തി പിളർന്നിരുന്നു എന്നു പറഞ്ഞത് യോഹന്നാനാണ്. വിവരണം ഇങ്ങനെയാണ്; 'പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു' (യോഹ 19:34). നേരിൽ കണ്ടവന്റെ സാക്ഷ്യമാണിത്. ആ മുറിവും ആയിട്ടാണ് പിന്നീട് അവൻ തോമസിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. തനിയെ വഴി തേടി പോയവനെ കരുണയുടെ തീരത്തേക്ക് ചേർത്ത് നിർത്തുന്നതിനു വേണ്ടി മാത്രമായി രുന്നു ആ വരവും പ്രത്യക്ഷ പ്പെടലും. രക്തവും വെള്ളവും ഒഴുകിയ ആ മുറിവ് ഇപ്പോൾ വജ്രം പോലെ തിളങ്ങുകയാണ്. രക്തവും വെള്ളവും - കാൽവരിയിലെ അന്ത്യദാനമാണ്. ഈ രക്തത്തെ യും വെള്ളത്തെയും വിശുദ്ധ അഗസ്റ്റിൻ കൂദാശകളായിട്ടാണ് വ്യാഖ്യാനിച്ചത്. കുരിശിൽ നിന്നും നമുക്ക് കൂദാശകൾ ലഭിച്ചു. കൂദാശകൾ അടയാളങ്ങളാണ്. ഉത്ഥിതനിലേക്ക് വരുമ്പോൾ ഈ അടയാളങ്ങൾ, ഇതാ, വജ്രംപോലെ തിളങ്ങുന്നു. ഇനിമുതൽ അവ കാണപ്പെടാത്ത അടയാളമല്ല, കാണുന്ന കരുണയാണ്, അനുകമ്പയാണ്, ആർദ്രതയാണ്. അതെ, ഉത്ഥിതന്റെ മുറിവിൽ നിന്നും ഒഴുകുന്ന കരുണയാണ് കൂദാശകൾ. അത് ദൈവ കരുണയാണ്.

സഭയും ദൈവകരുണയും

എല്ലാവരെയും കുരിശിനെ നോക്കാൻ പ്രാപ്തരാക്കുക എന്നതാണ് സഭയുടെ പ്രധാന ദൗത്യം. കാരണം ക്രൂശിതനിൽ നിന്നു മാത്രമാണ് ദൈവകരുണ നമുക്ക് ലഭിക്കുക. യഥാർത്ഥ കരുണ യേശുവാണ്. ആ കരുണ യിലാണ് സഭയുടെ ജീവനും വിശ്വാസവും. എങ്ങനെയാണ് ദൈവകരുണയെ സഭ ഘോഷണം ചെയ്യുന്നത്? ധ്യാനാത്മകമായ വചന വിചിന്തനങ്ങളിലൂടെയും പരിശുദ്ധ കുർബാന, കുമ്പസാരം തുടങ്ങിയ കൂദാശകളിലൂടെ യുമാണ്. പരിശുദ്ധ കുർബാനയിൽ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിലേക്ക് നമ്മൾ ആഗിരണം ചെയ്യപ്പെടുകയാണ്. കുമ്പസാരത്തിലൂടെ നമ്മൾ നമ്മുടെ പാപത്തിന്റെ ശക്തിയെ ക്കാൾ ഉന്നതമായ ദൈവകരുണ അനുഭവിക്കുന്നു. അതുകൊണ്ടാണ് ദൈവകരുണയുടെ കണ്ടെത്ത ലിനെ സഭ മാനസാന്തരം എന്ന് വിശേഷിപ്പിക്കുന്നത്. കരുണ അനുഭവിക്കുന്നവന് മാറാതിരിക്കാൻ സാധിക്കുകയില്ല. അവനപ്പോൾ തോമസിനെ പോലെ വിളിച്ചു പറയും; 'എന്റെ കർത്താവേ, എന്റെ ദൈവമേ'.



വി. ഗീവർഗ്ഗീസ്
വിശ്വാസത്തിന്റെ രക്തസാക്ഷി



ഫാ. ജോസി ജോസഫ്
കോച്ചാപ്പിള്ളി



നശ്വരമായ ഈ ലോകത്ത് തനിക്ക് ലഭിക്കാവുന്ന എല്ലാ സംരക്ഷണവും സൗഭാഗ്യങ്ങളും ഉപേക്ഷിച്ച് ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവത്യാഗം ചെയ്ത ദൈവപുരുഷനാണ് വി. ഗീവർഗ്ഗീസ്.

ഉന്നതസ്ഥാനവും അധികാരവും നഷ്ടപ്പെടുമെന്നും ജീവൻതന്നെ അപകടത്തിലാവുമെന്നും തിരിച്ചറിഞ്ഞും ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ ജീവൻ വെടിഞ്ഞ വിശുദ്ധന്റെ ജീവിതത്തിലൂടെ കടന്നുപോകാം.

ഏഷ്യ ഭൂഖണ്ഡത്തിന്റെ മദ്ധ്യപശ്ചിമ ഭാഗത്തായി സ്ഥിതി ചെയ്യുന്ന, ഏഷ്യാ മൈനറിൽപ്പെട്ട വിസ്തൃതമായ ദേശമായ കപ്പദോക്യയിൽ, ക്രിസ്തുവർഷം 269-ൽ ആണ് വി. ഗീവർഗീസ് ജനിക്കുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ കുലീനരും ക്രൈസ്തവ മത വിശ്വാസികളുമായിരുന്നു. കപ്പദോക്യൻ രാജവംശജനും യോദ്ധാവുമായിരുന്ന ഗീവർഗ്ഗീസിന്റെ പിതാവ് അശ്വസേനയിലെ ഒരു യോദ്ധാവായിരുന്നു. ബാല്യത്തിൽതന്നെ പിതാവ് മരിച്ചപ്പോൾ പ്രഭിയായിരുന്ന മാതാവ് ലിഡായാണ് ഗീവർഗ്ഗീസിനെ വളർത്തി വലുതാക്കിയത്. തന്റെ മകന്റെ സ്വഭാവ രൂപീകരണത്തിൽ വത്സലമാതാവ് വളരെ ശ്രദ്ധാലുവായിരുന്നു. ആത്മാവിന്റെ നിഷ്കളങ്കതയ്ക്ക് ഹാനികരമായേക്കാവുന്ന സകല സാഹചര്യങ്ങളിൽനിന്നും തന്റെ കുഞ്ഞിനെ സംരക്ഷിക്കുന്നതിൽ അമ്മ ശ്രദ്ധിച്ചിരുന്നു. ഗീവർഗീസിന്റെ അമ്മയിൽനിന്ന് ലഭിച്ച ശിക്ഷണവും വിദ്യാഭ്യാസത്തിൽനിന്ന് സ്വാംശീകരിച്ച അടിസ്ഥാന തത്ത്വങ്ങളുമാണ് ഗീവർഗ്ഗീസിന്റെ ഭാവിക്ക് അടിത്തറ പാകിയത്.

ഗീവർഗ്ഗീസിന്റെ ഭവനത്തിൽ നിധിപോലെ സൂക്ഷിച്ചുവച്ച ഒരു നിക്ഷേപമുണ്ടായിരുന്നു. ക്രിസ്തുവിനുവേണ്ടി, ധീരതയോടെ പോരാടി, ചുടുരക്തം ചൊരിഞ്ഞ പിതാവിന്റെ രക്തത്താൽ അരുണിതമായ കൈലേസായിരുന്നു അത്. എല്ലാദിവസവും അമ്മയും മകനും ആ കൈലേസ് ചുംബിച്ച്, ധാർമ്മികതയ്ക്കുവേണ്ടി സമരം ചെയ്ത പിതാവിന്റെ ധീരകൃത്യത്തിൽ അഭിമാനിക്കുമായിരുന്നു. സാധാരണ കുട്ടികൾക്ക് തന്റെ മാതാപിതാക്കന്മാരിൽനിന്ന് ലഭിക്കുന്ന പ്രചോദനങ്ങളിൽനിന്ന് വ്യത്യസ്തമായിരുന്നു അമ്മ മകന് നല്കിയിരുന്നത്. ഒരു രക്തസാക്ഷിയാകാനുള്ള പ്രചോദനമാണ് ഗീവർഗ്ഗീസിന് പിഞ്ചുപ്രായത്തിൽതന്നെ തന്റെ വീരമാതാവിൽനിന്ന് ലഭിച്ചത്. ക്രൈസ്തവർ വേണ്ടിവന്നാൽ ക്രൈസ്തവ ചൈതന്യ പൂരിതമായ തങ്ങളുടെ ധമനികളിലെ രക്തംകൊണ്ടുതന്നെ വിശ്വാസത്തെ സ്ഥിരീകരിക്കണമെന്നും വിശ്വാസ സംരക്ഷണത്തിനു വേണ്ടി ജീവാർപ്പണം ചെയ്യുന്നതിനെക്കാൾ മഹത്വപൂർണ്ണമായ ഒരു പദവി ക്രിസ്താനികൾക്ക് ഒരുനാളും കൈവരാനില്ലെന്നും ആ വീരമാതാവ് തന്റെ മകനെ ഉപദേശിച്ചിരുന്നു. കാൽവ

രിക്കുന്നിൽ ചുടുരക്തം ചിന്തി മനുഷ്യരെ സ്നേഹിച്ച യേശുക്രിസ്തുവിനുവേണ്ടി ജീവൻ അർപ്പിച്ച തന്റെ പിതാവിന്റെ കാൽപ്പാടുകളെ അനുധാവനം ചെയ്യണമെന്നുള്ള തീക്ഷ്ണമായ ആഗ്രഹം ഗീവർഗ്ഗീസിന് ചെറുപ്പം മുതലേ ഉണ്ടായിരുന്നു.

ക്രൈസ്തവ സഭ ഉടലെടുത്തതിനു ശേഷമുള്ള ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾ സഭയെ സംബന്ധിച്ചിടത്തോളം കടുത്ത മതപീഡനങ്ങളുടെ കാലഘട്ടമായിരുന്നു. റോമാ ചക്രവർത്തിയായിരുന്ന നീറോ, ക്രിസ്തുവർഷം 64 -ൽ രാജ്യവ്യാപകമായ ക്രൈസ്തവ സംഹാരത്തിന് തുടക്കം കുറിച്ചു. ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടത് പണ്ട് ചക്രവർത്തിമാരുടെ കാലത്താണ്. അതുകൊണ്ടുതന്നെ 'മതപീഡനദശകം' എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. മതപീഡകരായ പത്തു ചക്രവർത്തിമാരിൽ പത്താമനായിരുന്നു, ഡയോക്ലീഷ്യൻ. തന്റെ മുൻഗാമികളെക്കാൾ അദ്ദേഹം തന്ത്രശാലിയായിരുന്നു. അദ്ദേഹം ഭരണമേറ്റ ആദ്യഘട്ടത്തിൽ മതനിക്ഷ്പക്ഷതമനോഭാവക്കാരനായി പ്രത്യക്ഷപ്പെടുകയും ക്രമേണ ഭരണത്തിൽ കാലുറപ്പിച്ചു നിന്നതിനുശേഷം സംഹാരാത്മകമായ തനിനിറം വെളിപ്പെടുത്തുകയും ചെയ്തു. ഇരുമ്പ് കമ്പികൾ പഴുപ്പിച്ച് കണ്ണ് ചൂഴ്ന്നെടുക്കുക, ഓരോ കാൽ മാറിമാറി മുറിച്ചുകളയുക തുടങ്ങി മനുഷ്യത്വരഹിതമായ പീഡന മുറകളാണ് ആ ചക്രവർത്തി ക്രിസ്ത്യാനികളുടെമേൽ പ്രയോഗിച്ചത്.

ഈ മർദ്ദനംകൊണ്ടൊന്നും ക്രിസ്തുമതത്തെ ഉന്മൂലനം ചെയ്യാൻ ഒരു രാജാവിനും കഴിഞ്ഞില്ല എന്നത് കാലം തെളിയിച്ച സത്യമാണ്. വിശ്വാസ സംരക്ഷണത്തിനുവേണ്ടി വീരമരണം വരിച്ച അനേകായിരം രക്തസാക്ഷികളുടെ ചുടുനിണത്താൽ കെട്ടിപ്പടുക്കപ്പെട്ട തിരുസഭയുടെ വീരയോദ്ധാക്കളുടെ ഗണത്തിലെ ഒരു മുന്നണിപ്പോരാളിയായിരുന്നു വി. ഗീവർഗീസ്.

റോമൻ ജനതയെ സംബന്ധിച്ചിടത്തോളം ഒരു സേനാനിയായി മാതൃരാജ്യസേവനം അനുഷ്ഠിക്കും എന്നത് ഒരു ഉന്നത ബഹുമതിയായി കരുതിയിരുന്നു. ഏകദേശം പതിനെട്ടു വയസ്സായതോടുകൂടി ഗീവർഗീസ് സൈനിക സേവനത്തിനായി വിളിക്കപ്പെട്ടു. പ്രശസ്തവും പ്രശംസനീയവുമായിരുന്ന അദ്ദേഹത്തിന്റെ സൈനിക ജീവിതത്തിന് തുടക്കമായിരുന്നു.അക്കാലത്ത് റോമാ സാമ്രാജ്യം ഭരിച്ചിരുന്നത് ഡയോക്ലീഷ്യൻ ചക്രവർത്തിയായിരുന്നു. ക്രിസ്ത്യാനികളോട് ഉദാരമായ നയം സ്വീകരിച്ചിരുന്ന സമയമായിരുന്നതിനാൽ ഗീവർഗ്ഗീസിന്റെ ധീരത, സംഘടനാപാടവം, സ്വരാജ്യാഭിമാനം, യുദ്ധതന്ത്രജ്ഞത, കൃത്യബോധം തുടങ്ങിയ അസാധാരണ ഗുണവിശേഷങ്ങൾ ചക്രവർത്തിയെ സവിശേഷം ആകർഷിച്ചു.

പടിപടിയായി ഗീവർഗ്ഗീസിന് ഉദ്യോഗക്കയറ്റം ലഭിച്ചുകൊണ്ടിരുന്നു. തുടർന്ന് 'ട്രിബ്യൂൺ' (കേണൽ) പദവി ലഭിച്ചു. വിശ്വസ്തനും സത്യവാനുമായിരുന്ന ഗീവർഗ്ഗീസിന് കേണൽ പദവി നൽകി ക്കൊണ്ട് ചക്രവർത്തി ഉന്നതസ്ഥാനം കൊടുത്തു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങൾക്ക് നിയോഗിക്കപ്പെടുമെന്നുള്ള വചനത്തെ യാഥാർത്ഥ്യമാക്കുന്നതായിരുന്നു ഗീവർഗ്ഗീസിന്റെ സൈനിക ജീവിതം. രാജ്യത്തുടനീളം വേഷപ്രച്ഛന്നനായും മറ്റും ഗീവർഗ്ഗീസ് സദാ സഞ്ചരിക്കുമായിരുന്നു. ഒരിക്കൽ ഗീവർഗ്ഗീസ് ഔദ്യോഗിക പര്യടനത്തിന്റെ ഭാഗമായി,ലിബിയായിലെ പർവ്വതപ്രാന്തത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. അവിടെ വിജനമായ ഒരു ഗുഹാമുഖത്ത് സൗന്ദര്യവതിയായ ഒരു യുവതി ഏകാകിനിയായി കണ്ണീർപൊഴിച്ചുകൊണ്ട് നിൽക്കുന്നത് ഗീവർഗ്ഗീസിന്റെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം ഉടൻതന്നെ ആ യുവതിയുടെ അടുത്തുചെന്ന് കാര്യമന്വേഷിച്ചു.

നാട്ടുകാർക്ക് ഭീഷണിയായി ഒരു ഘോരസർപ്പം ആ ഗുഹയിൽ താവളമടിച്ചിരിക്കുകയാണെന്നും ആ ക്രൂരജന്തുവിന് ഇരയായി തീരുവാൻ താൻ വിധിക്കപ്പെട്ടിരിക്കുകയാണെന്നും ആ യുവതി ഗീവർഗ്ഗീസിനോടു പറഞ്ഞു. നരഭോജിയായ ആ ഉഗ്രജീവിയെപ്പറ്റി കൂടുതൽ അറിയുവാൻ ഗീവർഗ്ഗീസ് ജിജ്ഞാസ പ്രകടിപ്പിച്ചു. ഭീകരനായ സർപ്പവല്യത്താൻ ആടുമാടുകളെയും മനുഷ്യരെയും കൊന്നൊടുക്കി. സ്ത്രീജനങ്ങളെ ചുറ്റിപ്പിണഞ്ഞ് ശ്വാസംമുട്ടിച്ച് കൊല്ലാക്കൊല ചെയ്തു. ഈ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ നാട്ടുകാർ ഒന്നുചേർന്ന് അതിനെ പ്രീതിപ്പെടുത്താൻ മാസംതോറും കൊഴുത്ത ഒരു മുട്ടനാടിനെയും ഒരു കന്യകയെയും കാഴ്ചവയ്ക്കുവാൻ തീരുമാനിച്ചു. ഓരോ മാസവും സർപ്പത്തിന് ഇരയാകേണ്ട കന്യകയെ കുറിയിട്ടാണ് തീരുമാനിക്കുന്നത്. ആ മാസം കുറിവീണത് രാജാവിന്റെ ഏകപുത്രിക്കാണ്. സർപ്പം ഗുഹാമുഖത്തുടൻ എത്തുമെന്നും വേഗം സ്ഥലം വിട്ടുകൊള്ളണമെന്നും രാജകുമാരി ഗീവർഗീസിനോടു പറഞ്ഞു.

എന്നാൽ ഗീവർഗീസ് അചഞ്ചലനായി നിൽക്കുമ്പോൾ ഭീമാകാരനായ ഭീകരസത്വം അവരുടെ നേരേ പാഞ്ഞടുത്തു. ഭയപ്പെടാതെ ഗീവർഗ്ഗീസ് കുരിശടയാളം

വിശ്വാസ സംരക്ഷണത്തിനുവേണ്ടി വീരമരണം വരിച്ച അനേകായിരം രക്തസാക്ഷികളുടെ ചുടുനിണത്താൽ കെട്ടുപ്പടുക്കപ്പെട്ട തിരുസഭയുടെ വീരയോദ്ധാക്കളുടെ ഗണത്തിലെ ഒരു മുന്നണിപ്പോരാളിയായിരുന്നു വി. ഗീവർഗീസ്.

വരച്ച് സർപ്പത്തെ തടഞ്ഞു. സർപ്പം കുതിരയുടെ കാലിൽ ചുറ്റി ഗീവർഗ്ഗീസിനെ വിഴുങ്ങുവാനായി വായ് പിളർത്തി. തൽക്ഷണം ഗീവർഗ്ഗീസ് സർപ്പത്തിന്റെ വായിൽ കുന്തം കുത്തിയിറക്കി അതിനെ തറയിൽ ചേർത്ത് തറച്ചുനിർത്തി. ഗീവർഗ്ഗീസ് തന്റെ വാൾ ഊരി സർപ്പത്തെ വെട്ടി. തന്നെ വിഴുങ്ങുവാൻ ആർത്തിപൂണ്ട് വന്ന ആ ഭീകരസത്വം ചത്തുമലച്ചു കിടക്കുന്നത് കണ്ട് സന്തോഷത്താൽ മതിമറന്ന് രാജകുമാരി തന്റെ ഉപകർത്താവിന് നന്ദിപറഞ്ഞശേഷം കൊട്ടാരത്തിലെത്തി വിവരം പിതാവിനെയും ബന്ധുജനങ്ങളെയും അറിയിച്ചു. ഘോരസർപ്പത്തിന്റെ പിടിയിൽനിന്ന് തന്റെ പുത്രിയെ രക്ഷിച്ച ഗീവർഗ്ഗീസിനെ ആഡംബരസഹിതം രാജാവ് സ്വീകരിച്ചു. തന്റെ ഏകപുത്രിയെ വിവാഹം ചെയ്ത് രാജ്യഭരണം ഏറ്റെടുക്കണമെന്ന് രാജാവ് അപേക്ഷിച്ചു. എന്നാൽ ഗീവർഗ്ഗീസ് സ്നേഹരാജനായ ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച ഹൃദയം വേറൊരാൾക്കു കൊടുക്കുവാൻ തയ്യാറായില്ല. രാജാവും ജനങ്ങളും ക്രിസ്തുരാജന്റെ കൊടിക്കീഴിൽ അണിനിരക്കണമെന്ന ഹൃദയാഭിലാഷം രാജാവിനോട് അഭ്യർത്ഥിച്ചു. തന്റെ രാജ്യത്തെയും ജനാവലിയെയും രക്ഷിച്ച മഹാപുരുഷനായ ഗീവർഗ്ഗീസിന്റെ വാക്കുകളെ വിശ്വസിച്ച് അദ്ദേഹവും പ്രജകളും ക്രിസ്തുമതം സ്വീകരിച്ചു.

കാലം മാറിയപ്പോൾ ഡയോക്ലീഷന്റെ മനസ്സ് മാറി. ക്രിസ്ത്യാനികൾക്കെതിരെ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ക്രിസ്തുമതം വൈകേന്ദ്രീകൃതവും ഒരു വിപ്ലവപ്രസ്ഥാനവുമാണെന്നും അതിൽ ഉൾപ്പെട്ടിട്ടുള്ളവർ അതിൽനിന്ന് വിട്ടുപോരണമെന്നും അല്ലാത്തപക്ഷം കഠിനമായ ശിക്ഷയ്ക്ക് വിധേയരാകുമെന്നും അറിയിച്ചു. ഒരു മന്ത്രിസ ഭാംഗമെന്ന നിലയിൽ തനിക്ക് ചക്രവർത്തിയോടും രാജ്യത്തോടുമുള്ള കടപ്പാടുകളും ചുമതലകളും ഉണ്ടെന്നും, എന്നാൽ എല്ലാത്തിനുമുപരിയായി ക്രിസ്തുരാജന്റെ ധർമ്മഭടനാണെന്ന വിചാരം സത്യത്തിനും നീതിക്കും വേണ്ടി പോരാടുന്നതിനുള്ള പ്രചാരണം അദ്ദേഹത്തിന് വലുതാണെന്നും അറിയാമായിരുന്നു. ദൈവത്തിന്റേത് ദൈവത്തിനും സീസറിന്റേത് സീസറിനും കൊടുക്കുവാൻ മനഃസാക്ഷി അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ടിരുന്നു.

റോമൻ ദേവന്മാരെ ആരാധിക്കുകയും സേവിക്കുകയും ചെയ്താൽ ഐശ്വര്യവും സമ്പത്തും കരഗതമാകുമെന്നും അപ്രകാരം ചെയ്യണമെന്ന് പറഞ്ഞെങ്കിലും തന്റെ പരിപാവനമായ ക്രൈസ്തവ വിശ്വാസത്തിൽനിന്ന് അണുവിട വ്യതിചലിക്കുവാൻ അദ്ദേഹം തയ്യാറായില്ല. ഗീവർഗ്ഗീസിനെ തന്റെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാനായി ഡയോക്ലീഷസ് ചക്രവർത്തി നിയോഗിച്ചു. പല പാരിതോഷികങ്ങളും വാഗ്ദാനം ചെയ്തെങ്കിലും മനസ്സ് മാറാത്തതിനാൽ അദ്ദേഹത്തെ വധിക്കുമെന്ന മുന്നറിയിപ്പു നൽകി. എന്നാൽ ക്രിസ്തുവിനുവേണ്ടി മരണം വരിക്കാൻ താൻ തയ്യാറാണെന്ന് ഗീവർഗ്ഗീസ് അറിയിച്ചു.

ഗീവർഗ്ഗീസ് ഒരു സന്ന്യാസിയോ വൈദികനോ ആയിരുന്നില്ലെങ്കിലും അദ്ദേഹം നല്ലൊരു പ്രേക്ഷിതനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഏവർക്കും അനുകരണീയമാണ്. കൂദാശകൾ നല്കിക്കൊണ്ട് ആത്മീയ ജീവൻ അദ്ദേഹം പകർന്നുകൊടുത്തില്ലെങ്കിലും അനേകരെ ക്രിസ്തുവിലേക്ക് ആനയിച്ചിട്ടുണ്ട്. രാജ്യദ്രോഹ കുറ്റം ചുമത്തി ക്രിസ്ത്യാനിയായ ഗീവർഗ്ഗീസിനെ ജയിലിൽ അടക്കാൻ ചക്രവർത്തി ഉത്തരവിട്ടു. കാരാഗൃഹത്തിലായിരിക്കുമ്പോൾ, കൂർത്ത ആണികളുള്ള ഇരുമ്പ് ചെരുപ്പുകൾ പാദത്തിൽ അടിച്ചു കയറ്റി. തുടർന്ന് കരങ്ങൾ ബന്ധിച്ച് തറയിൽ കിടത്തി ഭാരമുള്ള കല്ലുകൾ നെഞ്ചിൽ കയറ്റിവച്ചു. രാത്രി ദൈവദൂതൻ ഗീവർഗ്ഗീസിന് പ്രത്യക്ഷപ്പെടുകയും, കാരാഗൃഹത്തിൽ നിന്ന് പുറപ്പെട്ട് ക്രൈസ്തവരുടെ പക്കലേക്ക് പോകുവാൻ പറയുകയും ചെയ്തു. അദ്ദേഹത്തിന് പൂർണ്ണ ആരോഗ്യവും ശരീര സൗഖ്യവും ലഭിച്ചു. ഇതുകണ്ട് കാരാഗൃഹ സൂക്ഷിപ്പുകാരൻ ജ്ഞാനസ്നാനം സ്വീകരിച്ചു. ഗീവർഗ്ഗീസ് തുടർന്ന് ജനങ്ങളുടെ പക്കലേക്ക് പോയി.

രാജാവ് വീണ്ടും ഗീവർഗ്ഗീസിനെ കാരാഗൃഹത്തിലടച്ചു. രാജാവിന്റെ കല്പനപ്രകാരം മന്ത്രവാദികളിൽ അതിപ്രശസ്തനായ 'നസ്സാനിയൂസി' നെ കൊണ്ടുവന്ന് മനസ്സുമാറ്റാൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. ഒടുവിൽ മന്ത്രവാദി ഗീവർഗ്ഗീസിൽനിന്നു സ്നാനം സ്വീകരിച്ചു. ഇതറിഞ്ഞ് രാജാവ് ആളിക്കത്തിക്കൊണ്ടിരിക്കുന്ന തീച്ചൂളയുടെ സമീപം ഗീവർഗ്ഗീസിനെ ബന്ധിച്ചു നിർത്തി. എന്നാൽ വാനവദൂതന്മാർ അദ്ദേഹത്തെ സംരക്ഷിച്ചു. മൂർച്ചയേറിയ ഒരുതരം ഇരുമ്പു ചീളുകളാൽ ഗീവർഗീസിന്റെ മൃദുമേനി ചിന്തപ്പെട്ടു. ശരീരത്തിൽനിന്ന് രക്തം ധാരധാരയായി പ്രവഹിച്ചു തുടങ്ങി. അല്പനേരത്തിനുള്ളിൽ തന്നെ അദ്ദേഹം മൃതപ്രായനായി നിലംപതിച്ചു. അദ്ദേഹത്തെ കൂടുതൽ പീഡനങ്ങൾക്ക് ഇരയാക്കാൻ വേണ്ടി പെട്ടെന്ന് വധിക്കരുതെന്ന് ചക്രവർത്തിയുടെ നിർദ്ദേശമുണ്ടായിരുന്നു.

ഗീവർഗ്ഗീസ് വീണ്ടും ആരോഗ്യം പ്രാപിച്ചു തുടങ്ങി. ഉടൻതന്നെ മർദ്ദനങ്ങളുടെ മൂർച്ചയേറിയ കമ്പികളും ഇരുമ്പാണികളും ഘടിപ്പിച്ച് സജ്ജീകരിച്ചിരുന്ന ഒരു യന്ത്രത്തോട് അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. ആ യന്ത്രം അതിവേഗം കറങ്ങിയതോടെ ഗീവർഗ്ഗീസിന്റെ ശരീരഭാഗങ്ങൾ മുറിഞ്ഞുവീണു. മാരകമായ ഈ പീഡനസമയങ്ങളിലെല്ലാം ഗീവർഗ്ഗീസ് സന്തോഷചിത്തനായി കാണപ്പെട്ടു. സ്വർഗ്ഗീയമായ ഒരു പ്രഭാപൂരം അദ്ദേഹത്തിന്റെ മുഖത്തെ ആവരണം ചെയ്തിരുന്നു. തന്റെ ദിവ്യസുതൻ തന്നെ ഒരിക്കലും പരിത്യജിക്കുകയില്ലെന്ന് അദ്ദേഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു.

ഗീവർഗ്ഗീസ് ഉരുട്ടറയിൽ ആയിരിക്കുമ്പോൾ ക്രിസ്തുരാജൻ വാനദൂതന്മാരുമായി തന്റെ അടുക്കലേക്ക് വരുന്നതായി കണ്ടു. തന്നെ മാറോടു ചേർത്ത് ആശ്ലേഷിക്കുന്നതായി അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം ആസന്നമായിരിക്കുന്നുവെന്നും, അതിനുമുമ്പായി വലിയൊരു അത്ഭുതം കൂടി നടക്കുമെന്നും പ്രസ്താവിച്ച് സ്നേഹരാജൻ വാനമേഘങ്ങളിലേക്കുയർന്നു. തൊട്ടടുത്ത ദിവസം ഡയോക്ലീഷൻ ചക്രവർത്തി,

അപ്പോളോയെ ആരാധിക്കുകയാണെങ്കിൽ തന്റെ ഭരണാധികാരം പൗരസ്ത്യ റോമൻ സാമ്രാജ്യാധിപനായി അവരോധിക്കാമെന്ന് പറഞ്ഞു. അതു കേട്ടപ്പോൾ ക്രിസ്തുരാജൻ പറഞ്ഞ അത്ഭുതം നടക്കുമെന്ന് മനസ്സിലായി. ക്രൈസ്തവ വിശ്വാസം ഉണ്ടായിരുന്ന ചക്രവർത്തിയുടെ ഭാര്യക്കും പുത്രിക്കും ഗീവർഗ്ഗീസ് ജ്ഞാനസ്നാനം നൽകി. പിറ്റേദിവസം ചക്രവർത്തിയുടെ കൊട്ടാരത്തിനടുത്തുള്ള അപ്പോളോ ദേവന്റെ ക്ഷേത്രത്തിലേക്ക് ഗീവർഗ്ഗീസിനെയും കൂട്ടി ഉദ്യോഗസ്ഥവൃന്ദങ്ങളുമായി ചക്രവർത്തി പോയി. ഗീവർഗ്ഗീസ് ആ വിഗ്രഹത്തോട് ചോദിച്ചു: 'സത്യദൈവമായ ത്രിത്വൈക സർവ്വേശ്വരനു യോഗ്യമായ ആരാധന നീ അർഹിക്കുന്നുവോ? ഉടൻതന്നെ നിഷേധാർത്ഥത്തിൽ ഒരു ഭീകരസ്വരം ആ വിഗ്രഹത്തിൽനിന്നു പുറപ്പെട്ടു. തുടർന്ന് ഗീവർഗ്ഗീസ് ആ വിഗ്രഹത്തിനുനേരെ കുരിശു വരച്ചു. തൽക്ഷണം ആ വിഗ്രഹം വിറച്ചു വിറച്ച് ഇളകി നിലംപതിക്കുകയും തകർന്നു തരിപ്പണമാവുകയും ചെയ്തു. ഈ അത്ഭുതത്തോടുകൂടി കള്ളദേവന്മാരുടെ പൊള്ളത്തരം ജനം തിരിച്ചറിഞ്ഞു. അത് ഒരു പെന്തക്കുസ്താ ദിനമായിരുന്നു. ഡയോക്ലീഷന്റെ ഹൃദയം കഠിനമായി തീർന്നു.

ഗീവർഗ്ഗീസിനെ വീണ്ടും കാരാഗൃഹത്തിലാക്കി. പുതിയ പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയനാക്കി. ചക്രവർത്തിയുടെ രാജ്ഞി അലക്സാണ്ട്ര ക്രൈസ്തവ നേതാവും അതിലുപരി പുണ്യപുരുഷനുമായ ഗീവർഗ്ഗീസിനെ ഇനിയും ഉപദ്രവിക്കരുതേയെന്ന് അപേക്ഷിച്ചു. ക്രൈസ്തവർക്ക് മതസ്വാതന്ത്ര്യം നല്കുന്നതായിരിക്കും ഉചിതമെന്ന് ചക്രവർത്തിയോടുണർത്തിച്ചു. തന്റെ ഭാര്യയും മകളും രഹസ്യമായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ചെന്നറിഞ്ഞപ്പോൾ രണ്ടുപേരുടെയും ശിരച്ഛേദനം ചെയ്യാൻ കല്പിച്ചു.

ഗീവർഗ്ഗീസിന് എല്ലാദിവസവും വി. കുർബ്ബാന നല്കിയിരുന്നത്പാഷ്യക്രാറ്റസ് ആയിരുന്നു. ഒരുദിവസം പോലും മടുക്കാതെ തന്റെ സ്നേഹിതനെ കാരാഗൃഹത്തിൽ സന്ദർശിച്ചിരുന്നു. ഗീവർഗ്ഗീസിനെ മരണത്തിനു വിധിച്ചുകൊണ്ടുള്ള രാജശാസനം ഗീവർഗ്ഗീസിനെ അറിയിച്ചു. ഇതറിഞ്ഞ് .... ഗീവർഗ്ഗീസിനെ പുണ്യവാനായി കരുതിയിരുന്നതിനാൽ അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിച്ച് അനുഗ്രഹം തേടി. ഗീവർഗ്ഗീസ് തന്റെ മരണത്തിനു മുമ്പ് ജനങ്ങളോട് സംസാരിക്കാൻ അനുമതി തേടി. 'ക്രൂശിതനായ ക്രിസ്തുവിൽ നിങ്ങൾ സന്തോഷിക്കുകയും സമാശ്വസിക്കുകയും ചെയ്യുവിൻ.' നമ്മൾ ക്രിസ്തുവിനോടുകൂടി കുരിശിൽ തറക്കപ്പെട്ടവരാകുന്നു. നിങ്ങൾ ഭയപ്പെടേണ്ട. ധൈര്യം അവലംബിക്കുവിൻ. സർവ്വശക്തനായ ദൈവത്തിൽ വിശ്വസിക്കുക. അവിടുന്ന് എപ്പോഴും നമ്മോടുകൂടെയുണ്ട്. നാം ബലഹീനരെങ്കിലും നമ്മെ ശക്തിപ്പെടുത്തുന്ന ദൈവത്തിൽ നാം എന്തിനും ശക്തരാണെന്നുള്ള വിശ്വാസം നമുക്കുത്തേജനം നൽകട്ടെ. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

ഗീവർഗീസ് തന്റെ വാക്കുകൾ ഉപസംഹരിച്ചശേഷം, മുട്ടുകുത്തി പ്രാർത്ഥിച്ചു. 'നാഥാ അങ്ങ് ഈ ദാസന്റെ ആത്മാവിനെ സ്വീകരിക്കണേ. സ്നേഹനാഥാ എന്റെ ദേഹീദേഹങ്ങളെ അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു. ഒരു സ്നേഹബലിയായി അങ്ങ് അവയെ സ്വീകരിക്കണമേ. മനുഷ്യരുടെ മുമ്പാകെ അങ്ങയെ ഏറ്റുപറഞ്ഞ ഈ ദാസനെ അങ്ങയുടെ സ്വർഗീയ പിതാവിന്റെ മുമ്പാകെ വിസ്മരിക്കരുതേ. എന്റെ ശത്രുക്കൾക്ക് പാപപ്പൊറുതിയും നിത്യാനന്ദവും പ്രദാനം ചെയ്യണമേ. അങ്ങയുടെ കാരുണ്യജലം അവരുടെമേൽ വർഷിക്കണമേ" തുടർന്ന് ഗീവർഗ്ഗീസിന്റെ തല ശിരസ്സിൽനിന്നു, ഘാതകന്റെ മൂർച്ചയേറിയ വാളാൽ വേർപെട്ടു. അദ്ദേഹത്തിന്റെ പാവനമായ ആത്മാവ് സ്വർഗ്ഗീയ പ്രഭയാൽ ആവൃതമായി സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു. അങ്ങനെ ഗീവർഗ്ഗീസ് ഏ.ഡി. 803 ഏപ്രിൽ 23 ന് ഒരു ദുഃഖവെള്ളിയാഴ്ച രക്തസാക്ഷിത്വ മകുടം ചൂടി. ഗീവർഗ്ഗീസിന്റെ ആഗ്രഹമനുസരിച്ച് പാഫിയാകോസ് മൃതദേഹം നിക്കോമീദിയായിൽ നിന്നു ലിബിയായിൽ കൊണ്ടുപോയി സംസ്കരിച്ചു. ക്രൈസ്തവർ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിനു മുമ്പുതന്നെ അദ്ദേഹത്തെ വിശുദ്ധനായി കരുതിയിരുന്നു.

വിശുദ്ധനായ ഗീവർഗ്ഗീസിനെ മഹാരക്തസാക്ഷി എന്നാണ് ഗ്രീക്കുകാർ അഭിസംബോധന ചെയ്തിരുന്നത്. ചിലർ അദ്ദേഹത്തെ പടയാളികളുടെ മധ്യസ്ഥനായി പ്രകീർത്തിച്ചു. ഇംഗ്ലണ്ട് ജനത വി. ഗീവർഗ്ഗീസിനെ തങ്ങളുടെ സ്വർഗീയ മധ്യസ്ഥനായി തിരഞ്ഞെടുത്തു. ഇന്ന് പാശ്ചാത്യ പൗരസ്ത്യ ഭേദമെന്യേ പല രാജ്യത്തിന്റെ അശ്വഭടന്മാരുടെയും കർഷക ജനതയുടെയും സൈനിക സ്കൗട്ടുകളുടെയും മധ്യസ്ഥനായി വി. ഗീവർഗ്ഗീസിനെ പരക്കെ ആശ്രയിക്കുന്നു. കേരളീയർക്കും വി. ഗീവർഗ്ഗീസിനോടുള്ള ഭക്തിയും സ്നേഹവും വളരെ വലുതാണ്.

യേശുക്രിസ്തുവഴി സ്ഥാപിതമായതും ആയിരക്കണക്കിനു രക്തസാക്ഷികളുടെ ചുടുനിണത്താൽ പണിതുയർത്തപ്പെട്ടതുമായ നമ്മുടെ സഭയെ ആത്മാർത്ഥതയോടെ സ്നേഹിക്കുവാനും വിശ്വസിച്ചാദരിക്കുന്ന ആദർശങ്ങളിൽ അടിപതറാതെ നിൽക്കുവാനും വി. ഗീവർഗ്ഗീസിന്റെ ധാർമ്മിക ധീരത നമുക്ക് കരുത്തേകട്ടെ. വി. ഗീവർഗ്ഗീസേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

ഇന്ന് പാശ്ചാത്യ പൗരസ്ത്യ ഭേദമെന്യേ പല രാജ്യത്തിന്റെ അശ്വഭടന്മാരുടെയും കർഷക ജനതയുടെയും സൈനിക സ്കൗട്ടുകളുടെയും മധ്യസ്ഥനായി വി. ഗീവർഗ്ഗീസിനെ പരക്കെ ആശ്രയിക്കുന്നു. കേരളീയർക്കും വി. ഗീവർഗ്ഗീസിനോടുള്ള ഭക്തിയും സ്നേഹവും വളരെ വലുതാണ്.

ഇന്ത്യയെ ആരു നയിക്കണം?



ഫാ. സേവ്യർ കുടിയാംശ്ശേരി

ഗ്യോർഗി ഗുസ്പുദിനോവ് എന്ന ബൾഗേറിയൻ നോവലിസ്റ്റ് 'ടൈം ഷെൾട്ടർ' എന്ന നോവലിൽ യൂറോപ്പിനെക്കുറിച്ച് ഒരു രാഷ്ട്രീയ നിരീക്ഷണം നടത്തുന്നു. യൂറോപ്പ് ഒരു കുരുക്കിലകപ്പെട്ടിരിക്കുന്നു. അതാകട്ടെ നൂറ്റാണ്ടുകളായി തുടരുന്ന ഒരു കുരുക്കും. കുരുക്കു സൃഷ്ടിച്ച് മുതലെടുപ്പു നടത്തുന്നതിൽ മാത്രമേ മാറ്റം സംഭവിക്കുന്നുള്ളൂ. ഇന്നലെകളിൽ അതു കമ്മ്യൂണിസത്തിന്റെ കുരുക്കായിരുന്നുവെങ്കിൽ ഇന്നത് വലതുപക്ഷത്തിന്റെ കുരുക്കാണ്. തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. രണ്ടുതരം മുതലെടുപ്പുകൾ. ഭാവിയെ വില്പനയ്ക്കു വച്ചുകൊണ്ട് ജനങ്ങളെ വിഭ്രാന്തിയിലാക്കി രാഷ്ട്രീയ മുതലെടുപ്പു നടത്തിയ കമ്മ്യൂണിസം ഒരു ഭാഗത്ത്. മറ്റൊന്ന് ഭൂതകാലത്തെ വിൽക്കാൻ നടക്കുന്ന പോപ്പുലിസ്റ്റുകൾ (ഭാഷാ പോഷിണി 2024 മാർച്ച്). നമ്മുടെ ഭാവികാലത്തേയും ഭൂതകാലത്തേയും വിൽക്കാൻ നടക്കുന്ന രാഷ്ട്രീയ നാടകങ്ങളെ തിരിച്ചറിയണം എന്നാണ് ടൈം ഷെൽട്ടർ എന്ന നോവൽ നമ്മോടു പറയുന്നത്. രാഷ്ട്രീയത്തെ എതിർക്കുകയല്ല മറിച്ച് അതിനെ സംശുദ്ധീകരിക്കുന്നതിനെക്കുറിച്ചാണ് നോവൽ സംസാരിക്കുക. ഇവിടെയും എവിടേയും രാഷ്ട്രീയ കളരികൾ രൂപപ്പെടണം. കുട്ടിക്കാലം മുതൽ


സംശുദ്ധ രാഷ്ട്രീയ രീതികൾ പരിചയപ്പെടുത്തണം. തിരഞ്ഞെടുപ്പു വരുമ്പോൾ മാത്രം ആർക്ക് വോട്ടു ചെയ്യണം, എന്തു നിലപാടു സ്വീകരിക്കണം എന്നു ചിന്തിക്കുന്നതു വളർച്ചയെത്താത്തതിന്റെ ഫലമാണ്. പക്വതയുള്ള രാഷ്ട്രീയ വിചിന്തനങ്ങൾ ഉണ്ടാവണം.

എന്നോടാവശ്യപ്പെട്ടിരിക്കുന്നത് ഇന്ത്യയെ ആരു നയിക്കണം എന്ന ചോദ്യത്തിനുത്തരം വേണമെന്നാണ്. അതിനുത്തരം കിട്ടാൻ ഇന്ത്യ ആരെയൊക്കെ നയിക്കണം എന്നറിയണം. അതറിയാൻ ഇന്ത്യ എവിടെയാണ് എന്നറിയണം. ഇന്ത്യ ഇന്ത്യയ്ക്കകത്തോ പുറത്തോ? ഇന്ത്യ അകത്തും പുറത്തുമുണ്ട്. ഇന്ത്യക്കാരെവിടെയാണ്? ഇന്ത്യക്കാരും അകത്തും പുറത്തുമുണ്ട്. ഇന്ത്യയെ കാണാൻ ഗ്രാമങ്ങളിലേക്കു പോകണമെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞിരുന്നു. ഇന്ന് ഇൻഡ്യയെ കാണാൻ അതു മാത്രം പോരാ. അകത്തേക്കും പുറത്തേക്കും നോക്കണം. ഇന്ത്യയെ കാക്കുന്നവർ ഇൻഡ്യൻ ടെറിറ്ററി നോക്കണം. ഇൻഡ്യ ഇന്ന് അതിരുകൾക്കപ്പുറമാണ്. ഇൻഡ്യാക്കാരെ സംരക്ഷിക്കണമെന്നു പറയുമ്പോൾ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം വേണം. പല രാജ്യങ്ങളിലും യുദ്ധം നടക്കുന്ന സമയത്ത് ഇൻഡ്യൻ പൗരന്മാരെ നമ്മൾ പ്രത്യേകമായി രക്ഷിച്ചുകൊണ്ടുപോരാറുണ്ട്. ഇൻഡ്യയുടെ വിദേശകാര്യനയം ലോകരാഷ്ട്രങ്ങളുടെ ഇടയിൽ മതിപ്പുളവാക്കുന്നതുതന്നെയാണ്. മറ്റു രാജ്യങ്ങളുമായുള്ള നിരവധിയായ കരാറുകൾകൂടി ഉൾക്കൊള്ളുന്നതാണ് ഇൻഡ്യ. ഇൻഡ്യ ഒരു വിചാരമാണ്. ഒരു വികാരവുമാണ്. 'ഇൻഡ്യ എന്റെ നാടാണ്, എല്ലാ ഇൻഡ്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്' എന്ന് ഒരു പ്രാർത്ഥനപോലെ ചൊല്ലിവളർന്നവരാണ് നാം. ഇൻഡ്യയുടെ ഭരണഘടന, അതിന്റെ ദർശനങ്ങൾ, കാഴ്ചപ്പാടുകൾ, അതിന്റെ ബെയ്സിക് സ്ട്രക്ചർ, ഇൻഡ്യ നാളിതുവരെ ലോകത്തിനു നൽകിയിട്ടുള്ള സന്ദേശങ്ങൾ, നമ്മുടെ സ്വാതന്ത്ര്യ സമര സന്ദേശങ്ങൾ, എല്ലാം ഇൻഡ്യയാണ്. എല്ലാം സംരക്ഷിക്കപ്പെടണം.

കുറേക്കൂടി മുന്നോട്ടു ചിന്തിച്ചാൽ ആവുന്നത്ര പാർട്ടികളിലേക്ക് നമ്മുടെ പ്രവർത്തകരെ വളർത്തി വിടുന്നതും മറ്റൊരു മാർഗ്ഗമാണ്. ഇങ്ങനെ ഏതു നിലപാടും സ്വീകരിക്കാം. പക്ഷേ രാജ്യത്തിന്റെയും ജനങ്ങളുടെയും നന്മയും കത്തോലിക്കാ സഭയുടെ നിലനില്പും വളർച്ചയും ഒക്കെ കണക്കാക്കിക്കൊണ്ട് ഒരു നല്ല തീരുമാനമെടുക്കാൻ നമുക്ക് ചർച്ച ചെയ്യാം.

ഒരു കാലത്ത് നമ്മളെ ആരൊക്കെയോ നയിച്ചിരുന്നു. ഇന്നു പക്ഷേ നമ്മൾ നമ്മളെ മാത്രമല്ല നയിക്കുന്നത്. നമ്മളിന്ന് ലോകത്തിന്റെ നേതൃനിരയിലാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ താമസിക്കുന്നത് ഇപ്പോൾ ഇൻഡ്യയിലാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത് നമ്മൾ ലോകരാഷ്ട്രങ്ങളുടെ ഇടയിൽ മുൻനിരയിൽത്തന്നെയാണ്. സൈനിക ശേഷിയിൽ നമ്മൾ ഒട്ടും പിന്നിലല്ല. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ നമുക്കിപ്പോൾ നേതൃസ്ഥാനം ഉണ്ട്. ജി-20 സമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനത്താണ് നാം. ലോകം ഇനി എങ്ങനെ മുന്നോട്ടു പോകണമെന്നു പറയാൻ നമുക്കിപ്പോൾ സാധിക്കും. നമ്മുടെ വിദേശകാര്യ പോളിസി സാമാന്യം നല്ലതുതന്നെയാണ്. നമുക്കിനി പിന്നോട്ടു പോകാനാവില്ല. ലോക നേതൃത്വം കൂടി ഏറ്റെടുക്കാൻ കഴിയുന്ന പാർട്ടിയും നേതാക്കളും നമുക്കുണ്ടാകണം. ഇൻഡ്യയ്ക്കു പ്രാമുഖ്യമുള്ള ഒരു പുതിയ ലോകക്രമം സൃഷ്ടിക്കാൻ നമുക്കു കഴിയും. അതിനൊക്കെ കരുത്തുള്ളവരാണ് നാം. അതു മനസ്സിലാക്കി വേണം ആസന്നമായ പാർലമെന്റു തിരഞ്ഞെടുപ്പിനെ നേരിടാൻ.

ക്രൈസ്തവർ എന്തു നിലപാടെടുക്കും. കേരളത്തിന്റെ എന്നു മാത്രമല്ല ഇൻഡ്യയുടെ തന്നെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ നമ്മളെന്നും സജീവരാണ്. തലയെടുപ്പുള്ള നേതാക്കളും നമുക്കുണ്ട്. രാഷ്ട്രീയ രംഗത്ത് നമ്മളെന്നും കോൺഗ്രസ് പക്ഷത്തായിരുന്നു. സത്യം പറഞ്ഞാൽ നമ്മൾ എന്നും





കോൺഗ്രസ്സിന്റെ വോട്ടുബാങ്കായിരുന്നു. പുതിയ തലമുറ പക്ഷേ മാറി ചിന്തിക്കുന്നുണ്ട്. നമ്മൾ ജനിച്ചുവളർന്ന കോൺഗ്രസ്സ് ഇന്നുണ്ടോ എന്നു പുതുതലമുറ ചോദിക്കുന്നു. അങ്ങനെ അട്ടിപ്പേറായി കിടന്ന് കോൺഗ്രസ്സിനു മാത്രം വോട്ടു ചെയ്യാൻമാത്രം ഈ പാർട്ടി നമുക്കെന്തു ചെയ്തു. രാജ്യത്തിന്റെ ഭാവി ഭാഗധേയം കൈയാളാൻമാത്രം കോൺഗ്രസ്സിനുണ്ടോ എന്ന് ചോദിക്കുന്നവരുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഇക്കുറി ഒരത്ഭുതം നടന്നുകൂടായ്കയില്ല.

ഒരുകാലത്ത് കമ്മ്യൂണിസ്റ്റുകാരെ കണ്ടുകൂടായിരുന്നു നമുക്ക്. ഇപ്പോൾ അയിത്തമൊക്കെ പോയി. എന്നാൽ രാജ്യരക്ഷയും ജനക്ഷേമവും അവർക്കിന്നു കൈമോശം വന്നിരിക്കുന്നു. അവരിന്ന് അവരുടെ പാർട്ടിക്കാരെ മാത്രമേ സേവിക്കൂ എന്നായിരിക്കുന്നു. അതിനുവേണ്ടി ഏതു നിയമവും കാറ്റിൽപ്പറത്തും. മാത്രമല്ല ദേശീയ തലത്തിൽ വലിയ പ്രതീക്ഷയില്ലാത്ത പാർട്ടിയാണിത്. അതിനേക്കാളുപരി കുറേ ക്രിമിനലുകളുടെ സങ്കേതമായി മാറിക്കഴിഞ്ഞു. പോരാഞ്ഞിട്ട് കമ്മ്യൂണിസം അറിയുന്നവരാരുമില്ല ഇപ്പോൾ ആ പാർട്ടിയിൽ. അതിനാൽ അവരെ അവരുടെ വഴിക്കു വിടുക.

യു.ഡി.എഫ്, എൽ.ഡി.എഫ് സഖ്യങ്ങൾ സെക്കുലർ ആണെന്ന് ആർക്കെങ്കിലും പറയാമോ? രണ്ടും വർഗ്ഗീയ പ്രീണനമാണ് തുടരുന്നത്. വർഗ്ഗീയതയാണ് രണ്ടു പാർട്ടിയുടെയും അന്തരാത്മാവ്. യു.ഡി.എഫ് മുസ്ലീം ലീഗിന് അടിയറവു പറഞ്ഞിരിക്കുന്നു എന്ന് ഒരു ആരോപണമുണ്ട്. ഇടതുപക്ഷവും ഇക്കാര്യത്തിൽ മോശമല്ല. മുസ്ലീം ലീഗിനെ പ്രലോഭിപ്പിച്ച് തങ്ങളുടെ ക്യാമ്പിലെത്തിക്കാനുള്ള തത്രപ്പാടിലാണവർ.

ആം ആദ്മി പാർട്ടി പ്രതീക്ഷയുണർത്തി വരുന്നുണ്ട്. ഒരു ദേശീയ പാർട്ടിയായി അവർ വളർന്നിട്ടില്ല. ഇന്ത്യാ മുന്നണി ഒരൊറ്റ പാർട്ടിയല്ലല്ലോ. മാത്രമല്ല ദാർശനികമായ അടിത്തറയില്ല, ശരിയായ നേതൃത്വമില്ല. എന്നാലും പ്രതീക്ഷയ്ക്കു വകയില്ലാതില്ല.

ബി.ജെ.പി. കരുത്തോടെ ഇപ്പോൾ ഇന്ത്യ ഭരിക്കുന്നു. അവർ നേതൃത്വം കൊടുക്കുന്ന വികസന പ്രവർത്തനങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. വിദേശനയം ശ്ലാഘനീയമാണ്. മോദിക്കു വിദേശത്തുള്ള സ്വീകാര്യത ചെറുതൊന്നുമല്ല. അഴിമതി ഇല്ലെന്നുവേണം കരുതാൻ. ഹിന്ദുരാഷ്ട്ര നിർമ്മിത് എന്ന ഹിഡൻ അജണ്ട അവർക്കുണ്ട്. നമ്മളുമൊക്കെ ആ പാർട്ടിയിലുണ്ടെങ്കിൽ അത്തരം മോഹങ്ങൾ പാർട്ടിക്ക് ഉപേക്ഷിക്കേണ്ടി വരില്ലേ? ബിജെപി യും മാറുന്നുണ്ട് എന്നതു മറക്കാതിരിക്കാം. ബി.ജെ.പി. കേരളത്തിൽ ഇക്കുറി അക്കൗണ്ടു തുറക്കാനാണു സാധ്യത. കരുണാകരന്റെ മകൾ പത്മജ, എ.കെ. ആന്റണിയുടെ മകൻ അനിൽ ആന്റണി എന്നിവരെല്ലാം ബി.ജെ.പി.യിലേക്കു ചേക്കേറി കഴിഞ്ഞു. ഇനിയും അയിത്തം കല്പിച്ചു പുറത്തു നിർത്തിയാൽ നാളെ അവർ നമ്മെ പുറത്തു നിർത്തും. അതിലും നല്ലത് നമുക്കകത്തു കടക്കുകയല്ലേ വേണ്ടത്. മാത്രമല്ല എത്രകാലം നമ്മൾ അധികാരസീമകൾക്കു പുറത്തു ജീവിക്കും.

നമുക്ക് ഒരു പാർട്ടിയെ മാത്രം പിന്തുണയ്ക്കണമെന്നോ ഒരു തീരുമാനം മാത്രം മതിയെന്നോ നിർബന്ധമില്ലല്ലോ. പലതരത്തിൽ ചിന്തിക്കാം, തീരുമാനിക്കാം. പ്രശ്നാധിഷ്ഠിത രാഷ്ട്രീയ നിലപാടു സ്വീകരിക്കാം. സമദൂര സിദ്ധാന്തവും സ്വീകരിക്കാം. ഇങ്ങോട്ടു സഹായിക്കുന്നവരെ അങ്ങോട്ടും സഹായിക്കാം. കുറേക്കൂടി മുന്നോട്ടു ചിന്തിച്ചാൽ ആവുന്നത്ര പാർട്ടികളിലേക്ക് നമ്മുടെ പ്രവർത്തകരെ വളർത്തി വിടുന്നതും മറ്റൊരു മാർഗ്ഗമാണ്. ഇങ്ങനെ ഏതു നിലപാടും സ്വീകരിക്കാം. പക്ഷേ രാജ്യത്തിന്റെയും ജനങ്ങളുടെയും നന്മയും കത്തോലിക്കാ സഭയുടെ നിലനില്പും വളർച്ചയും ഒക്കെ കണക്കാക്കിക്കൊണ്ട് ഒരു നല്ല തീരുമാനമെടുക്കാൻ നമുക്ക് ചർച്ച ചെയ്യാം. ഇക്കുറി മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ തകർപ്പൻ നേതാക്കളെയാണ് തിരഞ്ഞുപിടിച്ചു കളത്തിലിറക്കിയിരിക്കുന്നത്. എന്തുവന്നാലും നമ്മൾ ഇരുട്ടിലാവില്ല. എന്നാലും ജാഗ്രത പാലിക്കുന്നതു നല്ലതുതന്നെ.



അനുഗൃഹീത മിഷണറിമാർ...

വടുതലക്കാർക്ക് ഒരു പതിമൂന്നാം പെരുന്നാൾ ഉണ്ട്. ക്രിസ്മസ് കഴിഞ്ഞ് പതിമൂന്നാം ദിനം എത്തിച്ചേരുന്ന തട്ടാഴത്തമ്മയുടെ തിരുനാൾ. വടുതലയുടെ ജനകീയ ഉത്സവമാണ് തട്ടാഴത്തമ്മയുടെ തിരുനാൾ. സ്വദേശത്തും വിദേശത്തും ജോലി ചെയ്യുന്നവരും താമസിക്കുന്നവരും പിറന്ന നാട്ടിലേക്ക് ഈ ദിനങ്ങളിൽ എത്തിച്ചേരും. തിരുനാൾ ദിനത്തിൽ ദിവ്യബലി അർപ്പിക്കാൻ ഡോൺ ബോസ്കോയിൽ പോയത് വലിയൊരു അനുഗ്രഹമായി. നാലു പതിറ്റാണ്ടായി ആഫ്രിക്കയിലെ സുഡാനിൽ മിഷണറിയായി സേവനം ചെയ്യുന്ന ഫാ ജോസഫിനെ പരിചയപ്പെടാൻ ഇടയായി. ദിവ്യവലിക്ക് ശേഷം അച്ചനുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിൽ നിന്ന് കൂടുതൽ വിശേഷങ്ങൾ അറിയാൻ ആഗ്രഹമുണ്ടായി. ലൂർദ് ആശുപത്രിയിലേക്ക് ക്ഷണിക്കുമ്പോൾ അതൊരു അഭിമുഖമായി വളരുമെന്ന് കരുതിയിരുന്നില്ല;എന്നാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ അത് എല്ലാവരും അറിയുന്നത് നന്നായിരിക്കുമെന്ന് തോന്നി. അങ്ങനെയാണ് ഈ അഭിമുഖം പിറന്നത്. എന്റെ ആദ്യ ചോദ്യം.

എന്തുകൊണ്ടാണ് മിഷണറിയായി ആഫ്രിക്കയിലേക്ക് പോകാൻ തീരുമാനിച്ചത്?



* 1978-ൽ സലേഷ്യൻ സഭയുടെ ജനറൽ കൗൺസിൽ റോമിൽവച്ച് ചേരുകയുണ്ടായി. അസംബ്ലിയിൽ ഉയർന്ന ഒരു ചോദ്യം എല്ലാവരേയും നടുക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സലേഷ്യൻസ് മിഷണറിമാരായി സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിലും എന്തുകൊണ്ട് ദാരിദ്ര്യമുള്ള ആഫ്രിക്കയിൽ നമ്മൾ പോയില്ല എന്ന ചോദ്യമായിരുന്നു. ആ ചോദ്യത്തിനുള്ള ഉത്തരം ആ ജനറൽ അസംബ്ലിയിൽ തന്നെ ഉണ്ടായി. ഓരോ പ്രൊവിൻസിൽ നിന്നും മൂന്നു പേരെ വീതം ആഫ്രിക്കയിലേക്ക് അയയ്ക്കാൻ തീരുമാനമായി. അങ്ങനെ ഇന്ത്യയിലെ വിവിധ പ്രൊവിൻസുകളിൽ നിന്നായി 9 പേർ ആഫ്രിക്കയിലേക്ക് തിരിച്ചു.

ആഫ്രിക്കയിലെ ടാൻസാനിയയിലാണ് ഞങ്ങളുടെ സേവനം ആരംഭിച്ചത്. ദാരിദ്ര്യം കൊടുമ്പിരികൊണ്ടിരുന്ന ടാൻസാനിയായിലെ സേവനം ആദ്യവർഷങ്ങളിൽ ദുസ്സഹമായിരുന്നു. പല്ലുതേക്കാൻ ടൂത്ത് പേസ്റ്റ് പോലും ലഭിക്കാത്ത നാളുകൾ. പിന്നീട് സേവനം സുഡാനിലേക്ക് മാറ്റി. ആഭ്യന്തര കലഹങ്ങൾകൊണ്ട് സുഡാൻ കലങ്ങി മറിഞ്ഞു. 2011 വരെ അത് നീണ്ടുനിന്നു. 2019 ജൂലൈ 9ന് തെക്കൻ സുഡാനിലെ 10 സംസ്ഥാനങ്ങൾ ചേർന്ന് സൗത്ത് സുഡാൻ (Republic of South Sudan) രൂപീകരിച്ചു. വടക്കൻ സുഡാനിൽ പട്ടാളവും ഏകാധിപത്യവും ശക്തമായപ്പോൾ മിഷണറിമാരായി പ്രവർത്തിച്ചവർക്ക് അവിടെനിന്നും മടങ്ങേണ്ടിവന്നു. ഞങ്ങളുടെ അഞ്ചോളം ഭവനങ്ങൾ പൂട്ടി. എന്നിട്ടും തങ്ങൾ സ്നേഹിച്ച ജനങ്ങളെ ഉപേക്ഷിച്ച് വരാൻ തയ്യാറാകാതിരുന്ന മൂന്നു വൈദികരും കന്യാസ്ത്രീകളും ഇപ്പോഴും വടക്കൻ സുഡാനിലുണ്ട്. അവരിൽ ഒരാൾ മലയാറ്റൂർ സ്വദേശിയായ ജേക്കബ് തേലക്കാട്ടാണ്.

ഞങ്ങൾ തെക്കൻ സുഡാനിന്റെ തലസ്ഥാനമായ ജൂബയിലേക്കാണ് പോയത്. ലോകത്തിലെ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിലൊന്നാണ് സൗത്ത് സുഡാൻ. 90 ദശലക്ഷം ജനങ്ങളാണ് തെക്കൻ സുഡാനിലുള്ളത്. അതിൽ പകുതിയോളം അഭയാർത്ഥികളാണ്. നൈൽ നദിയാണ് സുഡാനെ ജലസമൃദ്ധിയിൽ ആഴ്ത്തുന്നത്. രണ്ട് നൈൽ നദികൾ ഉണ്ട്. ബ്ലൂ നൈലും വൈറ്റ് നൈലും. ഇവ ജനങ്ങളുടെ കാർഷിക ആവശ്യങ്ങൾക്ക് വെള്ളം നൽകുന്നു. എത്യോപ്യയിൽ അണക്കെട്ട് നിർമ്മിക്കാൻ നീക്കങ്ങൾ ഉണ്ടായപ്പോൾ ആഭ്യന്തര സംഘർഷം വർദ്ധിച്ചു.

ഏതുതരത്തിലുള്ള പ്രവർത്തനങ്ങളിലാണ് സലേഷ്യൻസ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ളത്?

ക്രൈസ്തവ വിശ്വാസത്തിൽ ജനങ്ങളെ ആഴപ്പെടുത്തുക എന്നതാണ് ഞങ്ങളുടെ പ്രധാന ദൗത്യം. എന്റെ ഇടവകയിൽ സഭാനിയമങ്ങൾക്ക് അനുസൃതമായി വിവാഹം കഴിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം മൂന്നു മാത്രമാണ്. രണ്ടും മൂന്നും ഭാര്യമാരുള്ളവർ ഇടവകയിൽ ഏറെയുണ്ട്. കുടുംബജീവിതത്തെ ക്രമപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുന്നു. വിദ്യാലയവും യൂത്ത് സെന്ററും പ്രൈമറി ഹെൽത്ത് സെന്ററുകളും ഞങ്ങൾക്കുണ്ട്. തെക്കൻ സുഡാനിലെ അഭയാർത്ഥികളെ കുറിച്ച് നേരത്തെ പറഞ്ഞുവല്ലോ. പത്തുവർഷമായി ഞങ്ങളുടെ ഇടവകയിൽ അഭയാർത്ഥികളായി കഴിയുന്ന 1500 ഓളം കുടുംബങ്ങളുണ്ട്. അവരെ പരിപാലിക്കുന്നതും ഞങ്ങളാണ്. തെക്കൻ സുഡാനിൽ നിരവധി ആദിവാസി സമൂഹങ്ങൾ ഉണ്ട്. അവർക്ക് വിഭിന്നങ്ങളായ ഭാഷകളുമുണ്ട്. ഇംഗ്ലീഷും അറബിയും ആണ് പൊതുവായ ഭാഷ പ്രാദേശിക ഭാഷയായ ബാരിയും ഏറെ പേർ ഉപയോഗിക്കുന്നു. ആ ഭാഷയിലും ഞങ്ങൾ ദിവ്യബലിയർപ്പിക്കുന്നുണ്ട്. സംഗീതവും ഫുട്ബോളും ഞങ്ങളുടെ മിഷനറി പ്രവർത്തനങ്ങൾക്ക് സഹായമായി മാറുന്നുണ്ട്. മികച്ച സംഗീതമാണ് ഇവിടുത്തെ ജനങ്ങൾക്ക് ഉള്ളത്. നിരവധി ക്രൈസ്തവ ഗാനങ്ങൾ അറബിയിലും ബാരിയിലുമുണ്ട്. യുവജനങ്ങൾ പങ്കെടുക്കുന്ന അതിവിപുലമായ ഫുട്ബോൾ ടൂർണമെന്റുകൾ ഞങ്ങൾ സംഘടിപ്പിച്ചു വരുന്നു. വലിയ ആശുപത്രികൾ ഒന്നും തെക്കൻ സുഡാനിലില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് ജനങ്ങൾക്ക് ആശ്രയം. ഞങ്ങളുടെ സിസ്റ്റേഴ്സ് അത്തരം പ്രാഥമിക കേന്ദ്രങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്.

59കാരനായ കാർഡിനൽ സ്റ്റീഫൻ അമേയു മാർട്ടിൻ മുല്ലയാണ് ജൂബ അതിരൂപതയുടെ ഇടയൻ. ആഭ്യന്തര കലഹങ്ങൾക്കിടയിൽ സമാധാനത്തിന്റെ സന്ദേശം

വിതറിയ സ്റ്റീഫൻ പിതാവിനെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കാർഡിനൽ സ്ഥാനത്തേക്ക് ഉയർത്തിയതോടുകൂടി അദ്ദേഹം ലോക പ്രശസ്തനായി.

സുഡാനിലെ ജനങ്ങളെ കുറിച്ച് പറയാമോ?

പരസ്പരം കണ്ടുമുട്ടുമ്പോൾ ബഹുമാനത്തോടെ അഭിവാദ്യം ചെയ്യുക എന്നത് അവിടുത്തെ ഒരു സാധാരണ മര്യാദയാണ്. ഒരു കടയിൽ ചെന്നാൽ നമ്മൾ കടയുടമയെ അഭിവാദ്യം ചെയ്യണം. ഇല്ലെങ്കിൽ ആ കടയിലെ ഒരു സാധനവും നിങ്ങൾക്ക് അദ്ദേഹം തരില്ല. കാരണം ചോദിച്ചാൽ നിങ്ങൾ എന്നെ കണ്ടപ്പോൾ അഭിവാദ്യം ചെയ്തില്ല പിന്നെന്തിനാണ് ഞാൻ നിങ്ങൾക്ക് എന്റെ കടയിലെ സാധനങ്ങൾ തരുന്നത് എന്ന മറുചോദ്യമായിരിക്കും ലഭിക്കുക.

അങ്ങയുടെ ദൈവവിളിയുടെ ഉറവിടം എന്തായിരുന്നു?

വീടിനു മുന്നിലെ ലൂർദ്ദാശുപത്രിയും അവിടത്തെ പള്ളിയുമായിരുന്നു എന്റെ കുട്ടിക്കാലത്തെ പ്രധാന കേന്ദ്രങ്ങളിൽ ഒന്ന്. അവിടെ അൾത്താര ബാലനായി ഞാൻ സേവനം ചെയ്തു. പിന്നെ ഡോൺ ബോസ്കോയിലെ ഫുട്ബോൾ കളിയും സംഗീതവും എന്നെ സ്വാധീനിച്ചു. ഫാ ഫ്രാൻസിസ് ഗേസു, ഫാ കൊമേന്തു, ഫാ.വർഗീസ്, ഫാ. ലൂയീസ് എന്നിവർ പ്രചോദനമായി. ഫുട്ബോൾ കളി കഴിയുമ്പോൾ അച്ചന്മാരിൽ ആരെങ്കിലും ഞങ്ങളെ ദേവാലയത്തിനകത്തേക്ക് കൂട്ടിക്കൊണ്ടുപോകും. അവിടെ പ്രാർത്ഥനയുണ്ട്; വൈദികരുടെ ചെറിയ ഷെയറിങ് ഉണ്ട്. ആ വൈദികർ വലിയ മാതൃക കളായി മാറി. അവരെ പിന്തുടരാനുള്ള ആഗ്രഹം ഹൃദയത്തിൽ തീക്ഷ്ണമായി. സെന്റ് ആൽബർട്സ് സ്കൂളിൽ പഠിക്കുമ്പോൾ സലേഷ്യൻ വൈദികർ ആർക്കൊക്കെ സെമിനാരിയിൽ ചേരണം എന്ന ചോദ്യവുമായി ക്ലാസിൽ വന്നു. ഞാൻ കൈപൊക്കി. വീട്ടുകാരുടെ അനുവാദത്തോടെ ആറാം ക്ലാസിൽ പഠിക്കുമ്പോൾ മൈനർ സെമിനാരിയിൽ ചേർന്നു. ഒരു വർഷം വടുതലയിലും പിന്നീട് തമിഴ്നാട്ടിലെ ഏർക്കാടും പീച്ചിയിലുമായി വൈദികപഠനം പൂർത്തിയാക്കി.

എവിടെ വച്ചായിരുന്നു പൗരോഹിത്യ സ്വീകരണം?

1978 ഡിസംബർ 23ന് വടുതല ഡോൺ ബോസ്കോയിൽ വച്ചാണ് ഞാൻ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടത്. ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ് ജോസഫ് കേളന്തറ പിതാവിൽ നിന്നാണ് വൈദികപട്ടം സ്വീകരിച്ചത്.

അന്ന് എന്റെ ബാച്ചിൽ ഞാൻ മാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് വടുതലയിൽ, ഞാൻ കളിച്ചു വളർന്ന നാട്ടിൽ വച്ച് എനിക്ക് അവിടുത്തെ പുരോഹിതനായി ദൈവം എന്നെ ഉയർത്തി. ഞാൻ പീച്ചിയിലെ സെമിനാരിയിൽ ഒരു വർഷം ജോലി ചെയ്തു. പിന്നീട് ആഫ്രിക്കയിലേക്ക് മിഷണറി പ്രവർത്തനത്തിനായി തിരിച്ചു.

കുടുംബത്തെ കുറിച്ച്?

പുളിക്കൽ ലാസറിന്റെയും മേരിയുടെയും ഏഴു മക്കളിൽ മൂത്ത പുത്രനായിട്ടാണ് ഞാൻ ജനിച്ചത്. നാല് ആൺമക്കളും മൂന്നു പെൺമക്കളും. അപ്പച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റിപിതാവിന്റെ ഡ്രൈവറായിരുന്നു. 20 വർഷത്തോളം അദ്ദേഹം പിതാവിനോടൊപ്പം ജോലി ചെയ്തു. അട്ടിപ്പേറ്റി പിതാവിനെ കുറിച്ചുള്ള വിശേഷങ്ങൾ അപ്പച്ചൻ വീട്ടിൽ പറയുമായിരുന്നു. ഞങ്ങൾക്ക് വീട് വച്ചുനൽകിയത് പിതാവാണ്. ഞാൻ സെമിനാരിയിൽ നിന്ന് അവധിക്ക് വരുമ്പോൾ പിതാവിനെ കാണുവാൻ പോകുമായിരുന്നു. അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിനോടും അടുത്ത സൗഹൃദം പുലർത്തിയിരുന്നു.

ദൈവവിളി കുറയുന്നതിനെ കുറിച്ച് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥനകൾ കുറഞ്ഞു പോകുന്നില്ലേ എന്ന് ഞാൻ സംശയിക്കുന്നു. കുടുംബ പ്രാർത്ഥന നടക്കാതെ പോകരുത്. ദിവ്യബലിയിൽ പങ്കെടുക്കുന്ന കുട്ടികളുടെയും യുവാക്കളുടെയും എണ്ണം ഞാൻ ശ്രദ്ധിക്കാറുണ്ട്. അത് കുറഞ്ഞു പോകുന്നു. കുട്ടികളെയും യുവജനങ്ങളെയും സ്വാധീനിക്കുന്ന റോൾ മോഡലുകളായ വൈദികർ നമുക്കുണ്ടാകണം. അവരുടെ ജീവിത സാക്ഷ്യമാണ് ദൈവവിളിയെ ശക്തിപ്പെടുത്തുന്നത്.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അച്ചന്റെ സഹോദരനും ആസാമിൽ നിന്നുള്ള രണ്ട് സിസ്റ്റേഴ്സും പുറത്തെത്തി. അവരെ എനിക്കു പരിചയപ്പെടുത്തിയ അച്ചൻ സലേഷ്യൻ മിഷനറിമാർ പ്രവർത്തിച്ച ആസാമിൽ നിന്ന് ഇപ്പോൾ കൂടുതൽ മിഷനറിമാർ ഉണ്ടാകുന്നു എന്ന് എന്നെ ഓർമ്മപ്പെടുത്തി. ഇന്ത്യയിലെ ഏറ്റവും വലിയ മിഷണറിമാർ സലേഷ്യൻസായിരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അവർ വിതച്ച വിത്തുകൾ പലമടങ്ങായി ഇപ്പോൾ തിരികെ ലഭിച്ചുകൊണ്ടി രിക്കുന്നു. ആഫ്രിക്കയിലെ സേവനത്തിനായി ഇറങ്ങി തിരിച്ച സിസ്റ്റേഴ്സിന്റെ മുഖം ദൈവസ്നേഹ ത്താൽ തേജസുള്ളതായിരുന്നു. തങ്ങൾക്ക് ക്രിസ്തുവിനെ നൽകിയ മിഷണറിമാരിൽ നിന്ന് സ്വീകരിച്ച ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവർക്ക് നൽകാൻ സന്നദ്ധരായവർ.

അവരെ യാത്രയാക്കുമ്പോൾ ആദിമ ക്രൈസ്തവ സമൂഹത്തിലെ അപ്പസ്തോലന്മാരെ ഓർത്തു. അവരെ വഴിനടത്തിയ സർവ്വശക്തനായ ദൈവത്തെയും.



ഡോ. സി. റോമിയ റോഡ്രിഗ്സ്
MBBS MD FGID
കൺസൾട്ടന്റ് ഫിസിഷ്യൻ,
ലൂർദ് ആശുപത്രി

1948 ഏപ്രിൽ 7-നാണ് ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും ലോകത്തെ സുരക്ഷിതമായി നില നിർത്തുന്നതിനും ദുർബലരെ സേവിക്കുന്നതിനുമായി ലോകരാജ്യങ്ങൾ ഒന്നിച്ചുകൊണ്ട് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ WHO (ലോകാരോഗ്യ സംഘടന) സ്ഥാപിക്കപ്പെട്ടത്. 1950-മുതലാണ്

ആരോഗ്യം ജീവിതരീതിയാക്കാം

ഏപ്രിൽ 7-ാം തീയതി ലോകാരോഗ്യ ദിനമായി ആചരിച്ചു തുടങ്ങിയത്. ലോകമെമ്പാടും ദശലക്ഷക്കണക്കിന് ആളുകളുടെ ആരോഗ്യത്തിനു കൂടുതൽ കൂടുതൽ ഭീഷണികൾ നേരിടുന്ന ഒരു കാലഘട്ടമാണിത്. ഫോസ്സിൽ ഇന്ധനങ്ങൾ കത്തിക്കുന്നത് ഒരേ സമയം കാലാവസ്ഥാ പ്രതിസന്ധിയിലേക്ക് നയിക്കുകയും ശുദ്ധവായു ശ്വസിക്കാനുള്ള നമ്മുടെ അവകാശത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഓരോ സെക്കൻഡിലും ഒരു ജീവൻ അപഹരിക്കുന്ന വായുമലിനീകരണം, പ്രത്യേകിച്ചു വീടിനകത്തും പുറത്തും സംഭവിക്കുന്നുണ്ട്. WHO കൗൺസിൽ ഓൺ ദി ഇക്കണോമിക്സ് ഓഫ് ഹെൽത്ത് ഫോർ ഓൾ റിപ്പോർട്ട് പ്രകാരം 140 രാജ്യങ്ങൾ തങ്ങളുടെ ജനസംഖ്യയ്ക്ക് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ അർഹതയുള്ളവരാണെന്നു ഉറപ്പാക്കാൻ നിയമങ്ങൾ പാസ്സാക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല എന്നുള്ളത് പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നുണ്ട്. 2021-ലെ കണക്കുകൾ പ്രകാരം കുറഞ്ഞത് 4-5 ബില്യൺ ആളുകൾ അതായത് ലോകജനസംഖ്യയുടെ പകുതിയിലധികം പേരുടെ ആവശ്യ ആരോഗ്യ സേവനങ്ങൾ പൂർണമായും പരിരക്ഷിച്ചിട്ടില്ലെന്ന വസ്തുത ഇത് അടിവരയിടുന്നു. ഇത്തരത്തിലുള്ള വെല്ലുവിളികളെ നേരിടാൻ 2024-ലെ ലോകാരോഗ്യ ദിനത്തിന്റെ തീം 'എന്റെ ആരോഗ്യം, എന്റെ അവകാശം' എന്നാണ്. ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ, വിദ്യാഭ്യാസം, വിവരങ്ങൾ, സുരക്ഷിതമായ കുടിവെള്ളം, ശുദ്ധവായു, നല്ല പോഷകാഹാരം, ഗുണമേന്മയുള്ള പാർപ്പിടം, മാന്യമായ തൊഴിൽ, പാരിസ്ഥിതിക സാഹചര്യങ്ങൾ, സ്വാതന്ത്ര്യം എന്നിവയ്ക്കുള്ള എല്ലാവരുടെയും അവകാശം നേടിയെടുക്കുന്നതിനാണ് ഈ വർഷത്തെ തീം തിരഞ്ഞെടുത്തിരിക്കുന്നത്. ഇന്ന് കേരളത്തിൽ ഏറെ ആശങ്ക ഉണർത്തുന്ന കാര്യങ്ങളിൽ ഒന്നാണ് മാറുന്ന കാലാവസ്ഥ, പ്രത്യേകിച്ച് കൂടി വരുന്ന ചൂട്. തീവ്രമായ ചൂട് ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർ, കുട്ടികൾ, ഷുഗർ, കിഡ്നി രോഗികൾ എന്നിവരെയാണ് ഇത് കൂടുതലായി ബാധിക്കുന്നത്. അതിതീവ്രമായ ചൂടിന് കാരണം എൽനിനോ എന്ന പ്രതിഭാസമാണെന്ന് നമുക്കറിയാം.


വേനൽക്കാലത്ത് നാം സൂക്ഷിക്കേണ്ട ചില കാര്യങ്ങൾ വ്യക്തമാക്കട്ടെ. നിർജ്ജലീകരണം കൂടുമ്പോൾ ശരീരത്തിൽ പൊട്ടാസ്യത്തിന്റെയും സോഡിയത്തിന്റെയും അളവ് കുറയും. അതിന് കാരണമാകുന്നത് അതിതീവ്ര ചൂടും ഉയർന്ന അന്തരീക്ഷ താപവുമാണ്.

പസഫിക് സമുദ്രത്തിൽ ഭൂമധ്യരേഖാ പ്രദേശത്ത് ചൂടുകൂടിയ സമുദ്രജലത്തിന്റെ വിതരണം താളംതെറ്റുന്നതാണ് എൽനിനോയ്ക്ക് വഴിവയ്ക്കുന്നത്. സാധാരണയായി, ഇന്തോനേഷ്യയ്ക്കും ഫിലിപ്പീൻസിനും സമീപം പടിഞ്ഞാറൻ ഉഷ്ണമേഖലാ പസഫിക് സമുദ്രത്തിലെ ചൂടുവെള്ളം മധ്യരേഖയോട് ചേർന്ന് തെക്കേ അമേരിക്കയുടെ തീരത്തേക്ക് മാറുമ്പോഴാണ് എൽനിനോ ആരംഭിക്കുന്നത്. ഇങ്ങനെ പ്രവഹിക്കുന്ന ചൂടുകൂടിയ സമുദ്രജലം മത്സ്യങ്ങളുൾപ്പെടെയുള്ള ജലജീവികളുടെയും നാശത്തിന് കാരണമാകും. മാത്രമല്ല, ജലത്തിന്റെ ഘാതുഘടനയിൽ മാറ്റം ഉണ്ടാക്കുകയും പോഷകമൂല്യങ്ങൾ നഷ്ടപ്പെടുന്നതിനും കാരണമാകും. മത്സ്യസമ്പത്ത് കുറയുന്നതോടെ കടൽ പക്ഷികളുടെ പട്ടിണി മരണത്തിനും ഇത് ഇടയാക്കും. മാത്രമല്ല എൽനിനോ കാലത്ത് പസഫിക് സമുദ്രത്തിൽ കിഴക്കുനിന്ന് പടിഞ്ഞാറേയ്ക്കു സഞ്ചരിക്കുന്ന ട്രേഡ് വിൻഡ്സ് (Trade Winds) നിലയ്ക്കുകയോ ദുർബലമാവുകയോ ചെയ്യും. എതിർദിശയിലേക്കുള്ള കാറ്റിന്റെ ശക്തി വർധിക്കും. 2024-ൽ "സൂപ്പർ എൽ നിനോ" യ്ക്ക് സാധ്യത ഉണ്ടെന്നും അത് മൺസൂണിനെ സ്വാധീനിക്കുമെന്നും പഠനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു.

അതുപോലെ തന്നെയാണ് വേനൽകാലത്തുണ്ടാകുന്ന പകർച്ചവ്യാധികളും ചെങ്കണ്ണ്, ചിക്കൻപോക്സ്, വയറിളക്ക രോഗങ്ങൾ എന്നിവയും നാം സൂക്ഷിക്കേണ്ടത്. ഈ അടുത്ത ദിവസങ്ങളിലായി പത്രവാർത്തകളിൽ നമ്മെ ആശങ്കപ്പെടുത്തുന്ന ഒന്നാണ് മമ്പ്സ് രോഗം (മുണ്ടിനീര്). പണ്ട് കുട്ടികളിൽ മാത്രമാണ് ഈ രോഗം കൂടുതലായി കണ്ടു വന്നിരുന്നത്. എന്നാൽ ഫലപ്രദമായ വാക്സിനേഷൻ അത് വളരെയധികം കുറച്ചു. എന്നാൽ ഈ വർഷം ഏകദേശം ആയിരം കുട്ടികളിൽ ഈ രോഗം സ്ഥിരീകരിച്ചു കഴിഞ്ഞു. അതുപോലെ ഇപ്പോൾ മുതിർന്നവരിലും ഈ രോഗം കണ്ടു വരുന്നു. മുതിർന്നവർക്കുള്ള വാക്സിനേഷൻ ഷെഡ്യൂളിൽ മമ്പ്സ് വാക്സിനേഷൻ ഉൾപ്പെടുത്തേണ്ടതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

മുണ്ടിനീര് (മമ്പ്സ് രോഗം)

ഉമിനീർ ഗ്രന്ഥികളെ പ്രത്യേകിച്ച് പരോട്ടീഡ് ഗ്രന്ഥികളെ ബാധിക്കുന്ന വൈറൽ രോഗമാണ് മുണ്ടിനീര്. രോഗബാധിതനായ ഒരാൾ തുമ്മുകയോ ചുമയ്ക്കുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ അവരുടെ വായിൽ നിന്നും മൂക്കിൽനിന്നും ഉമിനീർ, അഥവാ മ്യൂക്കസ് അല്ലെങ്കിൽ ശ്വാസനത്തുള്ളികൾ പുറത്തുവരുമ്പോൾ വൈറസ് അണുബാധ പടരുന്നു. ഈ രോഗം മറ്റുള്ളവരിലേക്കും വേഗത്തിൽ പകരാം. വിശപ്പ് നഷ്ടപ്പെടുക, ഫ്ലൂ പോലെയുള്ള ലക്ഷണങ്ങൾ തുമ്മൽ, ചുമ, ഉയർന്ന പനി, വേദനാജനകമായ വീർത്ത കവിൾത്തടങ്ങൾ, പേശികളുടെ വേദന, ഭയങ്കര ക്ഷീണവും തളർച്ചയും, വയറുവേദന, ഓക്കാനം, കൗമാരക്കാരായ ആൺകുട്ടികളിൽ വൃഷണങ്ങളിൽ വേദന ഇവയൊക്കെയാണ് രോഗലക്ഷണങ്ങൾ. രോഗം ബാധിച്ചവരിൽ അണുബാധ ഉണ്ടായി ഗ്രന്ഥികളിൽ



വീക്കം കണ്ടുതുടങ്ങുന്നതിനു തൊട്ടുമുമ്പും വീക്കം കണ്ടുതുടങ്ങി നാല് മുതൽ ആറ് ദിവസം വരെയുമാണ് രോഗം സാധാരണ പകരുന്നത്. കുട്ടികളിലാണ് രോഗം കൂടുതൽ കണ്ടുവരുന്നതെങ്കിലും മുതിർന്നവരിലും ഇത് കൂടുതലായി കാണപ്പെടുന്നു.

ചെവിയുടെ താഴെ കവിളിന്റെ വശങ്ങളിലാണ് പ്രധാനമായും വീക്കം ഉണ്ടാകുന്നത്. ഇത് ചെവിക്കു താഴെ മുഖത്തിന്റെ ഒരു വശത്തെയോ രണ്ടു വശങ്ങളെയോ ബാധിക്കും. നീരുള്ള ഭാഗത്തു വേദന അനുഭവപ്പെടാം. ചെറിയ പനി, ശരീരം വേദന, തല വേദന ഇതൊക്കെയാണ് പ്രാരംഭ ലക്ഷണങ്ങൾ. വായ തുറക്കാനും ചവയ്ക്കുന്നതിനും വെള്ളമിറക്കുന്നതിനും പ്രയാസം ഉണ്ടാവാം. ഈ രോഗലക്ഷണങ്ങൾ ഉള്ളവർ ഉടൻ ചികിത്സാ സഹായം തേടുക. രോഗിയുമായി അടുത്തിടപഴകുന്നവർക്ക് രോഗം പെട്ടെന്ന് പകരാം. രോഗം പകരുന്നത് കഴിവതും ഒഴിവാക്കുക. അസുഖം ബാധിച്ചവർ പൂർണ്ണമായും രോഗം ഭേദമാകുന്നതുവരെ വീട്ടിൽ കഴിയുക. രോഗികളായ കുട്ടികളെ സ്കൂളിൽ വിടരുത്. രോഗി ഉപയോഗിച്ച വസ്തുക്കൾ അണുവിമുക്തമാക്കുക. മുണ്ടിനീരിന്റെ ലക്ഷണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ അധ്യാപകർ രക്ഷിതാക്കളെയും ആരോഗ്യ പ്രവർത്തകരേയും അറിയിക്കുക. ആഹാരവസ്തുക്കൾ, കുടിവെള്ളം എന്നിവ രോഗിയുമായി പങ്കിടരുത്. ഇത് ഒരു വൈറൽ രോഗമായതിനാൽ ആന്റിബയോട്ടിക്സിന് വലിയ റോളില്ല. രോഗികൾ ധാരാളം വെള്ളം കുടിക്കുക, പുളിപ്പുള്ള പാനീയങ്ങൾ ഉപയോഗിക്കാതിരിക്കുക, ചവയ്ക്കാൻ ബുദ്ധിമുട്ടില്ലാത്ത നേർത്ത സോഫ്റ്റ് ആയിട്ടുള്ള ഭക്ഷണങ്ങൾ കഴിക്കുക, നീരിന്റെ വേദന കൂടുന്നുണ്ടെങ്കിൽ ഇളം ചൂടുള്ള ഉപ്പുവെള്ളംകൊണ്ട് ഗാർഗിൾ ചെയ്യുക, ഐസ് വയ്ക്കുന്നതും തുണി ഉപയോഗിച്ച് ചൂടുവയ്ക്കുന്നതും നീരിനും വേദനയ്ക്കും ആശ്വാസം നൽകാൻ സഹായിക്കും. രണ്ടാഴ്ചകൊണ്ട് ഈ രോഗം ഭേദമാകാറുണ്ട്. പ്രത്യേക ശ്രദ്ധ പുലർത്തിയില്ലെങ്കിൽ തലച്ചോർ, വൃഷണം, അണ്ഡാശയം, പാൻക്രിയാസ് ഗ്രന്ഥി ഇവയ്ക്ക് അണുബാധ ഉണ്ടാകാം. ചികിത്സിച്ചില്ലെങ്കിൽ കേൾവി തകരാറിനും ഭാവിയിൽ പ്രത്യുത്പാദനത്തിനും തകരാറുകൾ ഉണ്ടാകാനും സാധ്യത ഉണ്ട്.

വേനൽക്കാലത്ത് ശ്രദ്ധിക്കേണ്ടവ

ആരോഗ്യസംരക്ഷണത്തിന് വളരെ പ്രാധാന്യം അർഹിക്കുന്നതാണ് വേനൽക്കാലം. ഈ വേനൽക്കാലത്ത് നാം സൂക്ഷിക്കേണ്ട ചില കാര്യങ്ങൾ വ്യക്തമാക്കട്ടെ. നിർജ്ജലീകരണം കൂടുമ്പോൾ ശരീരത്തിൽ പൊട്ടാസ്യത്തിന്റെയും സോഡിയത്തിന്റെയും അളവ് കുറയും. അതിന് കാരണമാകുന്നത് അതിതീവ്ര ചൂടും ഉയർന്ന അന്തരീക്ഷ താപവുമാണ്.

സൂര്യാഘാതം

അന്തരീക്ഷ താപം ഒരു പരിധിക്കു മുകളിൽ ഉയർന്നാൽ മനുഷ്യശരീരത്തിലെ താപനിയന്ത്രണ സംവിധാനങ്ങൾ തകരാറിൽ ആകും. ഇതുമൂലം ശരീരത്തിൽ ഉണ്ടാകുന്ന താപം പുറത്തു കളയുന്നതിനും തടസ്സം നേരിടുകയും ചെയ്യുന്നു. ഇത്തരത്തിലാണ് സൺ സ്ട്രോക്ക് അഥവാ സൂര്യാഘാതം ഉണ്ടാകുന്നത്.

ഹീറ്റ് സ്ട്രോക്ക് എങ്ങനെ തിരിച്ചറിയാം? എന്താണ് ഇതിന്റെ ലക്ഷണങ്ങൾ? ഇത് എങ്ങനെ പ്രതിരോധിക്കാം?

1985-ൽ ഡഗ്ലസ് എന്ന വ്യക്തി മാരത്തോൺ ഓടുന്ന സമയത്ത് 200 മീറ്റർ കഴിഞ്ഞപ്പോൾ അദ്ദേഹം കുഴഞ്ഞുവീണു. വീണ്ടും എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ വീണ്ടും കുഴഞ്ഞുവീണു. താപനില നോക്കിയപ്പോൾ 107 ഡിഗ്രി ഫാരൻ ഹീറ്റ് ആയി കാണപ്പെട്ടു. ഹീറ്റ് സ്ട്രോക്ക് പണ്ടുകാലം തുടങ്ങി അറിയാവുന്നതായിരുന്നെങ്കിലും ഈ ഒരു സംഭവം മുതലാണ് താപനില രേഖപ്പെടുത്തുകയും പഠനവിധേയമാക്കുകയും ചെയ്യപ്പെട്ടത്.

ഹീറ്റ് സ്ട്രോക്കിന്റെ ലക്ഷണങ്ങൾ?

ശരീരഭാഗം ചുവന്നു വരുന്നതായി കാണാം. കൂടുതലായി വെയിൽ കൊള്ളുന്ന ത്വക്ക് ചുവന്നു വരുന്നതായും ചെറിയ ചൊറിച്ചിലും അനുഭവപ്പെടാം. വേദന ഉണ്ടാകാം. എല്ലാ ലക്ഷണങ്ങളും എല്ലാവർക്കും ഉണ്ടാകണമെന്നില്ല. ഓക്കാനം, ശർദ്ദി, തൊലി പുറത്തു കുമിളകൾ ഒക്കെ വരാം.
ഹീറ്റ് റാഷസ് - ചുവന്നു തുടുത്ത പാടുകൾ കാണാം
ഹീറ്റ് ക്രാമ്പ്സ് - മസിലുകൾ വലിഞ്ഞു വേദനിക്കാം
ഹീറ്റ് എക്സ്പോഷർ - ദേഹത്ത് ചൂട് ഉണ്ടാക്കുക, ഓക്കാനം തോന്നുക.
ഹീറ്റ് സ്ട്രോക്ക്- ഈ സാഹചര്യത്തിൽ ബോധം മറയുന്നതായി തോന്നാം. സൂക്ഷിച്ചില്ലെങ്കിൽ മര

ണംവരെ സംഭവിക്കാം. 104 ഡിഗ്രി ഫാരെൻ ഹീറ്റിനു മുകളിൽ താപ നില ഉണ്ടാകുമ്പോഴാണ് ഹീറ്റ് സ്ട്രോക്ക് ഉണ്ടാകുന്നത്.

ഈ വേനൽക്കാലത്ത് ഇപ്പോൾതന്നെ സഹിക്കാൻ കഴി യാത്ത ചൂടാണ് നമ്മൾ അനുഭവി ക്കുന്നത്. ഈ ചൂടുകാലത്തു സുരക്ഷിതരായിരിക്കാൻ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേ ണ്ടതുണ്ട്.

ചൂടുകാലത്ത് നിർജ്ജലീ കരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കേണ്ടത് അത്യാവ ശ്യമാണ്. ഒരു ദിവസം കുറഞ്ഞത് രണ്ടു മുതൽ മൂന്ന് ലിറ്റർ വെള്ളം വരെ കുടിക്കാം. കഴിവതും പതി നൊന്നു മണി തുടങ്ങി മൂന്നു മണിവരെ വെയിൽ ഏൽക്കാതെ ശ്രദ്ധിക്കുക. അരമണിക്കൂർ കൂടു മ്പോൾ വെള്ളം കുടിക്കാൻ ഓർക്കുക. ലഹരിപാനീയങ്ങൾ ഒഴിവാക്കുന്നത് നല്ലതാണ്. അയ ഞ്ഞതും ഭാരം കുറഞ്ഞതുമായ വസ്ത്രങ്ങൾ ധരിക്കേണ്ടത് പ്രധാ നമാണ്. ഇളം നിറത്തിലുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കുക. ഇത് വായുസഞ്ചാരത്തിനു അനുവ ദിക്കുകയും വിയർപ്പ് ബാഷ്പീകരി ക്കാൻ സഹായിക്കുകയും ചെയ്യു ന്നു. ദിവസത്തിലെ ഏറ്റവും ചൂടു കൂടിയ സമയത്ത്, അതായത് രാവിലെ പതിനൊന്നിനും വൈകു ന്നേരം നാലുമണിവരെയും വീടിനു ള്ളിൽതന്നെ തുടരാൻ ശ്രമിക്കുക.



വിറ്റാമിൻ സി അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് ശരീര ത്തിന്റെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കും. പപ്പായ, തക്കാളി, നെല്ലിക്ക, പൈനാപ്പിൾ, നാരങ്ങ, ഉരുളക്കി ഴങ്ങ് തുടങ്ങിയവയിലെ വിറ്റാമിൻ സി ശരീരത്തെ അണുബാധ യിൽനിന്ന് സംരക്ഷിക്കുന്നു. കഫിൻ കണ്ടന്റ് ഉള്ള വസ്തുക്കൾ ഒഴിവാക്കുക. മധുരം ചേർത്ത പാനീയങ്ങൾ ശരീരത്തിലെ ജലാംശം കുറയ്ക്കും. പാകം ചെയ്ത ആഹാരങ്ങൾ ചൂടാറാതെ കഴിക്കുന്നത് നല്ലതായിരിക്കും. 1948 ലോക ഹെൽത്ത് അസംബ്ലിയുടെ നിർവചനപ്രകാരം രോഗവൈകല്യ രാഹിത്യമുള്ള അവസ്ഥ മാത്രമല്ല സമ്പൂർണ്ണ ശാരീരിക മാനസിക സ്ഥിതികൂടെയാണ് ആരോഗ്യം. സത്ഗുരു പറയുന്നതുപോലെ ആരോഗ്യം ഒരു ജീവിതരീതി ആക്കുക.

ഒന്നാം ചരമവാർഷികം

2024 ഏപ്രിൽ 08



ജോണി

കൊമരഞ്ചാത്ത്

വടുതല

ജനനം: 30. 05. 1956

മരണം: 30. 03. 2023

പെരിയാർ നദിയിലെ ഗുരുതരമായ മലിനീകരണം



ഡോ. മാർട്ടിൻ ഗോപുരത്തിങ്കൽ,
CMNPDF, CUSAT

കേരളത്തിലെ ഏറ്റവും വലിയ നദിയാണ് പെരിയാർ. നദി ചെന്നുചേരുന്നത് ഇന്ത്യയുടെ പടിഞ്ഞാറൻ മേഖലയിലെ ഏറ്റവും വലിയ തണ്ണീർത്തടമായ വേമ്പനാട് കായലിലേക്കാണ്. ലോകത്തിലെ തന്നെ സംരക്ഷിക്കപ്പെടേണ്ട തണ്ണീർത്തടങ്ങളുടെ പട്ടികയിലുള്ള ഈ പ്രദേശം ഇന്ന് ലോകത്ത് ഗുരുതരമായി മലിനീകരിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളുടെ പട്ടികയിൽ കൂടി സ്ഥാനം പിടിച്ചിരിക്കുന്നു. അപകടകരമായ കീടനാശിനികളുടേയും ഘനലോഹങ്ങളുടേയും സാന്നിധ്യം ഇവിടെ ജീവൻ തന്നെ തുടച്ചു നീക്കപ്പെടുന്ന രീതിയിലാണ്. ഹാനികരമായ വിഷലോഹങ്ങൾ ഈ തണ്ണീർത്തടങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്നത് ഖനികൾക്ക് തുല്യമായ അളവിലാണ്. കുടിവെള്ളം, മത്സ്യം തുടങ്ങി ഈ ജലാശയത്തിൽനിന്ന് ലഭ്യമാകുന്ന അടിസ്ഥാ വിഭവങ്ങളിലെല്ലാം ഈ രാസവിഷമാലിന്യത്തിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

പെരിയാറിൽനിന്ന് വ്യവസായശാലകൾക്കു ആവശ്യാനുസരണം വെള്ളമെടുക്കാനും, കൂടുതൽ ലാഭം ഉണ്ടാക്കാൻ രാസമാലനജലം നിർബാധം തള്ളാനും പതിറ്റാണ്ടുകളായി മാറിമാറി വരുന്ന ഭരണാധികാരികൾ ഒത്താശ ചെയ്തതിന്റെ പരിണതഫലമാണിത്. മൂന്ന് പതിറ്റാണ്ടു മുൻപുതന്നെ (1982 കളിൽ) വ്യവസായശാലകൾ പെരിയാറിൽ തള്ളുന്ന മലിനജലം 260 ദശലക്ഷം ലിറ്ററാണെന്ന് കണ്ടെത്തിയിരുന്നു. രാസമലിനജലത്തിലൂടെ പുഴയുടെ വൃഷ്ടിപ്രദേശത്ത് അപകടകരമായ ഘനലോഹങ്ങൾ എത്തിച്ചേർന്നത് ടൺകണക്കിനാണ്. മെർക്കുറി-2000 കിലോഗ്രാം സിങ്ക്-10095 കിലോഗ്രാം, ഹെക്സാവാലന്റ് ക്രോമിയം-1476 കിലോഗ്രാം, കോപ്പർ 327 കിലോഗ്രാം, കേവലം 1mg എന്ന ചെറിയ അളവിൽപോലും ഈ ഘനലോഹങ്ങൾ മനുഷ്യന് -പ്രകൃതിക്ക് അപകടകരമാകുമ്പോഴാണ് നിയന്ത്രണമില്ലാതെ രാസമലിനീകരണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നത്. പതിറ്റാണ്ടുകളായി തുടരുന്ന ഈ രാസമലിനീകരണം നദിയുടെ വൃഷ്ടിപ്രദേശങ്ങളിലുള്ള ആവാസ വ്യവസ്ഥയിൽ ഇന്ന് വളരെ പ്രകടമായി തന്നെ മാറ്റം വരുത്തിയിരിക്കുന്നു. നദിയുടെ വടക്കൻ വൃഷ്ടിപ്രദേശത്ത് ഒരുകാലത്ത് സജീവമായിരുന്ന ചീനവലകൾ ഇന്ന് നിർജീവമാണ്. 1980 കൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനത്തിൽ ആണ് പെരിയാറിലെ രാസവ്യവസായ മലിനീകരണം അതീവരൂക്ഷമാണെന്നും, ശ്രദ്ധ ആവശ്യമാണെന്നും ആദ്യമായി തിരിച്ചറിയുന്നത്.

പെരിയാർ നദിയുടെ മലിനീകരണത്തിന്റെ രൂക്ഷതയെക്കുറിച്ച് 36 കൊല്ലമായി ഉയർന്നുവന്നിട്ടുള്ള പഠനങ്ങളും, പരിഹാര നിർദ്ദേശങ്ങളും, ചർച്ചകളുമെല്ലാം നടപടികളൊന്നുമില്ലാതെ വെറും കടലാസിൽ അവശേഷിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ ഏലൂർ-എടയാർ വ്യവസായ മേഖലയിലൂടെ രാസമാലിന്യം പേറി ചുവപ്പ്, ബ്രൗൺ, കറുപ്പ് വർണങ്ങളിൽ നദി ഒഴുകിയത് നിരവധി തവണയാണ്. വലിയ രീതിയിലുള്ള മത്സ്യക്കുരുതികൾ ഉണ്ടായി. കുടിവെള്ള സംഭരണ മേഖലയിൽ (പാതാളം ബണ്ടിനു മുകളിൽ) വ്യവസായശാലകൾ രാസമാലിന്യം



തള്ളുന്നുണ്ടെന്ന് സ്ഥിരീകരിക്കുകയുണ്ടായി.

കഴിഞ്ഞ 70 വർഷങ്ങളായി തുടരുന്ന വ്യവസായ മലിനീകരണം നദി-കായലിലെ വിഭവങ്ങൾ തുടച്ചുമാറ്റിയും വിഷലിപ്തമാക്കിയും അതിന്റെ എല്ലാ കാഠിന്യവും നില നിർത്തിയും ഇന്നും തുടരുന്നു. മലിനീകരണത്തിന്റെ വ്യാപ്തിയെപ്പറ്റി, അതിന്റെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെപ്പറ്റി ഇന്നും പൊതുസമൂഹത്തിൽ കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ല. മലിനീകരണം നിയന്ത്രിക്കുന്നതിനു വേണ്ടി നിരവധി നിർദ്ദേശങ്ങളും കമ്മിറ്റികളും ഉണ്ടായെങ്കിലും മലിനീകരിക്കുന്നവർക്കെതിരേ കാര്യമായ നടപടിയൊന്നും എടുക്കാതെ മാറി മാറി വരുന്ന ഭരണകൂടങ്ങൾ ഇന്നും തുടരുന്നു. അടിയന്തിര ശ്രദ്ധ കൊടുക്കേണ്ട ഈ ഘട്ടത്തിൽ പെരിയാറിന്റെ രാസവിഷമലിനീകരണത്തിന്റെ പ്രത്യാഘാടങ്ങളെക്കുറിച്ച് വിവിധ ഗവേഷകർ പ്രസിദ്ധീകരിച്ച 60 ഓളം പ്രബന്ധങ്ങൾ/റിപ്പോർട്ടുകൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിവരങ്ങളും, വിവരണങ്ങളുമാണ് ഈ ലേഖനത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്. പെരിയാർ നദി/കൊച്ചി കായൽ തുടങ്ങിയ ജലാശയങ്ങളിലെ രാസമലിനീകരണത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് മുൻപ് ഈ ജലാശയങ്ങളിൽ നിന്ന് പ്രത്യക്ഷത്തിൽ ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് പൊതുസമൂഹം മനസ്സിലാക്കേണ്ടതുണ്ട്.

*** കേരളത്തിലെ മറ്റ് ജില്ലകളിൽനിന്ന് വ്യത്യസ്തമായി എറണാകുളം ജില്ല പെരിയാർ നദിയിൽ നിന്ന് നേരിട്ട് വെള്ളം പമ്പ് ചെയ്താണ് ഗാർഹിക ആവശ്യത്തിനുള്ള വെള്ളം സംഭരിക്കുന്നത്.**

*** കേരളത്തിന്റെ വ്യവസായ മേഖല (ഏലൂർ-ഇടയാർ, 270 കമ്പനികൾ) പൂർണമായും പെരിയാറിലെ വെള്ളത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.**

*** പെരിയാർ നദിയുടെ വൃഷ്ടിപ്രദേശങ്ങളിലും, കൊച്ചി കായലിലുമുള്ള ആയിരക്കണക്കിന് ഹെക്ടർ കെട്ട്, കൂട് മത്സ്യകൃഷി, പൊക്കാളി കൃഷി എന്നിവ പൂർണമായി പെരിയാർ നദിയുടെ വെള്ളത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. ഈ മേഖലയിൽ 22000 പേർക്ക് തൊഴിൽ ലഭിക്കുന്നതായി കേരള ഫിഷറീസിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.**

*** ജില്ലയിലെ മത്സ്യ സമ്പത്തിന്റെ ഭൂരിഭാഗവും (16000 ടൺ) പെരിയാർ നദി/കായൽ/ തീരദേശ മേഖലയിൽ നിന്നുള്ളവയാണ്.**

*** എറണാകുളം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം ഇന്നും നാമമാത്രം ആയി ലഭിക്കുന്ന (ജങ്കാറിൽ കുടിവെള്ള വിതരണം) പഞ്ചായത്തുകളിൽ ഗാർഹിക ആവശ്യത്തിനായി പുഴയെ നേരിട്ട് ആശ്രയിക്കുന്നു.**

ജനങ്ങൾ ആശ്രയിക്കുന്ന ഈ 4 സുപ്രധാന മേഖലകളെയും ഇല്ലാതാക്കുന്ന രീതിയിൽ പെരിയാർ ഇന്ന് മലിനീകരിക്കപ്പെട്ടിട്ടുണ്ട്. പെരിയാർ നദിയിലും വേമ്പനാട് കായലും വ്യാപകമായി രാസമാലിന്യങ്ങൾ മൂലമുള്ള മലിനീകരണം ആരംഭിക്കുന്നത് 1943 -ൽ വ്യവസായ മേഖലയുടെ കടന്നുവരവോടെയാണ്. ഇന്ന് പെരിയാറിന്റെ തീരത്തുള്ള വ്യവസായ മേഖലയിൽ 270 വ്യവസായശാലകളുണ്ട്. അതിൽ റെഡ് കാറ്റഗറിയിലുള്ള (ഗുരുതരമായ മലിനീകരണ സാധ്യത) വ്യവസായശാലകൾ 98 ഉം ഓറഞ്ച് കാറ്റഗറിയിലുള്ളവ (ഇടത്തരം മലിനീകരണ സാധ്യത) 109 ഉം ആണ്. കഴിഞ്ഞ 20 വർഷമായി വിവിധ കേരള-കേന്ദ്ര ഗവേഷണ കേന്ദ്രങ്ങൾ, യൂണിവേഴ്സിറ്റികൾ, സുപ്രീം കോടതി മോണിട്ടറിങ്ങ് കമ്മിറ്റികൾ, എൻ.ജി.ഒ. കൾ, സംസ്ഥാന അതോറിറ്റികൾ തുടങ്ങിയവരെല്ലാം പെരിയാറിലെ രാസവ്യവസായ മലിനീകരണത്തിന്റെ വ്യാപ്തിയെക്കുറിച്ച് വിപുലമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പഠനങ്ങളിലെല്ലാം പെരിയാർ നദിയും, കായലും, തണ്ണീർത്തടങ്ങളും, ഭക്ഷ്യവിഭവങ്ങളും രാസവിഷ

ങ്ങൾ മൂലം മലിനീകരിക്കപ്പെട്ടു എന്ന് കണ്ടെത്തിയിട്ടുണ്ട്.

പെരിയാർ നദിയുടെ വ്യവസായ മേഖലയുമായി ചേർന്ന പ്രദേശങ്ങൾ വൈവിധ്യമാർന്ന രാസമാലിന്യങ്ങളുടെ സാന്നിധ്യംകൊണ്ട് ഒരു മലിനീകരണ 'ഹോട്ട് സ്പോട്ട്' ആണെന്ന് 2000-ൽ ഗ്രീൻപീസ് നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും സാന്നിധ്യം എലൂർ-എടയാർ വ്യവസായ മേഖലയിലെ കുടിവെള്ളത്തിലും, ഭക്ഷ്യവസ്തുക്കളിലും മണ്ണിലും, തണ്ണീർത്തടങ്ങളിലും അനുവദനീയമായ അളവിൽ നിന്ന് വളരെ ഉയർന്ന അളവിലാണെന്ന് കണ്ടെത്തിയിരുന്നു. ഈ പഠനത്തിനു ശേഷം ഇന്ത്യയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങളും ഗവേഷകരും മലിനീകരണത്തിന്റെ വ്യാപ്തിയെക്കുറിച്ച് പഠനവിധേയമാക്കിയപ്പോൾ പെരിയാർ നദിയുടെ വ്യവസായമേഖല അടങ്ങുന്ന പ്രദേശം മാത്രമല്ല, നദിയുടെ നീരൊഴുക്കുള്ള കൊച്ചിക്കായലിന്റെ അനേകം കൈവഴികളിലേക്കും, കായലിൽനിന്നുള്ള വേലിയേറ്റയിറക്കത്തിന് വിധേയമാകുന്ന പ്രദേശങ്ങളിലും (100km2) ഈ മലിനീകരണം അതിന്റെ പൂർണ്ണമായ തോതിൽ വ്യാപിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ശുദ്ധമായ കുടിവെള്ളം ഇന്ന് വളരെയേറെ മൂല്യമുള്ളതാണ്. സാധാരണ കുപ്പിവെള്ളത്തിന് ലിറ്ററിന് 20 രൂപയാണെങ്കിൽ വൃക്കരോഗികൾക്കും മറ്റ് തീവ്രപരിചരണ വിഭാഗത്തിൽ പെടുന്ന രോഗികൾക്ക് നൽകുന്ന വെള്ളത്തിന് അതിന്റെ പതിന്മടങ്ങ് വില നൽകേണ്ടി വരും. പൊതുവായി നമുക്ക് ലഭിക്കുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ കാലക്രമേണ കുറഞ്ഞ് വരുന്നതാണ് മൂല്യത്തിലുണ്ടാകുന്ന ഈ വർദ്ധനവ് എന്ന് നിസ്സംശയം പറയാൻ കഴിയും. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ട ശുദ്ധമായ കുടിവെള്ളം കേവലം 50 വർഷം കൊണ്ടാണ് ഉപയോഗ ശൂന്യമായ വിധത്തിൽ മലിനീകരിക്കപ്പെട്ടു

പുഴ എല്ലാവരുടെയും അല്ലെ? ഏതെങ്കിലും വ്യവസായ കച്ചവട താല്പര്യങ്ങൾക്ക് (ലാഭത്തിനു) വേണ്ടി കൊന്നുതള്ളാനുള്ള താണോ നമ്മുടെ പുഴകൾ? വരുംതലമുറകൾക്കും അവകാശങ്ങളില്ലേ ഈ വിഭവങ്ങളിൽ? ഇനിയും എന്തൊക്കെ വിറ്റു നമ്മൾ ലാഭം ഉണ്ടാക്കും? നമ്മൾ എത്രനാൾ കണ്ണടച്ച് അന്ധരായി ജീവിക്കും?

കഴിഞ്ഞത്. വികസനം എന്ന പേരിൽ കഴിഞ്ഞ കാലങ്ങളിൽ മനുഷ്യത്വ രഹിതമായി അനുവർത്തിച്ചു വന്ന പ്രവൃത്തികളുടെ പരിണതഫലമാണ് ഇന്ന് ശുദ്ധമായ കുടിവെള്ളം ഇല്ലാതായതും, അതുമൂലമുണ്ടായ രോഗങ്ങളുടെയും/രോഗികളുടെയും വർദ്ധനയും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്ന യൂറോപ്പിലെയും, മറ്റ് കൈയേറ്റങ്ങൾക്ക് വിധേയപ്പെടാത്ത പ്രദേശങ്ങളിലെയും, മലിനമായ വെള്ളം ഉപയോഗിക്കുന്ന ഇന്ത്യ ഉൾപ്പെടുന്ന മൂന്നാം ലോക രാജ്യങ്ങളിലെയും വൃക്കരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെ കണക്കു പരിശോധിച്ചാൽ ഇത് വ്യക്തമാകും.

44 നദികളാൽ അനുഗൃഹീതമായ നമ്മുടെ ഭൂപ്രദേശം മാനവസംസ്കാരത്തിന്റെയും, പ്രകൃതി സമ്പന്നതയുടെയും നേർക്കാഴ്ച ആകേണ്ടതാണ്. കേരളത്തിലെ നദികളിൽ ഏറ്റവും വലിയ നദിയായ പെരിയാർ ജൈവസമ്പന്നമായ പ്രകൃതിയെ പുനഃസൃഷ്ടിച്ചും, മാനവസംസ്കൃതിയെ രൂപപ്പെടുത്തിയുമാണ് വേമ്പനാട് കായലിലും അറബിക്കടലിലും എത്തിച്ചേരുന്നത്. അതുണ്ടായിരുന്നില്ല എങ്കിൽ, കൊച്ചിക്കും നദി ഒഴുകിവരുന്ന ഭൂപ്രദേശങ്ങൾക്കും, ജനവർഗങ്ങൾക്കും തനതായ സംസ്കാരം ഉണ്ടാകുമായിരുന്നില്ല. ചരിത്രം ഉണ്ടാകുമായിരുന്നില്ല. നദി ഒരു സംസ്കാരം തന്നെയാണ്. അങ്ങനെയെങ്കിൽ മലിനപ്പെട്ടു, ദുർഗന്ധം വമിച്ചു, വ്രണിതയായി ഒഴുകുന്ന നദി നമ്മുടെ സംസ്കാര ശൂന്യതയുടെയും പ്രതീകമാണ്. ഈ നദിയെയും, അതിന്റെ നീരൊഴുക്കിനേയും നന്ദിപൂർവ്വം സ്മരിക്കാതെ മനുഷ്യൻ, മുന്നോട്ട് സഞ്ചരിക്കാൻ അർഹനല്ലാത്തവിധം കപട വികസന വാദികളായി അധപതിച്ചു കഴിഞ്ഞിരിക്കുന്നു. വ്യവസായ-നാഗരിക ലോകത്തിലെ മനുഷ്യർ എന്ന് അവകാശപ്പെടുന്ന നമ്മൾ നമ്മുടെ പൈതൃകത്തെ മറന്നുപോയിരിക്കുന്നു. മരിക്കുന്ന/(ഇനിയും മരിക്കാത്ത) പെരിയാർ ഉയർത്തുന്ന ചോദ്യങ്ങൾ പലതാണ്. പുഴ എല്ലാവരുടെയും അല്ലേ? ഏതെങ്കിലും വ്യവസായ കച്ചവട താല്പര്യങ്ങൾക്ക് (ലാഭത്തിനു) വേണ്ടി കൊന്നുതള്ളാനുള്ള താണോ നമ്മുടെ പുഴകൾ? വരും തലമുറകൾക്കും അവകാശങ്ങളില്ലേ ഈ വിഭവങ്ങളിൽ? ഇനിയും എന്തൊക്കെ വിറ്റു നമ്മൾ ലാഭം ഉണ്ടാക്കും? നമ്മൾ എത്രനാൾ കണ്ണടച്ച് അന്ധരായി ജീവിക്കും?

വികസനങ്ങളുടെ കഥ ഇവിടെയൊന്നും അവസാനിക്കുന്നില്ല. അതിവേഗ റെയിലും, സ്മാർട്ട്സിറ്റിയും, വിഴിഞ്ഞം തുറമുഖവും എന്നിങ്ങനെ അത് തുടരുന്നു. വികസനം എന്ന പേരിൽ എന്ത് വിധ്വംസക പ്രവർത്തനങ്ങൾ ചെയ്താലും പൊതുസമൂഹത്തിന്റെ കുറ്റകരമായ മൗനം ഈ പ്രവർത്തനങ്ങൾക്ക് ഭരണകൂടങ്ങൾക്ക് ഒപ്പം കച്ചവടക്കാർക്കും സഹായകരമായിട്ടുണ്ട്. അടിസ്ഥാന ആവശ്യങ്ങളെപ്പോലും കണക്കിലെടുക്കാത്ത, മലിനപ്പെടുത്തുന്ന ഈ വികസനം എന്ത് പാഠമാണ് നമുക്ക് തരുന്നത്???

സംക്ഷേപ വേദാർത്ഥം



ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി

'നസ്രാണികൾ ഒക്കെയും അറിയേണ്ടുന്ന സംക്ഷേപ വേദാർത്ഥം' എന്നൊരു പദം കേൾക്കാത്തവർ പഴയ തലമുറയിൽ വളരെ കുറച്ചുപേരേ കാണൂ. എന്നാൽ ഇന്നത്തെ തലമുറ ഈ പേര് കേട്ടിട്ടില്ലെങ്കിലും ഈ പുസ്തകത്തിലെ വിവരങ്ങൾ "മതപാഠസംഗ്രഹം" എന്ന പേരിലും 'ദിവ്യകാരുണ്യം-ജീവന്റെ അപ്പം, ദൈവാരൂപിയുടെ നിറവിൽ' എന്നീ പേരുകളിലൊക്കെയായി പഠിക്കുന്നുണ്ടുതാനും. ലോകം മുഴുവൻ പേരുകേട്ട സംക്ഷേപ വേദാർത്ഥമെന്ന പുസ്തകത്തിന്റെ ചില പ്രത്യേകതകൾ അറിയാനുള്ള അവസരമാകട്ടെ, ഈ മാസത്തിലെ ചരിത്രവിളക്ക്.

മീനമാസത്തിലെ അത്യുഷ്ണത്തിൽ നൂറ്റാണ്ടുകളായി വലയുന്ന മലബാർ ദേശത്തെ (ഇന്നത്തെ കേരളം) ജനങ്ങളുടെ ഭാഷയായ മലയാളത്തിൽ പൂർണ്ണമായി അച്ചടിക്കപ്പെട്ട ആദ്യകൃതിയാണ് സംക്ഷേപവേദാർത്ഥം. അച്ചടി ലോകവ്യാപകമായി പ്രചരിക്കപ്പെട്ട കാലത്ത് ആദ്യമായി മലയാള അക്ഷരങ്ങൾ കൊത്തി പേപ്പറിൽ അച്ചടിച്ചു വന്നത് ഹോർത്തൂസ് മലബാറിക്കൂസ് എന്ന വിശപ്രസിദ്ധ ഗ്രന്ഥത്തിലാണ്. ഫാ. മത്തേവൂസ് എന്ന



കർമ്മലീത്താ പുരോഹിതന്റെ കൈപ്പുസ്തകമായ 'വിരിദാരിയും ഒറിയന്തോലേ' (കിഴക്കിന്റെ പൂന്തോട്ടം) കണ്ടിട്ട് കത്തോലിക്കാവിരോധിയായ ഡച്ച് ഗവർണർ സർ ഹെന്റിക് വാൻറീഡ്, ഈ പുസ്തകത്തിലുള്ളവ വിപുലപ്പെടുത്തി മത്തേവൂസച്ചന്റെ അനുവാദത്തോടെ പുറത്തിറക്കിയതാണ് ഹോർത്തൂസ് മലബാറിക്കൂസ്. അതിന് നന്ദിയായിട്ടാണ് ചാത്യാത്തും വരാപ്പുഴയിലും ദൈവാലയങ്ങൾ നിർമ്മിക്കാൻ അനുവാദം ലഭിച്ചതും.

ഏതെല്ലാം നാടുകളിൽ സുവിശേഷ വേലയ്ക്കായി മിഷണറിമാർ അയക്കപ്പെടുവോ, അവിടങ്ങളിലെ ഭാഷയും സംസ്കാരവും ആദ്യം പഠിക്കുക എന്നതായിരുന്നു മിഷണറിമാർ ആദ്യം ചെയ്തിരുന്നത്. അങ്ങനെ പഠിക്കുമ്പോഴാണ് ആ ഭാഷയ്ക്ക് തനതായ വ്യാകരണമോ ലിപിയോ നിഘണ്ടുവോ ഇല്ലെന്നുള്ള കാര്യം ഇവർ മനസ്സിലാക്കുന്നതും അതിനുള്ള ശ്രമങ്ങൾ തുടങ്ങി അവ ക്രമപ്പെടുത്തുന്നതും. അങ്ങനെ മലയാളത്തിൽ ആദ്യത്തെ വ്യാകരണം രചിച്ചത് 1700 മുതൽ 1712 വരെ മലബാർ-വരാപ്പുഴ വികാരിയത്തുകളെ നയിച്ച ആഞ്ചലോ ഫ്രാൻസിസ് പിതാവാണ്. 1676 മുതൽ വരാപ്പുഴയിൽ വന്നെത്തി ഇവിടത്തെ ഭാഷ പഠിച്ചാണ് അദ്ദേഹം ആദ്യത്തെ വ്യാകരണഗ്രന്ഥം പോർച്ചുഗീസ് ഭാഷയിൽ രചിച്ചത്.





ഹോർത്തൂസ് മലബാറിക്കൂസിനുശേഷം ഒരു നൂറ്റാണ്ടിനുള്ളിൽ അച്ചടിക്കപ്പെട്ട സംക്ഷേപ വേദാർത്ഥത്തിലേക്ക് വരാം. റോമിലെ വിശ്വാസ തിരുസംഘം എടുത്ത അതിപ്രധാനമായൊരു തീരുമാനത്തിന്റെ ഫലമാണ് സംക്ഷേപ വേദാർത്ഥമെന്ന മലയാള ഭാഷയിലെ ആദ്യഗ്രന്ഥത്തിന് പിറവിയായത്. ലോകത്ത് എവിടെയെല്ലാം മിഷണറിമാരുണ്ടോ, അവിടെയെല്ലാം അവിടത്തെ ഭാഷകളിൽ വേദപാഠങ്ങൾ അച്ചടിച്ചു വിതരണം ചെയ്യാൻ തിരുസംഘം തീരുമാനിച്ചു. അങ്ങനെ മലയാളത്തിൽ കൈയെഴുത്തായി ഉപയോഗിച്ചിരുന്ന വേദപാഠ ഭാഗങ്ങളുമായി രചയിതാവായ ഫാ. ക്ലമന്റെ പിയാനിയൂസ് റോമിലേക്ക് യാത്രയായി. റോമിന്റെ ക്ഷണപ്രകാരം അവിടെയെത്തിയ അദ്ദേഹം 1772-ൽ സംക്ഷേപ വേദാർത്ഥം പൂർണ്ണമായും അച്ചടിപ്പിച്ച് 1774-ൽ തിരികെ വരാപ്പുഴയിലെത്തി.

ആരാണീ ക്ലമന്റ് പിയാനിയൂസ്? ഇറ്റലിയിലെ പീഡ്മോണ്ടിൽ 1731-ൽ ഇദ്ദേഹം ജനിച്ചു. ജോൺ ജേക്കബ് പിയാനോ എന്നായിരുന്നു മാമ്മോദീസ പേര്. 1755-ൽ കർമ്മലീത്താ വൈദികനായി. റോമിൽ ദൈവശാസ്ത്രം പഠിച്ച ഇദ്ദേഹം ലോകത്തിലെ വിവിധ ഭാഷകളിൽ അറിവ് നേടുകയും 1756 ഡിസംബറിൽ മലബാറിലേക്ക് യാത്രയാകുകയും ചെയ്തു. 1757 ഏപ്രിലിൽ വരാപ്പുഴയിലെത്തി. മിഷണറിമാർ ആരെത്തിയാലും ഉടനെ അതാതിടത്തെ തദ്ദേശീയ ഭാഷ പഠിക്കുക എന്നതാണ് ആദ്യത്തെ ദൗത്യം. അക്കാലത്ത് കർമ്മലീത്തർ ആലങ്ങാട്ട് ആരംഭിച്ച സെമിനാരിയിലും വരാപ്പുഴയിലുമായി താമസിച്ച് അദ്ദേഹം മലയാളം വശത്താക്കുകയും താൻ ചെറുപ്പത്തിൽ പഠിച്ച വേദപാഠം മലയാളത്തിൽ എഴുതിവയ്ക്കുകയും ചെയ്തു.

ചോദ്യവും അതിനുത്തരവുമായി ഇന്നും നമ്മൾ പഠിക്കുന്ന വേദപാഠഭാഗങ്ങളായിരുന്നു അവ. ഗുരുവും ശിഷ്യനും തമ്മിലുള്ള സംഭാഷണരൂപത്തിൽ വളരെ ലളിതമായിട്ടാണ് ഇതിന്റെ രചന.

ഗുരു :
നിന്നെ സൃഷ്ടിച്ചതാര്?

ശിഷ്യൻ: ഉടയതമ്പുരാൻ എന്നെ സൃഷ്ടിച്ചു.

ഗുരു : തമ്പുരാൻ എന്തിനു നിന്നെ സൃഷ്ടിച്ചു?

ശിഷ്യൻ : തന്നെ അറിഞ്ഞു സ്നേഹിച്ച് തന്റെ ശുദ്ധമാനമാർഗ്ഗം കാത്തുകൊണ്ട് തന്റെ



ചിറ്റാഴ്മക്കിരിപ്പാൻ എന്നതിന് തമ്പുരാൻ എന്നെ സൃഷ്ടിച്ചു.

ഗുരു :തന്നെ സ്നേഹിച്ച് സേവിക്കുന്നവർക്ക് എന്തു സമ്മാനം തമ്പുരാൻ കല്പിച്ചു?

ശിഷ്യൻ : എന്നേക്കുമുള്ള ആകാശത്തിലെ മോക്ഷം.

പഴയ മലയാള ഭാഷയിലെ വാക്കുകളുമായി ഇങ്ങനെ ഗുരുശിഷ്യസംസാരം തുടരുകയാണ്. വിവിധ സംസ്കാരങ്ങൾ, വിവിധ ഭാഷകളിലെ പദങ്ങൾ എല്ലാം സ്വീകരിച്ചുകൊണ്ടുള്ള രചനയാണ് ഇതിൽ. 1772 -ൽ അന്നത്തെ വരാപ്പുഴ മെത്രാൻ ഫ്ളോറൻസ് പിതാവിന്റെ പ്രോത്സാഹനത്താലാണ് ഫാ. ക്ലമന്റ് റോമിലേക്ക് യാത്രയായത്. കൊല്ലവർഷം 947 ൽ മലയാള അക്ഷരങ്ങൾ ഉണ്ടാക്കി ഒരു പേജിൽ 17 വരികൾ വീതമാണ് അച്ചടിച്ചത്. 250 വർഷം മുമ്പ് 1128 ടൈപ്പുകൾ ഉണ്ടാക്കാൻ എടുത്ത ക്ലേശം നിസ്സാരമല്ല എന്നോർക്കണം. 270-ൽ പരം പേജുകളിലാണ് ഇവ അച്ചടിക്കപ്പെട്ടത്. ഇന്നാണെങ്കിൽ ഒരു പേജിൽ ഇരട്ടിയോളം വരികളും കിട്ടും, നാനൂറോളം ടൈപ്പുകളും പകുതി പേജും മതി.

"റൊമായിൽ നിന്ന മിശിഹാ പിറന്നീട്ട 1772 ശ്രേഷ്ട മേല്പട്ടക്കാരുടെ അനുവാദത്താൽ" എഴുതപ്പെട്ട ഈ പുസ്തകം, കൊമ്പേന്തി എന്നും വിളിക്കപ്പെടുന്നു. "നസ്രാണികൾ ഒക്കെക്കും അറിയേണ്ടുന്ന സംക്ഷേപ വെദാർത്ഥം" എന്നതിന്റെ ലത്തീൻ പരിഭാഷയുടെ ആദ്യവാക്കായ കൊമ്പെന്ദിയോസ എന്നത് ലോപിച്ചാണ് 'കൊമ്പേന്തി' എന്ന പേരിൽ പ്രശസ്തമായത്. ഈ സംക്ഷേപ വേദാർത്ഥമാണ് "പള്ളിക്കൊപ്പം പള്ളിക്കൂടം" കല്പനയിൽ, ബർണ്ണർദിൻ ബച്ചിനെല്ലി പിതാവ് കുട്ടികളെ പഠിപ്പിക്കാൻ പറയുന്നത്.

സംക്ഷേപ വേദാർത്ഥം രചനയിൽ സ്വീകരിച്ചിരിക്കുന്ന പദങ്ങൾ വിവിധ ഭാഷകളിൽ നിന്നാണെന്ന് പറഞ്ഞല്ലോ. ഇന്നും നമ്മൾ മലയാള പദങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇവ ഏത് ഭാഷയിൽനിന്നും സ്വീകരിച്ചതാണെന്ന് നോക്കാം. കുരിശ്, കുമ്പസാരം, പാപ്പാ, വീഞ്ഞ് ഇവയൊക്കെ പോർച്ചുഗീസ് പദങ്ങളാണ്. ഈശോമിശിഹാ, റൂഹ, ഒപ്രൂശ്മ, മാമ്മോദീസ, കുർബാന, കൂദാശ എന്നിവയൊക്കെ സുറിയാനി ഭാഷയിലെ പദങ്ങളാണ്. നമസ്കാരം, ത്രിത്വം, പുത്രൻ എന്നിവ സംസ്കൃതഭാഷയിൽനിന്നും എടുത്തവയാണ്.

മിഷണറിമാർ സഭയ്ക്കും സമൂഹത്തിനും ഭാഷയ്ക്കും ചെയ്തിട്ടുള്ള സംഭാവനകളുടെ കണക്ക് ഒന്നോ രണ്ടോ പേജിലൊതുങ്ങുന്നില്ല. അതിന് വിശദമായ അറിവ് ആഴത്തിൽ ലഭിക്കണമെങ്കിൽ മലയാളത്തിലെ പ്രശസ്തരായവരുടെ സാക്ഷ്യങ്ങളും മിഷണറിമാരുടെ പുസ്തകങ്ങളും വായിക്കേണ്ടിയിരിക്കുന്നു. മലയാളത്തിലെ പ്രശസ്തമായ പഴഞ്ചൊല്ലുകളുടെ ശേഖരം തന്നെയുണ്ട് മിഷണറിമാരുടെ വകയായി. മലയാളഭാഷയ്ക്ക് മാത്രമല്ല, മറ്റെല്ലാ ഇന്ത്യൻ ഭാഷകളിലും ക്രൈസ്തവ മിഷണറിമാരുടെ സംഭാവനകൾ വളരെയധികമുണ്ട്. നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദി എങ്ങനെ രൂപമെടുത്തു എന്നത് ഹിന്ദി പറയുന്നവർ അറിഞ്ഞിരുന്നെങ്കിൽ ക്രിസ്ത്യാനികളെ എന്നും മാറോട് ചേർത്ത് പിടിക്കുമായിരുന്നു.

സന്ദർഭവശാൽ കുറിക്കട്ടെ, നമ്മുടെ വരാപ്പുഴ മിഷനിൽ സേവനം ചെയ്ത കർമ്മലീത്താ മിഷണറിമാരുടെ സംഭാവനകൾതന്നെ ഒത്തിരിയുണ്ട്. മലയാളം കൂടാതെ തമിഴ്, കന്നഡ, ഉറുദ്, കൊങ്കിണി, സംസ്കൃതഭാഷകളിലും മിടുക്കരായിരുന്നു അവർ. റോഡ് ഗതാഗതമോ വാഹനങ്ങളോ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് നടന്നും പുഴ, കടൽ മാർഗ്ഗം മാത്രം യാത്ര ചെയ്തും നമ്മുടെ ദേശത്തിന്റെ ഭൂപടം കൃത്യതയോടെ വരച്ചിട്ടുള്ളത് അത്ഭുതമുളവാക്കും.

കടപ്പാട്: വായനയെ സ്നേഹിക്കുന്നവർക്ക്, ജിജ്ഞാസയുള്ളവർക്ക് പ്രിയ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി സാറിന്റെ 'മിഷണറി വ്യാകരണം' വായിക്കാവുന്നതാണ്. കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർക്ക് 'വരാപ്പുഴ എന്റെ അതിരൂപത' പേജ് 105 മുതൽ 124 വരെ വായിക്കാം.

അപ്രകാരം ഒരു വിവാഹം



ഫാ. ബാബു
വാവക്കാട്ട്

അതൊരു മിശ്രവിവാഹമായിരുന്നു പള്ളിയിൽ വച്ചു നടത്തുന്നത്. വരനോ വധുവോ ഒരാൾ കത്തോലിക്കയായിരിക്കുകയും, മറ്റേയാൾ വേറൊരു മതത്തിൽപ്പെട്ടതായിരിക്കുകയും ചെയ്യുമ്പോൾ അന്യമതത്തിൽപ്പെട്ടയാളുടെ മതം മാറാതെതന്നെ കത്തോലിക്കാ പള്ളിയിൽവച്ച് അവരുടെ വിവാഹം നടത്തിക്കൊടുക്കുന്ന ഒരു സംവിധാനം. അതൊരു കൂദാശയല്ല.

കത്തോലിക്കയായ അയാൾ സ്വന്തം മതവും വിശ്വാസവും പിൻതുടർന്നുകൊള്ളാമെന്നും തങ്ങൾക്ക് ഉണ്ടാകുന്ന കുഞ്ഞുങ്ങളെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്നും ഉഭയസമ്മതത്തോടെ സഭയ്ക്ക് ഉറപ്പു കൊടുക്കണം.

സാധാരണഗതിയിൽ ഇത്തരം വിവാഹങ്ങൾ സ്വന്തം ഇടവകയിൽവച്ച് നടത്താറില്ല. അതേ രൂപതയിൽപ്പെട്ട അൽപ്പ ദൂരത്തുള്ള ചെറിയ ഏതെങ്കിലും ഒരു പള്ളിയിൽ നടത്തിക്കൊടുക്കാൻ ചുമതലപ്പെടുത്താറാണ് പതിവ്. അത്തരത്തിൽ ഒരു വിവാഹം. കുർബാന കൂടാതെയാണ് ഇതു നടത്തിക്കൊടുക്കുന്നത്. രണ്ടുപേരുടെയും സമ്മതം ചോദിക്കലും പ്രതിജ്ഞ ചൊല്ലലും. മന്ത്രകോടി, മോതിരം, താലി എന്നിവ ആശീർവദിക്കലും താലികെട്ടലുമെല്ലാം സാധാരണ കല്യാണത്തിലേതുപോലെ ഇതിലും കാണും.

വധു ഹിന്ദുവായിരുന്നു. വളരെ ചുരുക്കം പേരേ വധുവിന്റെ ഭാഗത്തുനിന്നും പള്ളിയിൽ ഉണ്ടായിരുന്നുള്ളു. വധുവിന്റെ അച്ഛനും അമ്മയും ഉണ്ടായിരുന്നു. അവരാകട്ടെ തികച്ചും അപരിചിതമായ ഒരിടത്തു വന്നുപെട്ടതുപോലെ പരിഭ്രാന്തരും അസ്വസ്ഥരും ആയിരുന്നു. നടക്കാൻപോകുന്ന ചടങ്ങിനെക്കുറിച്ച് യാതൊരു പിടിപാടും അവർക്കില്ല എന്നു തോന്നും. വധുവിന്റെ വശത്തുനിന്ന് സാക്ഷി നിൽക്കാൻ ആളെ വിളിച്ചപ്പോഴും അവർക്കിടയിൽ ആശയക്കുഴപ്പവും അങ്കലാപ്പും ഉള്ളതായിക്കണ്ടു.

കപ്യാരാണ് മൈക്ക് പിടിച്ചുകൊടുക്കുന്നത്. രണ്ടുപേരുടെയും പരസ്പര സമ്മതം ചോദിച്ചു. വധുവിന് പേടികൊണ്ട് ശബ്ദം പുറത്തുവരാത്തതുപോലെ... വരനും വധുവും വലതുകൈ ചേർത്തുപിടിച്ചുകൊണ്ട് പ്രതിജ്ഞ ഏറ്റുചൊല്ലുന്ന ഭാഗമാണ് അടുത്തത്. വരൻ ഉച്ചത്തിൽ ചൊല്ലി. ഇനി വധുവിന്റെ ഭാഗമാണ്. കപ്യാർ മൈക്ക് വധുവിന്റെ അച്ഛന്റെ കൈയിൽ കൊടുത്തിട്ട് താലി, മന്ത്രകോടി എന്നിവ എടുത്തു പിടിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുവാനായി തിരിഞ്ഞു.

ഞാൻ പ്രാർത്ഥനാപുസ്തകത്തിലേക്ക് മുഖം കുനിച്ച് ഭക്തികൊണ്ട് പാതിയടഞ്ഞ കണ്ണുകളോടെ ഒരു താളത്തിൽ പ്രാർത്ഥന ചൊല്ലിക്കൊടുക്കുകയാണ്. ഞാൻ നിങ്ങളെ എന്റെ വരനായി സ്വീകരിച്ചിരിക്കുന്നു. ഇന്നുമുതൽ മരണം നമ്മെ വേർപിരിക്കുംവരെ..... എന്നെ അമ്പരപ്പിച്ചുകൊണ്ട് ആ പ്രതിജ്ഞ ഏറ്റുചൊല്ലിയത് ഒരു പുരുഷശബ്ദമായിരുന്നു. ഞാൻ നോക്കിയപ്പോൾ വധുവിന്റെ അച്ഛൻ വളരെ ഭക്തിയോടും ഭയത്തോടും കൂടെ നിന്ന് ആ പ്രതിജ്ഞ ചൊല്ലുകയാണ്. ഞാൻ നിങ്ങളെ എന്റെ വരനായി സ്വീകരിക്കുന്നുവെന്ന്....

എനിക്ക് പെട്ടെന്ന് ദേഷ്യം വന്നു. ഇങ്ങനെയുമുണ്ടോ ഒരു വിവരക്കേട്. "ചേട്ടാ, സ്വവർഗ്ഗ വിവാഹം നടത്തിക്കൊടുക്കാനുള്ള സംവിധാനമൊന്നും കത്തോലിക്കാ സഭയിലില്ല..." ഞാൻ പരിഹാസത്തോടെ പറഞ്ഞു. പ്രാർത്ഥന ആളുമാറി ഏറ്റുചൊല്ലിയതുകൊണ്ടാണ് ഞാൻ ദേഷ്യപ്പെട്ടതെന്ന് വരന് കത്തിയതായി തോന്നിയില്ല. ഞാൻ എന്തിനാണ് ദേഷ്യപ്പെടുന്നതെന്നറിയാതെ അവനെന്നെ തുറിച്ചു നോക്കുകയാണ്.

ഞാൻ വധുവിന്റെ അമ്മയെ നോക്കി അടുത്ത പരിഹാസവചനം പറഞ്ഞു. "ഇക്കണക്കിനാണ് കാര്യങ്ങളെങ്കിൽ നിങ്ങളു കൊഴയുമല്ലേ...." ആ പാവത്തിനും കാര്യമെന്തെന്ന് പിടിത്തം കിട്ടിയില്ല. വധുവും അമ്പരന്ന് നോക്കുന്നു. മൈക്ക് വധുവിന്റെ അച്ഛന്റെ കൈയിൽ കൊടുത്ത് ഇതിനെല്ലാം കാരണഭൂതൻ കപ്യാർ അപ്പോൾ ഉച്ചത്തിൽ ഒരു ചിരി ചിരിച്ചു... ഞാൻ തമാശ പറഞ്ഞതാണെന്നു മനസ്സിലാക്കിയ ആരോ പള്ളിക്കുള്ളിൽനിന്നു ചിരിച്ചു... പെട്ടെന്ന് കാര്യങ്ങൾ ഓടിത്തിരിഞ്ഞ വധു... ചിരി പുറത്തുവരാതിരിക്കാൻ ചുണ്ടുകടിച്ചു. തന്റെ വധു ചിരിക്കുന്നതു കണ്ടപ്പോൾ കാര്യമൊന്നും മനസ്സിലായില്ലെങ്കിലും വരനും ചിരിച്ചു.

ഞാൻ നോക്കിയപ്പോൾ വധുവിന്റെ പിതാവ് ഒരു നവവധുവിനെപ്പോലെ നാണിച്ച് തലകുനിച്ച് പമ്മിനിന്ന് പെരുവിരൽകൊണ്ട് തറയിൽ ചിത്രം വരയ്ക്കുന്നു. അതോടെ എനിക്കും ചിരിപൊട്ടി. പിന്നെ ചിരി ഒരലയായി പള്ളിമുഴുവനും പടർന്നു. വിവാഹം.... മംഗളം.

തേവര സെന്റ് ജോസഫ്സ് പള്ളി ശതാബ്ദി നിറവിൽ





ജോസഫ് മാക്സി അലോഷ്യസ്

എറണാകുളം കൊച്ചി നഗരങ്ങൾക്കിടയിൽ വളരെ വിശാലമായി പരന്നുകിടക്കുന്ന വേമ്പനാട്ട് കായൽ കാണാം. ആ കായലിന്റെ നടുവിൽ ഒരു ദ്വീപ് ഉണ്ട്. അവിടെ വളരെ പുരാതനമായ ഒരു ദേവാലയവും. അതാണ് വെണ്ടുരുത്തി പള്ളി. പണ്ട് അറിയപ്പെട്ടിരുന്ന വെൺതുരുത്ത് ലോപിച്ചാണ് വെണ്ടുരുത്തി എന്ന പേരായത്. 1599 -ാമാണ്ടിൽ സ്ഥാപിച്ച ഈ പള്ളി സെന്റ് പീറ്ററിന്റെയും സെന്റ് പോളിന്റെയും നാമത്തിലാണ് നിലകൊള്ളുന്നത്. ഈ പള്ളി വരാപ്പുഴ അതിരൂപതയിലെ ഏറ്റവും പുരാതനമായ ദേവാലയങ്ങളിൽ ഒന്നാണ്. പെരുമാനൂർ, തേവര, കോന്തുരുത്തി, മൂത്തേടം, നെട്ടൂർ, തൈക്കൂടം എന്നീ പ്രദേശങ്ങളിലെ ക്രൈസ്തവരുടെ മാതൃ ഇടവകയാണ് വെണ്ടുരുത്തിപള്ളി. 1674- നു മുമ്പ് തന്നെ പെരുമാനൂരിൽ വരവ്കാട് വ്യാകുലമാതാവിന്റെ ഒരു കുരിശുപള്ളിയും അതിനോട് ചേർന്ന് സിമിത്തേരിയം നിലവിൽ ഉണ്ടായിരുന്നു.

വെണ്ടുരുത്തി ദേവാലയത്തിൽ നിന്ന് 1742-ാമാണ്ടിൽ വേർപെട്ട് പെരുമാനൂരിൽ സെന്റ് ജോർജ്ജിന്റെ (പുത്തൻപള്ളി) നാമത്തിൽ മറ്റൊരു പുതിയ പള്ളിയും കൂടി സ്ഥാപിതമായപ്പോൾ വരവ്കാട് കുരിശുപള്ളിയും സിമിത്തേരിയും തേവര കോന്തുരുത്തി പ്രദേശങ്ങളും സെന്റ് ജോർജ്ജ് പള്ളിയോട് ചേർക്കപ്പെട്ടു. ഈ കുരിശുപള്ളിക്ക് അടുത്തായി കപ്പുച്ചിൻ സന്ന്യാസിയായ തിയോഫിൻ അച്ചൻ ആശ്രമശ്രേഷ്ഠനായിരുന്ന ഒരാശ്രമം സ്ഥിതി ചെയ്തിരുന്നു. കാലാന്തരത്തിൽ വിശുദ്ധനായ ഈ താപസശ്രേഷ്ഠനെ പിന്നീട് ദൈവദാസനായി തിരുസഭ ഉയർത്തി.മൂന്നര പതിറ്റാണ്ട് കാലം പഴക്കമുണ്ടായിരുന്ന വരവ്കാട് കുരിശുപള്ളിയും തേവര കോന്തുരുത്തി ഭാഗത്തു താമസിച്ചിരുന്ന പൂർവ്വികരെയുംകൂടി അടക്കം ചെയ്തിരിക്കുന്ന സിമിത്തേരിയും നാടിന്റെയും രാജ്യത്തിന്റെയും വികസനത്തിനും രാജ്യപുരോഗതിക്കും ജനങ്ങളുടെ ജീവിതമാർഗ്ഗമായ തൊഴിൽ സാദ്ധ്യതയ് ക്ക് ഉതകുന്ന കപ്പൽ നിർമ്മാണത്തിനുള്ള കപ്പൽശാലയ്ക്കും മറ്റുമായി ഇവിടെ സ്ഥിതിചെയ്തിരുന്ന മറ്റ് സ്ഥാപനങ്ങളുമെല്ലാം ഇടവകകാർക്ക് ത്യജിക്കേണ്ടിവന്നു. ഈ സിമിത്തേരിയിൽനിന്നുള്ള അസ്ഥിയും മാംസവും അലിഞ്ഞുചേർന്ന മണ്ണുമെടുത്ത് അവസാനമായി അവിടം വിട്ടുപേക്ഷിച്ച് പോരുന്ന രംഗം കരളലിയിക്കുന്ന കാഴ്ചയായിരുന്നു. എങ്കിലും ഇതെല്ലാം പുതിയ അംബികാപുരം സിമിത്തേരിയിലേക്ക് മാറ്റപ്പെട്ടു. അന്നത്തെ ആർച്ച്ബിഷപ്പ് ജോസഫ് കേളന്തര തിരുമേനി 1972 ജനുവരി 16-ാം തീയതി അംബികാപുരം പള്ളിയുടെയും സിമിത്തേരിയുടെയും കൂദാശാകർമ്മം നിർവ്വഹിച്ചു. ഇതേപോലെതന്നെയാണ് തിരുവനന്തപുരം പള്ളിത്തുറ എന്ന പ്രദേശവും മറിയം മഗ്ദലേന പള്ളിയും തുമ്പ റോക്കറ്റ് വിക്ഷേപണത്തിന് 1962-ൽ ഇന്ത്യൻ അറ്റോമിക് എനർജി ശാസ്ത്രജ്ഞന്മാർക്കു വേണ്ടി കേന്ദ്രഗവൺമെന്റ് ഏറ്റെടുത്തത്. ഇവിടെയും കത്തോലിക്കരാണ് ത്യാഗങ്ങൾ സഹിച്ച് സ്ഥലവും വീടും വിട്ടുനൽകിയത് എന്ന് ഓർമ്മിക്കേണ്ടതാണ്.

തേവര പള്ളി ജന്മം കൊള്ളുന്നു

തൊഴിലാളികളുടെ മദ്ധ്യസ്ഥനും കുടുംബങ്ങളുടെ കാവൽക്കാരനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള തേവരപള്ളി ആലംബഹീനർക്കും അശരണർക്കും ഒരാശ്രയസങ്കേതവും അത്താണിയുമാണിപ്പോൾ. വരാപ്പുഴ അതിരൂപതാ മദ്ധ്യസ്ഥന്റെ നാമധേയവും പേറി നിലകൊള്ളുന്ന ഈ ആരാധനാലയം കൊച്ചി മഹാനഗരത്തിന്റെ തെക്കുപടിഞ്ഞാറേ അതിർത്തിയിൽ, വേമ്പനാട്ട് കായലിനോടു ചേർന്നുള്ള തേവര, കോന്തുരുത്തി പ്രദേശങ്ങൾ ഉൾപ്പെട്ട ഏതാണ്ട് പത്തു ചതുരശ്ര കിലോമീറ്റർ വരുന്നതാണ് തേവര സെന്റ് ജോസഫ് പള്ളി ഇടവക.കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ തേവര പ്രദേശത്തു ഒരു ദേവാലയം വേണമെന്ന ആശയം ഉദിക്കുന്നത് സ്ഥലത്തെ പ്രധാനിയും കടുത്ത കത്തോലിക്കാ വിശ്വാസിയുമായ

കുട്ടംപറമ്പിൽ ചാക്കു ശൗര്യാർ എന്ന നല്ല മനുഷ്യന്റെ മനസ്സിലാണ്. തേവര നിവാസികൾ വെണ്ടുരുത്തി പള്ളിയിൽ വള്ളത്തിലും പുത്തൻപള്ളിയിൽ വളരെ ദൂരം നടന്നുംപോയി വേണം ദിവ്യബലിയിൽ പങ്കെടുക്കാൻ. ഈ ബുദ്ധിമുട്ട് മനസ്സിലാക്കിയ ശ്രീ. ചാക്കു ശൗര്യാർ അതിരൂപത മെത്രാപ്പോലീത്തയെയും മറ്റ് അധികാരികളെയും തങ്ങളുടെ കഷ്ടപ്പാടുകൾ ബോധിപ്പിച്ചു.

കൂടാതെ പള്ളിക്കും സിമിത്തേരിക്കും ആവശ്യമായ സ്ഥലം ദാനമായി നൽകാമെന്നും പള്ളിപണിയുന്നതിനുള്ള ചെലവ് താൻ സ്വന്തമായി വഹിച്ചുകൊള്ളാമെന്നും അതിരൂപതയെ രേഖാമൂലം അറിയിച്ചു. തൽഫലമായി തേവരയിൽ പള്ളി പണിയുന്നതിന് അതിമെത്രാസന മന്ദിരത്തിലെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഏയ്ഞ്ചൽ മേരി പേർസ് ഒ.സി.ഡി. അനുവാദം നൽകിയതിനെ തുടർന്ന് തേവര കുട്ടംപറമ്പിൽ ശ്രീ. ചാക്കു ശൗര്യാർ പള്ളി സ്ഥാപിക്കുന്നതിനും സിമിത്തേരിക്കും ആവശ്യമായ സ്ഥലം 1924-ൽ ജൂൺമാസം 2-ാം തീയതി തിങ്കളാഴ്ച ദാനം ചെയ്തതായ രേഖകൾ രജിസ്റ്റ്രാക്കി അതിരൂപതയെ ഏൽപ്പിച്ചു. രൂപതാ അധികാരികൾ തന്ന പ്ലാൻ അനുസരിച്ച് ശ്രീ. ചാക്കു ശൗര്യാർ, തന്റെ മേൽനോട്ടത്തിൽ പള്ളി പണികഴിപ്പിച്ച് ഒരു കൊല്ലത്തിനകം വെഞ്ചിരിപ്പിനു യോഗ്യമാക്കി. അങ്ങനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനും കാവൽക്കാരനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ 1925-ാം മാണ്ട് മെയ്മാസം 1-ാം തീയതി വെള്ളിയാഴ്ച ദിവസം അന്നത്തെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. എയ്ഞ്ചൽ മേരി പേർസ് ഒ.സി.ഡി. പള്ളിയും സിമിത്തേരിയും കൂദാശ ചെയ്ത് ആദ്യ ദിവ്യബലി അർപ്പിച്ചുവെന്നത് ഇടവകയുടെ ചരിത്രമായി മാറി. കുട്ടംപറമ്പിൽ ചാക്കു ശൗര്യാരുടെയും നാട്ടുകാരുടെയും ചിരകാല സ്വപ്നം അതുവഴി സാക്ഷാത്കരിച്ചു. എങ്കിലും ഈ പള്ളി 1947 വരെ പെരുമാനൂർ സെന്റ് ജോർജ്ജ് ഇടവക പള്ളിയുടെ കുരിശുപള്ളിയായി തുടർന്നു. ഞായറാഴ്ചകളിൽ മാത്രമേ ഇവിടെ ദിവ്യബലി അന്ന് ഉണ്ടായിരുന്നുള്ളൂ.

ഭാഗ്യവശാൽ 1947-ൽ തേവര സെന്റ് ജോസഫ്സ് ദേവാലയം ഒരു സ്വതന്ത്ര ഇടവകയായി ജോസഫ് അട്ടിപ്പേറ്റി പിതാവ് ഉയർത്തി. ആദ്യ വികാരിയായി വെരി. റവ. ജോസഫ് തട്ടാരശ്ശേരിയെ നിയമിച്ചുവെങ്കിലും 1944 മുതൽ അദ്ദേഹം ഇവിടെ പ്രീസ്റ്റ് ഇൻ ചാർജ്ജ് ആയിരുന്നു. 1963-നു ശേഷം പെരുമാനൂർ റെയിൽവേ മേൽപ്പാലം മുതൽ തെക്കോട്ട് തേവര, കോന്തുരുത്തി പ്രദേശവും, കോയിത്തറ ആലപ്പുഴ റെയിൽപാലം മുതൽ തെക്കോട്ടുള്ള പ്രദേശങ്ങൾ ഉൾപ്പെടെയാണ് തേവര ഇടവകയുടെ വ്യാപ്തി. 1963-നു മുമ്പ് തേവര മാർക്കറ്റ് പാലം വരെയായിരുന്നു ആദ്യത്തെ ഇടവക അതിർത്തി. ആദ്യത്തെ കപ്യാർ കുട്ടംപറമ്പിൽ പീറ്റർ (പേത്യ) എന്ന വ്യക്തി 1979-ൽ റിട്ടയർ ചെയ്യുന്നതുവരെ ഈ പള്ളിയിൽ സ്തുത്യർഹമായ സേവനം ചെയ്തു. രേഖകൾ അനുസരിച്ച് ഈ ഇടവകയിൽ 660 കുടുംബങ്ങളും 3764 ഇടവകക്കാരും മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളൂ. തേവരപ്പള്ളി നൂറാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ എല്ലാവർക്കും ആശ്വാസമായി തലയെടുപ്പോടെ ഈ പുണ്യ ദൈവാലയം നിലനിൽക്കുന്നു.

DIRECTORATE OF FAMILY UNITS

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2024 ഏപ്രിൽ 28 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

1.സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, കലൂർ-50,000 രൂപ

2.അമലോത്ഭവമാതാ ചർച്ച്, വള്ളുവള്ളി -10,000 രൂപ

3.ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ, സെന്റ് ജോസഫ് ബസിലിക്ക വരാപ്പുഴ-10,000 രൂപ

ആകെ-70,000 രൂപ

FAMILY COMMISSION
ARCHDIOCESE OF VERAPOLY

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഏപ്രിൽ മാസത്തെ പരിപാടികൾ:

വിവാഹ ഒരുക്ക കോഴ്സ് :ഏപ്രിൽ 5, 6, 7
ഏപ്രിൽ 19, 20, 21
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
മാതൃവേദി കൂട്ടായ്മ:
ഏപ്രിൽ 13 രാവിലെ 10.30 ന്
ഏകസ്ഥരുടെ കൂട്ടായ്മ:
ഏപ്രിൽ 18, രാവിലെ 10.30 ന്
വിധവ സംഗമം (അൽമാന) :
ഏപ്രിൽ 20 ശനിയാഴ്ച രാവിലെ

'ഹെർമസ്' തിരുക്കർമ്മ വിവരണങ്ങൾ: പുസ്തക പ്രകാശനം നടത്തി

കേരളവാണി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഹെർമസ്-തിരുകർമ്മ വിവരണങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം അതിമെത്രാസന മന്ദിരത്തിൽവച്ച് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് നിർവഹിച്ചു.

പുസ്തകത്തിന്റെ ആദ്യപ്രതി അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമറ്റം ഏറ്റുവാങ്ങി. വികാർ ജനറൽ മോൺ. മാത്യു കല്ലിങ്കൽ, ചാൻസലർ ഫാ. എബിജിൻ അറക്കൽ, കേരളവാണി ഡയറക്ടർ ഫാ. യേശുദാസ് പഴമ്പള്ളി, ഫാ. കുര്യൻ, സെക്രട്ടറി ഫാ. ഡിനോയ് റിബേര, കേരളവാണി മീഡിയ ടീം അംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

വിഭൂതി ബുധൻ, ഓശാന ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി, വലിയ ശനി-ഉയിർപ്പ്, വിശുദ്ധവാരഗാനങ്ങൾ, അഡ്വെന്റ് റീത്ത്- പ്രാർത്ഥന, പ്രഥമ ദിവ്യകാരുണ്യ സ്വീകരണം, അൾത്താര ശുശ്രൂഷക സഖ്യത്തിലേക്ക് സ്വീകരിക്കുന്ന ക്രമം, സ്ഥൈര്യലേപനം, ശുശ്രൂഷാപട്ട സ്വീകരണം, പൗരോഹിത്യ സ്വീകരണം, പൗരോഹിത്യ സ്വീകരണവും ശുശ്രൂഷ പട്ടവും ഒരുമിച്ച്, ദൈവാലയാശീർവാദം, തൈലാശീർവാദ ബലി, പ്രഥമ ദിവ്യബലിയർപ്പണം തുടങ്ങിയവയുടെ കമന്ററി ഉൾക്കൊള്ളിച്ച പുസ്തകമാണ് ഹെർമസ്. 90 രൂപയാണ് വില. പുസ്തകം കേരളവാണി ഓഫീസിൽനിന്നും ലഭ്യമാണ്.
ഫോൺ : 6282610318

അന്നം നൽകുന്നവൻ ഈശ്വരന് സമം ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ



തെരുവിൽ അലയുന്ന ദരിദ്രർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നവർ ഈ ലോകത്ത് ദൈവത്തിനു സമമായി ജീവിക്കുന്നവരെന്ന് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അഭിപ്രായപ്പെട്ടു. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച എറണാകുളം നഗര പ്രദേശത്ത് തെരുവിൽ അലയുന്നവർക്ക് ഭക്ഷണം നൽകുന്ന സുമനസ്സുകളുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത വികാരി ജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമറ്റം, ചാൻസലർ ഫാ. എബിജിൻ അറക്കൽ, പബ്ലിക് റിലേഷൻസ് ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി പ്രോഗ്രാം കോ ഓഡിനേറ്റർ ശ്രീ. പീറ്റർ ഓച്ചന്തുരുത്ത് എന്നിവർ പ്രസംഗിച്ചു.

തിരുബാല സംഖ്യദിനം ആചരിച്ചു

വരാപ്പുഴ അതിരൂപത മതബോധന കമ്മീഷൻ ഫെബ്രുവരി 11 ന് തിരുബാലസംഖ്യ ദിനം ആചരിച്ചു. വല്ലാർപാടം മരിയൻ ബസിലിക്കയിൽ നടന്ന ദിവ്യബലിയിൽ കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ മുഖ്യകാർമികത്വം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ തിരുബാല സംഖ്യദിന സന്ദേശം നൽകി. തുടർന്ന് റാലിയും സംഘടിപ്പിച്ചു.

വായ്പ മേള സംഘടിപ്പിച്ചു



വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വയംസഹായ സംഘങ്ങൾക്കുള്ള വായ്പാ വിതരണ മേള കേരള പിന്നോക്ക വിഭാഗ കോർപറേഷൻ സഹകരണത്തോടെ സംഘടിപ്പിച്ചു. എറണാകുളം സോഷ്യൽ സർവ്വിസ് സൊസൈറ്റി ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ ഡയറക്ടർ അഡ്വക്കേറ്റ് ഉദയകുമാർ പി. ലോൺ മേള ഉദ്ഘാടനം ചെയ്തു. ഒരു കോടി പതിനാല് ലക്ഷം രൂപ സ്വയംതൊഴിൽ വായ്പയായി നൽകി. കേരള പിന്നോക്ക വിഭാഗ കോർപറേഷൻ എറണാകുളം ജില്ല അസിസ്റ്റന്റ് ജനറൽ മാനേജർ വേണുഗോപാൽ പി.എൻ. പിന്നോക്ക വിഭാഗ ലോണുകളെ കുറിച്ച് വിശദീകരിച്ചു.

എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി യുടെ വനിതാ ദിനാഘോഷം - 'പെണ്ണഴക് 2024' ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി എറണാകുളം ഇൻഫെന്റ്



ജീസസ് പാരിഷ് ഹാളിൽ വച്ച് അന്താരാഷ്ട്ര വനിതാ ദിനം 'പെണ്ണഴക് -2024' സമുചിതമായി ആഘോഷിച്ചു. ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘടനം നിർവഹിച്ച പരിപാടിയിൽ ശ്രീ. ഹൈബി ഈഡൻ മുഖ്യപ്രഭാഷണം നടത്തി. പ്രഗത്ഭരായ വനിതകളെ പ്രസ്തുത ചടങ്ങിൽ ആദരിച്ചു. സംരംഭകത്വം, സാമൂഹ്യ പ്രവർത്തനം, രാഷ്ട്രീയം, സാംസ്കാരികം, തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെ പ്രത്യേക അവാർഡുകൾ നൽകി ആദരിച്ചു. പിതാവിന്റെ സ്നേഹഭവനം പദ്ധതിയുടെ ഭാഗമായി ഭവന പൂർത്തികരണത്തിനുള്ള സഹായ ധനവിതരണം ആർച്ച്ബിഷപ്പ് നിർവഹിച്ചു. 25 വർഷം പൂർത്തിയാക്കിയ വനിതാ സ്വയം സഹായ സംഘങ്ങളെയും വനിതാ കർഷക അവാർഡിന് അർഹരായ വനിതകളെയും ആദരിച്ചു. കാൻസർ രോഗികൾക്കായുള്ള കേശദാന ചടങ്ങ് മുഖ്യതിഥിയായ പ്രശസ്ത സിനിമാതാരം പൗളി വത്സൻ ഉത്ഘാടനം ചെയ്തു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപറേഷന്റെ വായ്പാ വിതരണവും കഇകഇക ഫൗണ്ടേഷന്റെ തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടിയും നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷന്റെ പ്രോജക്ടുകളും ആസ്റ്റർ മെഡിസിറ്റിയുടെ ബി ഫസ്റ്റ് എന്ന പരിപാടിയും വനിതാസംഗമത്തിന്റെ സവിശേഷതകളായിരുന്നു. ശ്രീ. അനന്തുകൃഷ്ണൻ, ശ്രീമതി നിത്യ രാകേഷ്, ഡോ. ജോൺസൻ കെ. വർഗീസ്, ഫാ. മാർട്ടിൻ അഴിക്കകത്ത്, ഫാ. ജിബിൻ ജോർജ് മാതിരപ്പിള്ളി എന്നിവർ പ്രസംഗിച്ചു

വെക്കേഷൻ ഫെയ്ത്ത് ഫെസ്റ്റിവൽ ഏപ്രിൽ 8 മുതൽ 12 വരെ

വരാപ്പുഴ അതിരൂപത മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി അവധിക്കാല വിശ്വാസപരിശീലന ക്യാമ്പ് വെക്കേഷൻ ഫെയ്ത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു.2024 ഏപ്രിൽ 8 മുതൽ 12 വരെ (തിങ്കൾ മുതൽ വെള്ളിവരെ), 5 ദിവസങ്ങളിലായാണ് ക്യാമ്പ് ഒരുക്കിയിരിക്കുന്നത്.
എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെയാണ് സമയം. എല്ലാ ഇടവകകളിലും സംഘടിപ്പിക്കുന്നു.സൺഡേകെയർ മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ പങ്കെടുക്കണം.ദൈവവചനത്തിൽ അധിഷ്ഠിതമായി സുഹൃത്തുക്കൾക്കൊപ്പം ആട്ടവും പാട്ടും ചിരിയും കളിയുമായി ഒത്തുചേരുകയും വിശുദ്ധിയുള്ള മനസ്സും തിളക്കമാർന്ന വ്യക്തിത്വവും രൂപപ്പെടുത്തുന്ന ദിനങ്ങളാണ് ക്യാമ്പ് നൽകുന്നത്.ഓരോ ഇടവകയിലും വികാരി / സഹ വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ മതബോധന അധ്യാപകരേയും PTA അംഗങ്ങളേയും സമർത്ഥരായ യുവജനങ്ങളേയും വൈദീകവിദ്യാർത്ഥി കളേയും അണിനിരത്തിയാണ് വിശ്വാസോത്സവത്തിന് നേതൃത്വം നൽകുന്നത്.വചനമേ എന്നിൽ നിറയണമേ എന്നതാണ് ക്യാമ്പിന്റെ ആപ്തവാക്യം.

വിശ്വാസോത്സവം : പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

അതിരൂപതയിലെ എല്ലാ ഇടവകകളിലും ഏപ്രിൽ 8 മുതൽ 12 വരെ സംഘടിപ്പിക്കുന്ന വിശ്വാസോത്സവം ക്യാമ്പിന് നേതൃത്വം നൽകുന്ന റിസോഴ്സ് ടീമിനുള്ള പരിശീലനം സംഘടിപ്പിച്ചു.എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടന്ന ആദ്യഘട്ട പരിശീലന ക്യാമ്പ് വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറക്കൽ ഉദ്ഘാനം ചെയ്തു. കളമശേരി ആശിസ് കൺവെൻഷൻ സെന്ററിൽ നടന്ന രണ്ടാംഘട്ട പരിശീലന ക്യാമ്പ് കെ ആർഎൽസിബിസി മതബോധന കമ്മീഷൻ സെക്രട്ടറി ഫാ. മാത്യു പുതിയാത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത മതബോധന ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ, സെക്രട്ടറി എൻ.വി. ജോസ് എന്നിവർ നേതൃത്വം നൽകി.

ബൈബിൾ ക്വിസ് മത്സരം

വരാപ്പുഴ അതിരൂപത മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസിന്റെ അതിരൂപതതല മത്സരം ഏപ്രിൽ 7 ന് സംഘടിപ്പിക്കും. എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ രാവിലെ 10 മണിക്കാണ് മത്സരം . ഇടവകതലത്തിൽ നിന്നും വിജയികളായവരാണ് ഇതിൽ പങ്കെടുക്കുന്നത്.

കെആർഎൽസിസി സ്കോളർഷിപ് പരീക്ഷ

കെ ആർ എൽസിസി നടത്തുന്ന സ്കോളർഷിപ് പരീക്ഷക്ക് യോഗ്യത നേടുന്നതിന് വേണ്ടിയുള്ള അതിരൂപതതല പരീക്ഷ ഏപ്രിൽ 14 ന് രാവിലെ 11 മണിക്ക് കച്ചേരിപ്പടി സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നടക്കും.ഒരു ക്ലാസിൽ നിന്നും വാർഷികപരീക്ഷയിൽ 85% മാർക്ക് വാങ്ങിയ മൂന്ന് പേർക്ക് പങ്കെടുക്കാം.മെയ് 12 നാണ് കെആർ എൽസിസി നടത്തുന്ന സംസ്ഥാനതല പരീക്ഷ.

പ്രഥമ ദിവ്യകാരുണ്യ സ്വീകരണം : പരിശീലന പരിപാടി സംഘടിപ്പിച്ചു

പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾക്ക് ക്ലാസെടുക്കുന്നവർക്കായുള്ള പരിശീനപരിപാടി മാർച്ച് 17 ന് സംഘടിപ്പിച്ചു. എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടന്ന പരിശീലന പരിപാടിയിൽ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ, സെക്രട്ടറി എൻ.വി ജോസ്, ബെൻസി

മാർട്ടിൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

.....



KRLCC നടത്തിയ ലസ്തോറിയ കിസ് മത്സരത്തിൽ ആ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ഇടപ്പള്ളി നോർത്ത് തിരുഹൃദയ ഇടവകാംഗം ആൻമരിയ എബ്രഹാമിന് അഭിനന്ദനങ്ങൾ

.....



KRLCC നടത്തിയ ലസ്തോറിയ കിസ് മത്സരത്തിൽ ഇ വിഭാഗത്തിൽ പ്രോത്സാഹന സമ്മാനത്തിന് അർഹത നേടിയ നെട്ടൂർ ഹോളി ക്രോസ് ഇടവകാംഗം മേരി മേഴ്സി കൊറയ്ക്കും തുണ്ടത്തുംകടവ് ഇൻഫന്റ് ജീസസ് ഇടവകാംഗം അബിൻ ജോസ് ജയിംസിനും അഭിനന്ദനങ്ങൾ

.....





ഇടവക രാഷ്ട്രീയ പങ്കാളിത്തം എന്ന വിഷയത്തിനെ കുറിച്ച്ശ്രീ. ജോസഫ് ജൂഡ് (രാഷ്ട്രീയ കാര്യ സമിതി)ക്ലാസ്സെടുക്കുന്നു.

.....

ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിൻറെ 20-ാം ചരമവാർഷികാചരണം മാതൃ ഇടവക ചാത്യാത്ത് മൗണ്ട് കാർമൽ പള്ളിയിൽ മാർച്ച് 19, 20 തീയതിക ളിലായി നടത്തി

ടി-സ്കയർ റോഡിൽ ദൈവദാസന്റെ മാതൃഭവനമായ വേലിയത്ത് കുടുംബത്തിൽവച്ച് ഫാ. സിനു ക്ലീറ്റസ് ചമ്മിണികോടത്ത് തെളിച്ചുനല്കിയ ദീപശിഖയുമായി 19-നു വൈകിട്ട് ഇടവക കുടുംബ യോഗം 12-ാം ബ്ലോക്കിന്റെ നേതൃത്വത്തിൽ ദൈവദാസ സ്മൃതിമണ്ഡപത്തിലേക്ക് പ്രയാണമാരംഭിച്ചു. വികാരി ഫാ. പോൾസൺ കൊറ്റിയത്ത് ദീപശിഖ സ്വീകരിച്ച് കബറിടത്തിൽ സ്ഥാപിച്ചു. ചാത്യാത്ത് പള്ളി സെമിത്തേരിയിലെ ദൈവദാസ സ്മൃതിമണ്ഡപത്തിൽ സമൂഹദിവ്യബലിയിൽ കോട്ടപ്പുറം രൂപത വികാരി ജനറാൾ മോൺ. റോക്കി റോബി കളത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. റവ. ഡോ. സ്റ്റാൻലി മാതിര പ്പിള്ളി



അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് നേർച്ചവിതരണം നടത്തി.ഇടവകപള്ളിയിൽ 20-ന് വൈകിട്ട് അഞ്ചിന് വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ പ്രധാന കാർമികത്വത്തിൽ പൊന്തിഫിക്കൽ സമൂഹദിവ്യ ബലി അർപ്പിച്ചു. അതിരൂപതയിലെ വൈദികരും സന്ന്യസ്തരും സഹകാർമികരായി. ജീവനാദം മാനേജിംഗ് എഡിറ്റർ ഫാ. ജോൺ ക്യാപിസ്റ്റൺ ലോപ്പസ് ദൈവദാസാനുസ്മരണ പ്രസംഗം നടത്തി. തുടർന്ന് കബറിടത്തിൽ പ്രത്യേക പ്രാർഥനാ ശുശ്രൂഷകളും നേർച്ചവിതരണവുമുണ്ടായിരുന്നു.

വരാപ്പുഴ അതിരൂപത അഡ്മിനിസ്ട്രേറ്ററും ദീർഘകാലം വികാരി ജനറാലും ജുഡീഷ്യൽ വികാറും എറണാകുളം ജനറൽ ആശുപത്രി ചാപ്ലിനുമായിരുന്ന മോൺ. ഇമ്മാനുവൽ ലോപ്പ സിന്റെ മഹച്ചരമം 2004 മാർച്ച് 20 നായിരുന്നു. വിശുദ്ധജീവിതം നയിച്ച അദ്ദേഹത്തിന്റെ മരണാനന്തരം നിരവധി അദ്ഭുതസാക്ഷ്യങ്ങൾ ഉണ്ടായതിനെത്തുടർന്ന് 19 വർഷങ്ങൾക്കുശേഷം, 2023 ജൂൺ മാസം മോൺ. ലോപ്പസിനെ ദൈവദാസ പദത്തിലേക്കുയർത്താൻ വിശുദ്ധരുടെ നാമകരണത്തിനാ യുള്ള വത്തിക്കാൻ ഡികാസ്റ്ററി യിൽ നിന്ന് അനുമതി ലഭിച്ചു. 2023 ജൂലൈ 19-ന് ചാത്യാത്ത് മൗണ്ട് കാർമൽ ദേവാലയത്തിൽവച്ച് ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, മോൺ. ഇമ്മാനുവൽ ലോപ്പസിനെ ദൈവദാ സനായി പ്രഖ്യാപിച്ചു. തികഞ്ഞ മനുഷ്യസ്നേ ഹിയായിരുന്ന മോൺ. ഇമ്മാനുവൽ ലോപ്പസ് ജീവിതകാലത്തുതന്നെ കേരള വിയാനി എന്നാണറിയപ്പെട്ടിരുന്നത്.ദൈവദാസ ചരമ വാർഷികാനുസ്മരണയോടനുബന്ധിച്ച് ഇടവക ത്രിശതോത്തര സുവർണ ജൂബിലി സ്മരണിക 'ഇമ്മാനുവൽ', ജൂബിലി സമ്മാനം ദൈവദാസ ചിത്രം ആലേഖനം ചെയ്ത മെഡൽ എന്നിവയുടെ വിതരണോദ്ഘാടനം മോൺ. ജോസഫ് എട്ടുരുത്തിലിന് നൽകി ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ദിവ്യബലിയെത്തുടർന്ന് ദൈവദാസ കബറിടത്തിൽ ആർച്ച് ബിഷപ് നാമകരണ പ്രാർഥനയും പ്രാർഥനാ ശുശ്രൂഷകളും നിർവഹിച്ച് പുഷ്പാർച്ചന നടത്തി. വിശ്വാസി സമൂഹത്തിനായി ഇടവക ഒരുക്കിയ നേർച്ച പാക്കറ്റ് വിതര*ണവും ഉണ്ടായിരുന്നു.*



ഫാ. വിൻസെന്റ് വാര്യത്ത്

ഭൂമിയുടെ അവകാശി ദൈവമാണ്



2023 നവംബർ ഏഴിന് ബംഗളൂരു നഗരത്തിൽ വെള്ള പ്പൊക്കമുണ്ടായി. എന്നാൽ വെറും നാലുമാസത്തിനു ശേഷം അതേ നഗരം കുടിവെ ള്ളമില്ലാതെ വലയുന്ന അവ സ്ഥയിലാണ് ഇപ്പോൾ. വെള്ള പ്പൊക്കവും തുടർന്ന്

വരൾച്ചയും എല്ലായിടത്തും ഒരു സാധാരണ സംഭവം പോലെ ആയി മാറുമ്പോൾ നമ്മൾ പ്രകൃതിയോട് കാണിക്കുന്ന ദ്രോഹത്തെക്കുറിച്ച് ആത്മാർത്ഥതയോടെ നാം വിചിന്തനം നടത്തണം.

2015 മെയ് മാസം പോപ്പ് ഫ്രാൻസിസ് പ്രകൃതിയോട് നമുക്കുള്ള കടമകളെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് ലൗദാത്തോസി എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചു. നമ്മൾ ഇന്ന് വിചിന്തന വിഷയമാക്കുക ഈ ലേഖനം തന്നെയാണ്. നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ചും ഈ പ്രകൃതിയോട് കാണിക്കേണ്ട കരുതലിനെക്കുറിച്ചും ആത്മാർത്ഥമായിട്ട് ചിന്തിക്കാം. ലൗദാത്തോസി എന്ന ചാക്രികലേഖനം പ്രധാനമായും നാലു കാര്യങ്ങളാണ് നമ്മെ ഓർമ്മപ്പെടുത്തിയത്:

ഒന്ന്: നമ്മളെല്ലാവരും താമസിക്കുന്ന പൊതുഭവനമായ ഈ പ്രപഞ്ചത്തോട് കാണിക്കേണ്ട ആദരവ്. നമ്മൾ ഈ ലോകത്തിൽ സ്ഥിരം താമസക്കാർ അല്ല. എങ്കിലും ഈ ഇടത്താവളത്തെ സുന്ദരമായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പാപ്പ ഓർമ്മപ്പെടുത്തുന്നു, നമ്മൾ യജമാനർ അല്ല, പ്രപഞ്ചത്തിലെ സഹകാരികൾ ആണ്. ഉപയോഗിച്ച് നശിപ്പിച്ചല്ല പര സ്പര സ്നേഹത്തോടുകൂടി കൊടുത്തും നൽകിയുമാണ് നമ്മൾ ലോകത്തിൽ മുന്നേറേണ്ടത്.

രണ്ട്: നമ്മുടെ ആർത്തിയാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. പ്രപഞ്ച വിഭവങ്ങൾ നമ്മുടെ ആവശ്യത്തിന് തികയും. പക്ഷേ നമ്മുടെ ആർത്തിക്കുതകുകയില്ല. മനുഷ്യർ അത്യാർത്തി മൂലം മരങ്ങളെല്ലാം വെട്ടി നശിപ്പിക്കുന്നു, മലയിടിച്ച് നിരത്തി മണ്ണെടുക്കുന്നു, പുഴയിൽനിന്നും നിയന്ത്രണമില്ലാതെ മണ്ണുവാരിയെടുക്കുന്നു. ഒരു ക്രമവുമില്ലാതെ ജൈവവൈവിധ്യങ്ങളെല്ലാം നശിപ്പിച്ചിട്ട് നമ്മൾ കെട്ടിടങ്ങൾ പണിതു കൂട്ടുന്നു. അങ്ങനെ മൊത്തത്തിൽ കാലാവസ്ഥയിൽ മാറ്റം വരുന്നു. പുഴ വരളുന്നു, മഴ കുറയുന്നു, ചൂട് കൂടുന്നു, പ്രപഞ്ചത്തിലെ താളം നഷ്ടപ്പെട്ടു പോകുന്നു. ഈ താളം വീണ്ടെടുക്കണമെങ്കിൽ നമ്മുടെ ആർത്തി കുറയ്ക്കണം.

മൂന്ന്: പ്രപഞ്ചത്തോട് ഒരു ആദരവ് നമ്മൾ വീണ്ടും കൊണ്ടുവരണം. കുഞ്ഞുങ്ങൾ ജനിക്കുമ്പോഴും ആഘോഷം നടത്തുമ്പോഴും മരം നടുന്ന പതിവുണ്ടായിരുന്നു പണ്ട്. മരത്തണലിൽ ആണ് പണ്ട് നമ്മൾ പഠിച്ചിരുന്നത്. കൂട്ടമായിരുന്നു ചർച്ച ചെയ്തിരുന്നതും മരത്തണലിൽ ആണ്! മരത്തെ അങ്ങേയറ്റെ സ്നേഹത്തോടുകൂടി നമ്മൾ നോക്കിക്കൊണ്ടിരുന്നു. ആ ആദരവ് നമ്മൾ വീണ്ടെടുക്കണം. നമ്മുടെ ചവറുകൾ കൊണ്ടിടാനുള്ള സ്ഥലമാക്കി വഴിയോരങ്ങളെയും പുഴയോരങ്ങളെയും മാറ്റരുത്. സാധിക്കുന്ന വിധത്തിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക. എല്ലാവരും മരങ്ങൾ വനദിനത്തിലും മറ്റും നടാറുണ്ട്. പക്ഷേ അവ വളരുന്നുണ്ടോ എന്നതിനെക്കുറിച്ച് ആരും ചിന്തിക്കാറില്ല. ഓരോരുത്തരും മരം നട്ടു വളർത്തുന്നതിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങണം. വെറുതെ കാടുകയറി മരം മുറിച്ചു കളയുന്ന പ്രവണതകൾ തടയണം. അത്യാവശ്യമാണെങ്കിൽ മാത്രം മരം മുറിക്കുകയുള്ളൂ എന്ന് തീരുമാനമെടുക്കണം. പണ്ടത്തെപ്പോലെ അടുക്കളത്തോട്ടവും, ഔഷധച്ചെടി തോട്ടവും നമ്മൾ ഉണ്ടാക്കിയെടുക്കണം, ഓരോ വീട്ടിലും.

നാല്: പ്രകൃതിയുമായി ഒരു ബന്ധം സ്ഥാപിക്കണം. നമ്മളെല്ലാവരും കോൺക്രീറ്റ് വനങ്ങളിൽ, നമ്മുടേതായ സ്വാർത്ഥ ലോകത്തിൽ അടഞ്ഞുകിടക്കുന്നുവെന്ന് പാപ്പ സങ്കടത്തോടെ ഓർക്കുന്നു. പാപ്പ പറയുന്നു ഈ കോൺക്രീറ്റ് വനങ്ങൾ വെടിഞ്ഞ് ഇടയ്ക്കെങ്കിലും ഉദ്യാന പരിപാലനം നടത്താനും പുഴകളും കാടുകളുമെല്ലാം സന്ദർശിക്കാനും സമയം കണ്ടെത്തണം. കുഞ്ഞുങ്ങളെയും വീട്ടിൽ അടച്ചിടാതെ പുറത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്ന രീതിയിൽ വളർത്തിയെടുക്കണം. കുറെ കാലമായിട്ട് നമ്മൾ കുഞ്ഞുങ്ങളെ പ്പോലും കളിക്കാൻ പുറത്തേക്കു വിടുന്നില്ല. വെയിൽ കൊള്ളിക്കാതെ മഴ കൊള്ളിക്കാതെ കുഞ്ഞുങ്ങളെ നമ്മൾ ഇരുട്ട് മുറികളിൽ വളർത്തിക്കൊണ്ടിരിക്കുകയാണ്. അവർ സദാസമയവും ചെലവഴിക്കുന്നത് കമ്പ്യൂട്ടറിന്റെയും ടിവിയുടെയും മൊബൈലിന്റെയും മുന്നിലാണ്. അവർക്ക് പ്രപഞ്ചവുമായി ഒരു ബന്ധവുമില്ല. മണ്ണിൽ ചവിട്ടി നടക്കാൻ പോലും ആരും അവരെ പഠിപ്പിച്ചിട്ടില്ല. ആ രീതി മാറ്റണം.

അഞ്ച്: അഴുക്കു കൂമ്പാരങ്ങൾ ഇടാനുള്ള ഒരു സ്ഥലമല്ല ഈ ലോകം. ഈ ലോകം ഒരു വാടക വീടാണ്. ഇവിടെ എത്തിച്ചേർന്ന നമ്മൾ പരദേശികളാണ്. ഇവിടെ താമസിക്കുന്നതിനു നമ്മൾ കൊടുക്കുന്ന വാടക ഈ പ്രപഞ്ചത്തോട് കാണിക്കുന്ന സ്നേഹവും കരുതലും തന്നെയാണ്. സുന്ദരമാക്കി നമ്മുടെ ഇടങ്ങളെ മാറ്റുക നമ്മുടെ കടമയാണ്.

ഒരു പരിസ്ഥിതി ആത്മീയത നാം വളർത്തിയെടുക്കണം.

ചോദ്യങ്ങൾ

1.നമ്മൾ പ്രപഞ്ചത്തിൽ നിന്നും ഏറെ അകന്നു പോകുന്നുണ്ടോ?

2.പൊതുനിരത്തു വൃത്തികേടാക്കുന്ന രീതി നമുക്കുണ്ടോ?

3.വേസ്റ്റ് റീ യൂസ് ചെയ്യുന്ന രീതികൾ പങ്കുവയ്ക്കുക

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004